# വഖ്ഫെ നൗ പദ്ധതിയും
# നമ്മുടെ
# ഉത്തരവാദിത്തങ്ങളും.

Waqf-e-nou Padhadiyum
Nammude Utharavadithyathangalum
(Malayalam)

Translated :
Mohammad Najeeb Khan, Vazhakkala

Cover Design :
Bushra Najeeb khan

Lay out :

Printed at:

Published by :

Distributors by :

Copies:

I[st] Edition :

Price:-

بسم الله الرحمن الرحيم

# വഖ്ഫെ നൗ പദ്ധതിയും നമ്മുടെ ഉത്തരവാദിത്തങ്ങളും

*ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ്*
*നാലാമന്‍(റഹ്)യുടെയും,*
*ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ്*
*അയ്യദഹുല്ലാഹുതആല*
*ബിനസ്വ്‌രിഹില്‍ അസീസിന്റെയും വിവിധ*
*ഖുത്തുബകളില്‍ നിന്നുള്ള ഭാഗങ്ങള്‍.*


*വിവര്‍ത്തനം*
*മുഹമ്മദ് നജീബ് ഖാന്‍ വാഴക്കാല*



**പ്രസാധകര്‍**

# പ്രസാധകുറിപ്പ്

ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ പ്രവചനപ്രകാരം മുസ്‌ലിംകൾ കക്ഷി പ്രതി കക്ഷികളായി തീരുകയും ഇസ്‌ലാമിന്റെ ആത്മീയപ്രഭയ്ക്ക് മങ്ങലേൽക്കുകയും ചെയ്തപ്പോൾ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഇസ്‌ലാമിന്റെ പുനരുജ്ജിവനത്തിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) അവതരിച്ചുകൊണ്ട് 1889 ൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന് അടിത്തറ പാകുകയുണ്ടായി. വാഗ്ദത്ത മഹ്ദി മസീഹ്(അ)ന്റെ വിയോഗത്തിനു ശേഷം വിവിധതരത്തിലുള്ള എതിർപ്പുകളെയും പ്രതിസന്ധികളെയും തരണം ചെയ്തു കൊണ്ട് ഈ ഇസ്‌ലാമിക നൗക അതിന്റെ ലക്ഷ്യസ്ഥാനത്തേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ ലക്ഷ്യപ്രാപ്തിക്കു വേണ്ടി ഖലീഫവര്യൻമാർ അല്ലാഹുവിന്റെ ഇംഗിതപ്രകാരം കാലോചിതമായി നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന പല പദ്ധതികളിൽ ഒരു പദ്ധതിയാണ് **വഖ്ഫെ നൗ പദ്ധതി.** അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് അതിന്റെ ആദ്യ നൂറ്റാണ്ട് വളരെ വിജയകരമായി പൂർത്തീകരിച്ചുകൊണ്ട് അടുത്ത നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന അനുഗ്രഹീതമായ നൂറ്റണ്ടുകളുടെ ആ സംഗമ മുഹൂർത്തത്തിലാണ് ഈ പദ്ധതി വിളംബരം ചെയ്യപ്പെട്ടത്. വരും നൂറ്റാണ്ടിൽ, ജമാഅത്തിന്റെ മേൽ വന്ന് ഭവിക്കാൻ പോകുന്ന ഭാരിച്ച ഉത്തരവാദിത്തങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് അതിനെ പൂർത്തീകരിക്കുന്നതിനു വേണ്ടി അല്ലാഹുവിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം 1987 ഏപ്രിൽ 3-ാം തീയ്യതി ജമാഅത്തംഗങ്ങളുടെ മുമ്പാകെ നാലാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്)ആണ് ഈ പദ്ധതി വിളംബരപ്പെടുത്തിയത്. ഈ പദ്ധതിക്ക് **തഹ്‌രീക്കെ വഖ്ഫെ നൗ** എന്ന് നാമകരണം ചെയ്യുകയുണ്ടായി. ഈ പദ്ധതി പ്രകാരം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭാവിയിൽ ആർക്കൊക്കെ സന്താനങ്ങൾ ഉണ്ടാകുന്നുവോ അവർ അവരെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഖ്ഫ് ചെയ്യുക. അതായത്, മാതാപിതാക്കളും ജമാഅത്ത് സംവിധാനവും ഒരുമിച്ച് അവരെ നല്ല ശിക്ഷണവും പരിചരണവും നൽകി വളർത്തി, വരുന്ന നൂറ്റാണ്ടിലെ ഭാരിച്ച ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ കെൽപ്പുള്ള ശക്തരായ ത്യാഗമനോഭാവികളായ ഒരു തലമുറയെ വാർത്തെടുത്തു കൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ വിനയത്തോടും ആത്മാർത്ഥതയോടും കൂടി സമർപ്പിക്കുയെന്നതാണ്. ഹുസൂറിന്റെ ഈ ആഹ്വാനത്തിന് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ആത്മാർത്ഥരായിട്ടുള്ള പല മാതാപിതാക്കളും തങ്ങളുടെ കുരുന്നുകളെ ഗർഭാവസ്ഥയിൽ തന്നെ അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കുകയുണ്ടായി. അല്ലാഹുവിന്റെ

അനുഗ്രഹത്താൽ ഇന്ന് ഇതിന്റെ ആദ്യ സംഘം നിറഞ്ഞ യൗവ്വനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഈ പദ്ധതി ഇന്ന് 25 വയസ്സ് പൂർത്തീകരിച്ചുകൊണ്ട് സിൽവർ ജൂബിലി ആഘോഷിക്കാൻ പോവുകയാണ്.

വരുന്ന നൂറ്റാണ്ടുകളിലെ ഉത്തരവാദിത്തങ്ങൾ സ്വയമേൽക്കാൻ ശക്തിയുള്ള ആത്മീയബോധമുള്ള ഒരു തലമുറക്ക് ആവശ്യമായ ശിക്ഷണ മുറകൾ, രീതികൾ നമ്മുടെ ഖലീഫമാർ നമുക്ക് സമയാസമയങ്ങളിൽ നൽകിവരുന്നുണ്ട്. അങ്ങനെയുള്ള ഉപദേശനിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങളാണ് നിങ്ങളുടെ കയ്യിലിരിക്കുന്ന ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) യുടെ ഖുത്തുബയുടെ പ്രസക്ത ഭാഗങ്ങളും, മാതാപിതാക്കൾക്കും, കുട്ടികൾക്കുമുള്ള നിർദ്ദേശങ്ങളും, അതുപോലെ തന്നെ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ അയ്യദഹുള്ളഹു തആല ബി നസ്വ്രിഹിൽ അസീസിന്റെ ഖുത്തുബകളും,നിർദ്ദേശങ്ങളും ആണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഇത് വഖ്ഫിന്റെ ജീവിതത്തിൽ നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും എന്നെന്നും ഒരു കൈത്തിരിയായിരിക്കുമെന്ന് പ്രത്യാശിക്കുകയാണ്. വഖ്ഫ് നൗ പദ്ധതികൊണ്ട് ഹുസൂർ തിരുമനസ്സ് എന്താണ് ആഗ്രഹിക്കുന്നത്, എന്ത് പ്രതീക്ഷയാണ് നമ്മളിൽ അർപ്പിച്ചിരിക്കുന്നത്, എന്നീ കാര്യങ്ങളെ പറ്റി ഇത് നമുക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. അതോടൊപ്പം തന്നെ നിലവിലുള്ള നമ്മുടെ നിലവാരത്തെ ഒന്ന് ആത്മപരിശോധന നടത്താനുള്ള അവസരവും ഇത് പ്രധാനം ചെയ്യുന്നു.

ഈ പുസ്തകം ലളിതമായ ഭാഷയിൽ ആശയം ചോർന്നു പോകാതെ തർജ്ജുമ ചെയ്തിട്ടുള്ളത് മുഹമ്മദ് നജീബ് ഖാൻ സാഹിബ് വാഴക്കാലയാണ്. ഇദ്ദേഹത്തിനും, ഈ പുസ്തകത്തിനു ഒരു ആമുഖം എഴുതി തന്ന നാസിർ സാഹിബ് തഅ്ലീം ജനാബ് ഷിറാസ് അഹ്മദ് സാഹിബിനും ഇതിന്റെ പേജുകൾ ക്രമീകരിക്കുന്ന കർമ്മം നിർവഹിച്ച സി.ശമീം സാഹിബിനും ഈ ഗ്രന്ഥം ഇതേ രീതിയിൽ ആയിത്തീരാൻ വേണ്ടി ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ അഭ്യുദയ കാംഷികൾക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെയെന്ന് ആത്മാർത്ഥമായി ദുആ ചെയ്യുന്നു.

കെ. മുഹമ്മദ് സഫറുള്ള,
ഖാദിയാൻ



ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്
ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്)

# തഹ്‌രീക്കെജദീദ്
# അഞ്ചുമൻ അഹ്മദിയ്യയുടെയും,
# വഖ്ഫെ നൗ കുട്ടികളുടെയും,
# മാതാപിതാക്കളുടേയും,
# വഖ്ഫെ നൗ പദ്ധതിയെ
# സംബന്ധിച്ചുള്ള
# ഉത്തരവാദിത്തങ്ങൾ.

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ്**
**റാബിഅ്(റഹ്)യുടെ**
**നിർദ്ദേശങ്ങൾ**

അഹ്മദിയ്യത്തിന്റെ രണ്ടാമത്തെ നൂററാണ്ടിനെ സ്വീകരിക്കുന്നതിനും, അതിൽ സംജാതമാവുന്ന ഭാരിച്ച ചുമതലകൾ നിറവേററുന്നതിനും, പുതിയ നൂററാണ്ടിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനും വേണ്ടി **1987 ഏപ്രിൽ 3-ാം** തീയതി ലണ്ടനിലെ മസ്ജിദ് ഫള്ലിൽ വെച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) വഖ്ഫെനൗ എന്ന അനുഗ്രഹീത പദ്ധതി വിളംബരപ്പെടുത്തുകയുണ്ടായി.

ഹുസൂർ പറയുന്നു, അടുത്ത രണ്ട് വർഷത്തിനുള്ളിൽ ആർക്കൊക്കെ സന്താനമുണ്ടാകുന്നുവോ അവർ അതിനെ അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നതിന് ജമാഅത്തംഗങ്ങളോട് ആഹ്വാനം ചെയ്യണ മെന്നതിലേക്ക് അല്ലാഹു എന്റെ ശ്രദ്ധയെ തിരിച്ചിരിക്കുകയാണ്. ഈ പദ്ധതിയിൽ മുമ്പ് ഭാഗമാകാൻ കഴിയാതിരുന്ന ചില ഗർഭിണികളായ മാതാക്കൾക്കും ഇപ്പോൾ ഈ പ്രതിജ്ഞ ചെയ്തുകൊണ്ട് ഇതിൽ ചേരാവുന്നതാണ്. എന്നാൽ, മാതാപിതാക്കൾ ഇരുവരും ചേർന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്.

സന്താനങ്ങളുടെ തർബിയ്യത്ത് കാര്യങ്ങളിൽ കപടതയില്ലാതെ ഒരേ രീതിയിൽ പ്രവർത്തിക്കുന്നതിനു വേണ്ടി ഇരുവരും ഒരുമിച്ച് ഈ കാര്യത്തിൽ ഏകാഭിപ്രായക്കാരായിക്കൊണ്ട് തീരുമാനം എടുക്കേണ്ടതാണ്.ചെറുപ്രായത്തിൽ തന്നെ ഇവർക്ക് ഉന്നതമായ തർബിയ്യത്ത് (ശിക്ഷണം) നൽകാനാരംഭിക്കേണ്ടതാണ്. ഉന്നതമായ തർബിയ്യത്തിനോടൊപ്പം തന്നെ, നിങ്ങൾ മഹത്തായ ഒരു ദൗത്യത്തിന് വേണ്ടി അതിശ്രേഷ്ഠമായ സമയത്ത് ജനിച്ചവരാണെന്നും, ഇസ്ലാമിന്റെ വിജയത്തിന്റെ ഒന്നാമത്തെ നൂററാണ്ട് ഇസ്ലാമിന്റെ വിജയത്തിന്റെ രണ്ടാമത്തെ നൂററാണ്ടുമായി സംഗമിക്കുന്ന ഈ സംഗമ മൂഹൂർത്തത്തിലാണ് നിങ്ങൾ ജന്മം കൊണ്ടിരിക്കുന്നതെന്നും, അല്ലാഹുവേ,ഇവരെ അടുത്ത തലമുറകൾക്ക് ശിക്ഷണം നല്കുന്ന വിശിഷ്ട യോദ്ധാക്കളാക്കണമേയെന്ന ഉദ്ദേശത്തോടും, ദുആയോടും കൂടിയാണ് ഞങ്ങൾ നിങ്ങളെ അല്ലാഹുവിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്നും, ചെറുപ്പത്തിൽ തന്നെ പറഞ്ഞ് കൊടുത്ത് അവരെ ഇതിലേക്ക് സന്നദ്ധരാക്കേണ്ടതാണ്. ഇങ്ങനെ പ്രാർത്ഥനാനിരതരായിക്കൊണ്ട് ഈ രണ്ട്

വർഷങ്ങളിൽ തങ്ങൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങളെ ജനങ്ങൾ വഖഫ് ചെയ്യുകയാണെങ്കിൽ, അതിസുന്ദരവും പ്രിയപ്പെട്ടതുമായ ഒരു തലമുറ നാം കണ്ടുകൊണ്ടിരിക്കെ നമ്മുടെ കൺമുമ്പാകെ അല്ലാഹുവിന്റെ പാതയിൽ ത്യാഗത്തിനുവേണ്ടി തയ്യാറാകുമെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

1989 ഫിബ്രവരി 10-ാം തീയതി ലണ്ടനിലെ ബൈത്തുൽ ഫള്ലിൽ വെച്ച് ചെയ്ത ജുമുഅ ഖുത്ബയിൽ ഹുസൂർ തിരുമനസ്സ് തന്റെ ആഗ്രഹം ഇപ്രകാരം പ്രകടിപ്പിക്കുകയുണ്ടായി.

**ചുരുങ്ങിയത് 5000 കുട്ടികളെ വരും നൂററാണ്ടിൽ വാഖിഫീനെ നൗ ആയിട്ട് അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കേണ്ടതാണ്.** കൂടാതെ ഹുസൂർ വഖ്ഫെ നൗവിന്റെ കാലാവധി അടുത്ത രണ്ട് വർഷത്തേക്ക് കൂടി നീട്ടുകയും ചെയ്തു. ഈ പ്രഖ്യാപനത്തോടൊപ്പം തഹ്‌രീക്കെ ജദീദിനും മാതാപിതാക്കൾക്കുമായി നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഹുസൂർ ഇങ്ങനെ പറഞ്ഞു. ഈ കുട്ടികളെ സംബന്ധിച്ച് ഞങ്ങൾ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് ചോദിച്ചു കൊണ്ട് മാതാപിതാക്കൾ എനിക്ക് കത്ത് എഴുതി ക്കൊണ്ടിരിക്കുന്നു. ഞാൻ വിവരിച്ചു പറഞ്ഞതുപോലെ ഇതിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. ഒന്ന്,ജമാഅത്ത് സംവിധാനം എന്തൊക്കെയാണ് ചെയ്യേണ്ടത്. രണ്ട്,കുട്ടികളുടെ മാതാപിതാക്കൾ എന്തൊക്കെയാണ് ചെയ്യേണ്ടത്.

**മാതാപിതാക്കൾക്കുവേണ്ടിയുള്ള ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.**

**1) മാതാപിതാക്കൾ കുട്ടികളെ സൂക്ഷ്മമായി നീരീക്ഷിക്കേണ്ടതാണ്.**

കുട്ടികളുടെ ആദ്യ സംഘത്തെ സന്നദ്ധരാക്കുന്നതിന് വേണ്ടി അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് ധാരാളം സമയം ലഭിക്കുന്നതാണ്. ഇവരുടെ പരിചരണത്തിൽ നിന്നും പരിരക്ഷണത്തിൽ നിന്നും നാം അശ്രദ്ധരാവുകയാണെങ്കിൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ കുററവാളികളായി തീരുന്നതാണ്. പിന്നെ ഇതെല്ലാം യാദൃശ്ചികമായി സംഭവിച്ചതാണെന്ന് ഒരിക്കലും പറയുക സാധ്യമല്ല. അതിനാൽ മാതാപിതാക്കൾ സ്വയമായി ഏററവും ആദ്യം

തന്നെ കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരിക്കേണ്ട താണ്. പ്രത്യേകിച്ച് ശ്രദ്ധ നൽകേണ്ട ചില ശിക്ഷണ കാര്യങ്ങളെ കുറിച്ച് ഞാൻ വിവരിക്കുന്നതാ ണ്. അതിന്റെ അടിസ്ഥാനത്തിൽ, കുട്ടിയുടെ മോശമായ സ്വഭാവം നിമിത്തം വഖ്ഫിൽ തുടർന്ന് പോകാൻ അവൻ അർഹനല്ലായെന്ന്(അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ) അവർ മനസിലാക്കുകയാണെങ്കിൽ, ഞാൻ ശുദ്ധമായ ഉദ്ദേശ്യത്തോടെയായിരുന്നു അല്ലാഹുവിന്റെ സന്നിധിയിൽ ഒരു ഉപഹാരം സമർപ്പിക്കാൻ ആഗ്രഹിച്ചത്. എന്നാൽ, നിർഭാഗ്യവശാൽ ഈ കുട്ടിയിൽ ഇന്ന ഇന്ന കുറവുകൾ ഉണ്ട്, ഇതൊക്കെയായിട്ടും ജമാഅത്ത് ഇവനെ സ്വികരിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ എനിക്ക് സമ്മതമാണ് അല്ലെങ്കിൽ ഈ വഖ്ഫ് നിർത്തലാക്കേണ്ടതാണ്, എന്ന് അല്ലാഹുവിനെ ഭയന്നുകൊണ്ടും സത്യസന്ധതയോടും കൂടി ജമാഅത്തിനെ അറിയിക്കേണ്ടതാണ്. അതിനാൽ ഈ വഖ്ഫെ നൗ കുട്ടികളുടെ തർബിയ്യത്ത്പരമായ കാര്യങ്ങൾ വളരെ ഗൗരവപരമായി തന്നെ ഇതേ രീതിയിൽ നാം മുന്നോട്ട് കൊണ്ട് പോകേണ്ടതാണ്.

**2) കുട്ടികളിൽ സൽസ്വഭാവങ്ങൾ വളർത്തിയെടുക്കുക**

വഖ്ഫെ നൗവിൽ അംഗമായിട്ടുള്ള ഓരോ കുട്ടിയിലും ചെറുപ്പത്തിൽ തന്നെ സത്യത്തിനോട് സ്നേഹവും കളവിനോട് വെറുപ്പും ഉണ്ടായിരിക്കേണ്ടതാണ്. ഈ വെറുപ്പ് മാതാവിന്റെ പാലിൽ നിന്ന് കിട്ടേണ്ടതാണ്. ഏതെങ്കിലും ഒരു വസ്തുവിൽ റേഡിയേഷൻ പ്രസരിക്കുന്നതുപ്പോലെ പരിപാലിക്കുന്ന പിതാവിന്റെ സഹവാസത്തിൽ നിന്ന് ഈ കുട്ടിയുടെ ഹൃദയത്തിൽ സത്യസന്ധത അലിഞ്ഞ് ചേരേണ്ടതാണ്.ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, മാതാപിതാക്കൾ പൂർവ്വാധികം സത്യസന്ധരായിതീരണമെന്നതാണ്. ജീവിതം വഖ്ഫ് ചെയ്തിട്ടുള്ള എല്ലാവരുടെയും മാതാപിതാക്കൾ ഏററവും ഉന്നത പദവിയിലുള്ള വിശ്വാസികൾക്ക് അനിവാര്യമായും ഉണ്ടായിരിക്കേണ്ട സത്യത്തിന്റെ ഉയർന്ന നിലവാരത്തിലായിരിക്കുകയില്ല നിലകൊള്ളുന്നത്. ആയതിനാൽ ഇനി മുതൽ ഈ കുട്ടികൾക്ക് വേണ്ടി, ഇവർ സ്വന്തം തർബിയ്യത്തിലേക്കും പ്രത്യേകമായി ശ്രദ്ധ ചെലുത്തേണ്ടതാണ്. അതുപോലെ തന്നെ വീടുകളിൽ ആദ്യത്തേക്കാളുപരി വളരെ ശ്രദ്ധയോടെ സംസാരിക്കുന്ന രീതികൾ സ്വായത്തമാക്കേണ്ടിവരും.

ഇനി മുതൽ അനാവശ്യമായിട്ടും തമാശക്കായിട്ടും കളവ് പറ യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.കാരണം അല്ലാ ഹുവിന്റെ ഈ പരിശുദ്ധമായ അമാനത്ത് ഇപ്പോൾ നിങ്ങളുടെ വീട്ടിൽ വളർന്നുകൊണ്ടി രിക്കുകയാണ്.

**ഖനാഅത്ത് (സംതൃപ്തി)**

ഖനാഅത്ത് അതായത് സംതൃപ്തിയെ കുറിച്ച് ഞാൻ പറ ഞ്ഞുവല്ലോ,ഇത് വാഖിഫീൻ കുട്ടികളുമായി വളരെ ബന്ധമുള്ള കാര്യമാണ്. ചെറുപ്പം മുതൽക്കെ സംതൃപ്തിയുള്ളവരാക്കിതീ ർക്കുക. അത്യാഗ്രഹത്തിനോടും അതിമോഹത്തിനോടും വൈ മുഖ്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്. മാതാപിതാക്കൾ തുടക്കം മുതൽക്കെ വിവേകത്തോടും യുക്തിയോടും കൂടി കുട്ടികൾക്ക് തർബിയ്യത്ത് നൽകുകയാണെങ്കിൽ അങ്ങനെയായിതീരുകയെ ന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമല്ല. ചുരുക്കത്തിൽ വിശ്വസ്ത തയു ടേയും സത്യസന്ധതയുടേയും ഏററവും ഉന്നതമായ സ്ഥാനത്ത് ഈ കുട്ടികളെ എത്തിക്കുകയെന്നത് അനിവാര്യമായ കാര്യമാ കുന്നു. കൂടാതെ, ചെറുപ്പത്തിൽത്തന്നെ ഈ കുട്ടികളുടെ സ്വഭാവ ത്തിൽ പ്രസന്നഭാവം ഉണ്ടാക്കിയെടുക്കേണ്ടതാണ്. കോപ പ്രകൃ തം വഖ്ഫിന്റെ കൂടെ തന്നെ ചേർന്ന് പോകുക സാധ്യമല്ല. ജീവി തം വഖ്ഫ് ചെയ്തിട്ടുള്ള പരുക്കൻ സ്വഭാവമുള്ളവർ എപ്പോഴും ജമാഅത്തിൽ പ്രശനങ്ങൾ സൃഷ്ടിക്കാറുണ്ട്. ചില സന്ദർഭ ങ്ങളിൽ സങ്കീർണ്ണമായ ഫിത്ത്നകൾ വരെ സൃഷ്ടിക്കാറുണ്ട്. അതിനാൽ വഖ്ഫ് ചെയ്ത കുട്ടികളിൽ സൽസ്വഭാവവും, സഹി ഷ്ണുതയും, അതായത് മററുള്ളവരുടെ കാര്യങ്ങളെ സഹിക്കുക എന്നിങ്ങനെ രണ്ട് സ്വഭാവഗുണങ്ങളും വഖ്ഫ് ചെയ്ത കുട്ടി കളിൽ ഉണ്ടാകേണ്ടത് ഏററവും അനിവാര്യമാണ്.

**ഫലിതം**

ഫലിതം അതായത് നർമ്മം നല്ലകാര്യം തന്നെയാണ്. എന്നാൽ നർമ്മത്തിൽ ഒരു പരിശുദ്ധി വേണം. നർമത്തിൽ പരിശുദ്ധി പല രീതിയിൽ നിലനിർത്താൻ സാധിക്കുന്നതാണ്. പക്ഷേ എന്റെ മനസ്സിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഉള്ളത്. ഒന്ന്, **മ്ലേച്ഛമായ(നിലവാരം കുറഞ്ഞ) ഫലിതങ്ങളിലൂടെ മററുള്ള വ രെ രസിപ്പിക്കുന്ന ശീലം ഉണ്ടായിരിക്കരുത്.** രണ്ടാമത്തേത് അതിൽ മനോരമ്യത ഉണ്ടായിരിക്കണം. ഫലിതത്തിന് ലത്വാ

ഫത്ത് എന്ന വാക്ക് നാം ഉപയോഗിക്കാറുണ്ട്. അതായത് ഫലിതത്തിന് ലത്വീഫ എന്ന് പറയുന്നു. ലത്വീഫ എന്നതിന്റെ ഉദ്ദേശ്യം തന്നെ വളരെ പരിശുദ്ധം എന്നാണ്. അതായത്,എല്ലാ തരത്തിലുള്ള ക്രൂരവും വൈരൂപ്യവുമായിട്ടുള്ള ഫലിതങ്ങൾ ലത്വീഫ എന്ന പദവുമായി യോജിക്കുന്നതല്ല. മറിച്ച് അത് മലിനവും അശുദ്ധവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

**ഗിനാ(സ്വയം പര്യാപ്തത)**

ഗിനാ അഥവാ സ്വയം പര്യാപ്തതയെ കുറിച്ച് ഞാൻ മുമ്പ് വിവരിച്ചുകഴിഞ്ഞിരിക്കുന്നു. ഗിനാ (സ്വയംപര്യാപ്തത) ഖനാഅത്ത് (ആത്മസംതൃപ്തി)ക്ക് ശേഷം വരുന്ന സ്ഥാനമാണ്. സ്വയം പര്യാപ്തതയുടെ ഫലമായി ഒരു ഭാഗത്ത് സമ്പന്നരോട് അസൂയ ഉണ്ടാകുന്നില്ല, മറുഭാഗത്ത് പാവങ്ങളോട് അനുകമ്പ തീർച്ചയായും ഉണ്ടാവുകയും ചെയ്യുന്നു. ഗിനകൊണ്ട് ഉദ്ദേശിക്കുന്നത് നിർധനരുടെ ആവശ്യങ്ങൾ അവഗണിക്കു കയെന്നല്ല, മറിച്ച് സ്വന്തം ആവശ്യങ്ങളെക്കാൾ മററുള്ളവരുടെ ആവശ്യങ്ങൾക്ക് വേണ്ടി സ്വയം പര്യാപ്തനാകുക എന്നതാണ്. ഇസ്ലാമിക വീക്ഷണത്തിലെ ഗിനാ അഥവാ സ്വയംപര്യാപ്തതക്ക് ഇങ്ങനെ പ്രത്യേകമായ ഒരു തലവും കൂടിയുണ്ട്,അതിനെ അവഗണിക്കാൻ ഒരിക്കലും പാടില്ലാത്തതാകുന്നു. **ആയതിനാൽ വഖ്ഫ് കുട്ടികൾ പാവപ്പെട്ടവരുടെ വിഷമങ്ങളെ ശ്രദ്ധിക്കാത്തവരും സമ്പന്നരുടെ സമ്പന്നതയെ ആശ്രയിച്ച് നിൽക്കാത്തവരും ആയിരിക്കണം**. ആരുടെയെങ്കിലും നല്ല അവസ്ഥ കാണുമ്പോൾ ഇവർക്ക് അസൂയ ഉണ്ടാകരുത്. എന്നാൽ, ആരെങ്കിലും വിഷമത്തിൽ അകപെട്ടുകാണുമ്പോൾ തീർച്ചയായും വിഷമം അനുഭവിക്കുകയും വേണം.

**3) നിശ്ചയദാർഢ്യം കരസ്ഥമാക്കാനുള്ള ശിക്ഷണം**

ആരംഭത്തിൽ തന്നെ ദേഷ്യത്തെ അടക്കിനിറുത്തുന്ന ശീലം സ്വായത്തമാക്കിയിട്ടുള്ള വാഖിഫീൻ കുട്ടികളെയാണ് നമുക്ക് വേണ്ടത്. അതുപോലെ തന്നെ ഇവർ തങ്ങളെക്കാൾ അറിവ് കുറഞ്ഞവരെ നിന്ദ്യതയോടെ നോക്കാത്തവരും, തങ്ങൾക്കെതിരായിട്ടുള്ള വാക്കുകൾ കേൾക്കുമ്പോൾ സഹിഷ്ണുതയുടെ മാതൃക കാട്ടാൻ കഴിവുള്ളവരും ആയിരിക്കണം. ഇവരോട് ആരെങ്കിലും എന്തെങ്കിലും കാര്യം ചോദിച്ചാൽ ഉടനെ തന്നെ

മറുപടി പറയാതെ നല്ലവണ്ണം ചിന്തിച്ച് മറുപടി പറയുക എന്നുള്ള തും സഹിഷ്ണുതയുടെ ഒരു മാതൃകയാണ്. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും ഇവരുടെ പ്രകൃതത്തിലും സ്വഭാവശീലത്തി ലും കുട്ടിക്കാലം മുതൽക്കെ തന്നെ രൂഢമൂലമാക്കേണ്ടതാണ്. കുട്ടിക്കാലം മുതൽക്കെ ഈ സ്വഭാവശീലങ്ങൾ രൂഢമൂലമാകുന്നി ല്ലായെങ്കിൽ ചിലപ്പോൾ ഒരാൾ പ്രായമായതിനുശേഷം വിജ്ഞാ നത്തിന്റെ ഏറ്റവും ഉയർന്ന നിലവാരത്തിലെത്തിയാലും പൊതു വായിട്ടുള്ള ഈ ചെറിയ ചെറിയ കാര്യങ്ങളെ പ്രാവർത്തികമാ ക്കാൻ കഴിയാതെ വരുന്നു.

അറിവുള്ള കാര്യങ്ങൾ മാത്രം സംസാരിക്കുകയും നിഗമന ങ്ങളെ നിഗമനങ്ങളായി തന്നെ വിശദീകരിക്കുകയും ചെയ്യുന്ന ശീലം ചെറുപ്പത്തിൽ തന്നെ വളർത്തിയെടുക്കേണ്ടതാണ്. ഈ സ്വഭാവങ്ങൾ ചെറുപ്പത്തിൽ തന്നെ നിങ്ങൾ ശീലമാക്കിയിട്ടില്ലാ യെങ്കിൽ പിന്നെ വലിയ പ്രായത്തിൽ വീണ്ടും ഇവ സ്വായത്ത മാക്കുകയെന്നത് വലിയ വിഷമം പിടിച്ച ഒരു ജോലിയായി ത്തീരുന്നു. എന്തു കൊണ്ടെന്നാൽ ഇത്തരം കാര്യങ്ങൾ മനുഷ്യൻ ചിന്തിക്കാതെ പറയുന്നു എന്നതാണ്. വായിൽ നിന്ന് സ്വയം ഒരു കാര്യം അനിയന്ത്രിതമായി പുറപ്പെടുക എന്നതാണ് ശീലം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ അശ്രദ്ധപരമായ കാര്യങ്ങൾ മനു ഷ്യനെ ചില സന്ദർഭങ്ങളിൽ വ്യാജത്തിലേക്ക് കൊണ്ട് പോ കുന്നു. അങ്ങനെ വളരെ വിഷമകരമായ ഒരു അവസ്ഥ സംജാത മാക്കുന്നു.

### 4) ധനപരമായ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനുള്ള അദ്ധ്യാപനം

വഖ്ഫ് കുട്ടികളിൽ സാമാന്യ വിദ്യാഭ്യാസത്തിന്റെ പരിധി വിപു ലീകരിക്കുന്നതിന് വേണ്ടി അവരിൽ ടൈപ്റൈററിഗ് പഠിക്കാൻ കഴിയുന്നവരെ അത് പഠിപ്പിക്കേണ്ടതാണ്. അക്കൗണ്ടിങ്ങിൽ (കണക്കെഴുത്തിൽ) പ്രത്യേകപരിശീലനം നൽകേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, സത്യസന്ധതക്ക് അത്യധികം പ്രാധാ ന്യം നൽകേണ്ടതാണ്. വഖഫ് കുട്ടികളിൽ സാമ്പത്തിക വഞ്ചന എന്ന ന്യൂനത ഉണ്ടെങ്കിൽ അത് വളരെ ഭയാനകമായി തീരുന്ന തും, ചില സന്ദർഭങ്ങളിൽ അത് അപകടകരമായ പല തിക്ത ഫലങ്ങളും ഉളവാക്കുന്നതുമാണ്. തികച്ചും ഐച്ഛീക ചന്ദ:കളാൽ

പ്രവർത്തിക്കുന്ന ജമാഅത്തുകളിൽ സത്യസന്ധതക്ക് നാം നമ്മുടെ ജീവനാഡിയെ സംരക്ഷിക്കുന്നതുപ്പോലെയുള്ള പ്രാധാന്യം ഉണ്ട്. അഹ്മദിയ്യ ജമാഅത്തിൽ നിലവിലുള്ള സകല സാമ്പത്തിക വ്യവസ്ഥിതികളും പ്രവർത്തിച്ചുവരുന്നത് പരസ്പര വിശ്വാസത്തിലും സത്യസന്ധതയിലും ആണ്. സാമ്പത്തിക വിഭാഗത്തിൽ ജോലി ചെയ്യുന്നവരും,വാഖിഫീങ്ങളും, വിശ്വസ്തരല്ലായെന്ന് ജമാഅത്തിനുള്ളിൽ ഒരു തോന്നലുദിച്ചുകഴിഞ്ഞാൽ - അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ- ജമാഅത്തിലുള്ളവരുടെ ചന്ദ കൊടുക്കാനുള്ള സന്മസിനെ(തൗഫീഖിനെ) വധിക്കുന്നതിനു തുല്യമായിരി ക്കും....................... കണക്കിലെ കൂട്ടലും കിഴിക്കലും അറിയാത്ത ഒരാളുടെ കീഴിൽ ചിലപ്പോൾ വഞ്ചനാത്മകപരമായ പ്രവർത്തികൾ ഉണ്ടായേക്കാം. അത് ചിലപ്പോൾ അയാൾക്കെതിരെ ആരോപണങ്ങൾക്ക് ഇടവരുത്തുന്നു. എന്നാൽ പിന്നീട് അന്വേഷണങ്ങൾക്ക് ശേഷം അയാൾ കുററ വിമുക്തനാവുമെങ്കിലും ചില സന്ദർഭങ്ങളിൽ ഈ പ്രശ്നം കുഴഞ്ഞ് മറിഞ്ഞ് തന്നെ കിടക്കുകയും, ഇയാൾ വിശ്വസ്ഥനായിരുന്നുവോ അല്ലയോ എന്ന സംശയം ബാക്കി നിലനിൽക്കുകയും ചെയ്യുന്നു. ആയതിനാൽ എല്ലാ വാഖിഫീങ്ങൾക്കും തുടക്കത്തിൽ തന്നെ അക്കൗണ്ടിങ്ങിൽ (ഗണിതത്തിൽ) പരിശീലനം നൽകേണ്ടത് അനിവാര്യമാണ്. ഇവർക്ക് ഗണിതത്തിൽ നല്ല പ്രാപ്തി ഉണ്ടാകുന്നതിനും സാമ്പത്തികപരമായ കണക്കുകൾ എങ്ങനെയാണ് തയ്യാറാക്കേണ്ടതെന്ന് ചെറുപ്പത്തിൽ തന്നെ പരിശീലനം നൽകുന്നതിനും വേണ്ടിയാണ് ഞാൻ ഈ കാര്യങ്ങളൊക്കെ വിശദീകരിച്ചത്.

### 5) അബദ്ധങ്ങളിൽ വീഴാതിരിക്കാൻ ചില അനിവാര്യമായ മുൻകരുതലുകൾ

ഇതിനെല്ലാം പുറമെ വാഖിഫീങ്ങളെ കഠിന പ്രയത്നരാക്കുന്നതിനും ചെറുപ്പത്തിൽ തന്നെ ജമാഅത്തീ വ്യവസ്ഥതിയെ അനുസരിക്കുന്ന ശീലമുള്ളവരാക്കാനും, അത്ഫാലുൽ അഹ്മദിയ്യയുമായും, നാസിറാത്തുൽ അഹ്മദിയ്യയുമായും, ഖുദ്ദാമുൽ അഹ്മദിയ്യയുമായും ബന്ധപ്പെട്ട് നിൽക്കുന്നവരുമാക്കി തീർക്കേണ്ടതും അനിവാര്യമാകുന്നു. അൻസാറുള്ളായുടെ ഉത്തരവാദിത്തം പിന്നീടാണ് വരുന്നത്. എന്നാൽ പതിനഞ്ച് വയസ്സ് വരെയും അതു

പോലെ ഖുദ്ദാമുൽ അഹ്ദിയ്യയുടെ പരിധിയിൽ വരെയും നിങ്ങ ൾക്ക് പരിശീലനം(തർബിയ്യത്ത്) നൽകാൻ സാധിക്കുന്നതാണ്. ഖുദ്ദാമുൽ അഹ്മദിയ്യയുടെ പരിധിയിൽ തർബിയ്യത്ത് നേടി കഴി ഞ്ഞാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് അൻസാറു ള്ളായിൽ പോയതിന് ശേഷം വഴി തെററിപോവുകയെന്നത് അപൂർവ്വമായിട്ട് മാത്രമേ സംഭവിക്കുകയുള്ളു.....................

ജമാഅത്ത് വ്യവസ്ഥിതിക്ക് കുറച്ചിലുണ്ടാകുന്ന തരത്തിലും, ഏതെങ്കിലും ഭാരവാഹിക്കെതിരിൽ നീരസം ഉണ്ടാകുന്ന തര ത്തിലും, ഒരു കാര്യവും സ്വന്തം വീടുകളിൽ നിങ്ങൾ ഒരിക്കലും സംസാരിക്കരുത്. ആ പരാതികൾ എത്ര തന്നെ സത്യമാണെ ങ്കിലും ശരി അതെല്ലാം നിങ്ങൾ നിങ്ങളുടെ വീടുകളിൽ വിളം ബരപ്പെടുത്തുകയാണെങ്കിൽ അതിൽ നിന്ന് നിങ്ങളുടെ സന്താ നങ്ങൾക്ക് എന്നെന്നേക്കുമായി മുറിവേൽക്കുന്നതാണ്. പരാതി പറഞ്ഞതിന് ശേഷം നിങ്ങൾക്ക് നിങ്ങളുടെ ഈമാൻ സംര ക്ഷിക്കാൻ കഴിയുന്നതാണ്. എന്നാൽ നിങ്ങളുടെ കുട്ടികൾ വളരെ യധികം വേദന അനുഭവിക്കുന്നതാണ്..................

അതുകൊണ്ട് ജമാഅത്തിനെതിരെ നിരൂപണങ്ങൾ നടത്തു ന്നതിൽ യാതൊരുവിധ സൂക്ഷ്മതയും കൈക്കൊ ള്ളാത്തവ രുടെ സന്താനങ്ങൾക്ക് ചുരിങ്ങിയ പക്ഷം ക്ഷതമേൽക്കുകയോ അല്ലെങ്കിൽ ചിലർ എന്നെന്നേക്കുമായി നഷ്ടപ്പെട്ട് പോവു കയോ ചെയ്യുന്നു.

## 6)അടുത്ത നൂറ്റാണ്ടിനു വേണ്ടി ശക്തമായ നേതൃത്വ പാടവം ഉള്ളവരാക്കി തീർക്കുന്നതിനുള്ള പരിശീലനം

ഒരു നല്ല നേതാവാകുന്നതിനു വേണ്ടി എല്ലാ തരത്തിലുള്ള അവസ്ഥകളെയും അഭിമുഖീകരിക്കാനുള്ള കഴിവ് അവനിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. സകല വിഷമങ്ങളേയും പരീക്ഷണങ്ങളേയും സഹനതയോടെ അതിജീവിക്കേണ്ടതാണ്. നിങ്ങൾ സ്വയം മർദ്ദിതനാണെന്ന് മനസിലാക്കിയാൽപ്പോലും നിങ്ങൾ മററുള്ളവരോട് ആവലാതിപ്പെടരുത്. പരാതിപ്പെടു ന്നതുകൊണ്ട് മററുള്ളവർക്കും ജമാഅത്തി വ്യവസ്ഥിതിക്കും നഷ്ടമുണ്ടാക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഇതു സംബന്ധ മായി ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) പറയുന്നു.

താൻ തന്ത്രപൂർവ്വം നല്ലവണ്ണം പകരം വീട്ടിയെന്ന് ഒരാൾ

ചിന്തിക്കുന്നു, തഹ്‌രീക്ക് ജദീദ് ഓഫീസ് എന്നോട് ഇപ്രകാരം ചെയ്തപ്പോൾ ഞാൻ അവർക്ക് ഇപ്രകാരം ഞാൻ മറുപടി കൊടുത്തു. ഇപ്പോൾ നോക്ക് എന്റെ പിന്നിൽ എത്ര പേരുണ്ടെന്ന്. എന്നാൽ അയാൾ ചിന്തിക്കുന്നില്ല അവർ അയാളുടെ കൂടെയല്ല, മറിച്ച് ശൈത്താന്റെ കൂടെയായിരുന്നുവെന്ന്.അയാൾ മുത്തഖീങ്ങളുടെ ഇമാം (നേതാവ്) ആകുന്നതിന് പകരം മുനാഫിഖീങ്ങളുടെ (കപടവിശ്വാസികളുടെ)നേതാവായിരിക്കുകയാണ്. തന്നെ സ്വയം നശിപ്പിക്കുന്നതോടൊപ്പം തന്റെ കൂടെയുള്ളവരെയും നശിപ്പിക്കുന്നു. വരും നൂററാണ്ടിന്റെ ശക്തമായ നേതൃത്വപാടവം ഉള്ളവരായി തീരുന്നതിന് വേണ്ടി ചെറുപ്പത്തിൽ തന്നെ വഖ്ഫെ നൗ കുട്ടികൾക്ക് അസാധാരണമായ ഫലം ഉളവാക്കുന്ന ഈ ചെറിയ ചെറിയ കാര്യങ്ങളെ കുറിച്ച് മനസിലാക്കി കൊടുക്കുകയും വളരെ സ്നേഹത്തോടെ ഇവർക്ക് തർബിയ്യത്ത് (ശിക്ഷണം) നൽകുകയും ചെയ്യേണ്ടതാണ്.

### 7) വഖ്ഫ് ചെയ്ത കുട്ടികളിൽ ആത്മാർത്ഥതയും, കൂറും ഉണ്ടാക്കിയെടുക്കുക

ആത്മാർത്ഥതയുടെ ആവശ്യകതയെ കുറിച്ച് വാഖിഫീൻ കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതാണ്. **ആത്മാർത്ഥതക്ക് വഖ്ഫ് ജീവിതവുമായി അഗാധമായ ബന്ധമുണ്ട്. അവസാനശ്വാസം വരെ തന്റെ വഖ്ഫിൽ കൂറോടുകൂടി ഉറച്ച് നിൽക്കാതെ അത് വിട്ട്പോകുന്ന ഒരു വാഖിഫെ സിന്ദഗിക്ക് (ജീവിതം വഖ്ഫ് ചെയ്ത ആൾക്ക്) ജമാഅത്ത് ശിക്ഷ നൽകിയാലും ഇല്ലെങ്കിലും അയാൾ തന്റെ ആത്മാവിന് മേൽ വഞ്ചകനെന്ന കളങ്കം ചാർത്തുകയാണ് ചെയ്യുന്നത്.** തീർച്ചയായും അത് ഒരു വലിയ കളങ്കം തന്നെയാണ്. അതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ സന്താനങ്ങളെ വഖ്ഫ് ചെയ്യാനുള്ള നിങ്ങളുടെ തീരുമാനം അത്യധികം വലിയ ഒരു തീരുമാനം തന്നെയാണ്. ഈ തീരുമാനത്തിന്റെ ഫലമായി നിങ്ങളുടെ സന്താനങ്ങൾ ഒന്നുകിൽ ശ്രേഷ്ഠരായ ഔലിയാക്കളായി തീരുന്നതാണ്. അല്ലെങ്കിൽ പിന്നെ സാധാരണ നിലവാരത്തിൽ നിന്നും താഴെപോകുകയും അങ്ങനെ അവർക്ക് ഭാരിച്ച നഷ്ടം സംഭവിക്കാനും സാധ്യതയുണ്ട്. **ചില കുട്ടികൾ തന്ത്രങ്ങളും വികൃതികളും കാട്ടുന്നവരാണ്. ഈ തന്ത്രപ്രയോഗങ്ങളെല്ലാം അവരുടെ ശീലമായിതീർന്നിട്ടുമു**

**ണ്ടാവും.** അങ്ങനെ അവർ മതകാര്യങ്ങളിലും ഈ തന്ത്രങ്ങളും, വികൃതികളും പ്രയോഗിക്കുന്നു. തദ്ഫലമായി ചില സന്ദർഭങ്ങളിൽ ഈ തന്ത്രങ്ങളുടെ കാഠിന്യം അവരുടെ ആത്മാവിനെ തന്നെ നശിപ്പിച്ചുകളയുകയും ചെയ്യുന്നു. അതിനാൽ വഖ്ഫ് എന്നത് വളരെ ഗൗരവപരമായ എടുക്കേണ്ട കാര്യമാണ്. ഞങ്ങൾ വളരെ ആത്മാർത്ഥതയോടെ അല്ലാഹുവിനോട് ചെയ്ത ഒരു കരാറാണ് ഇതെന്നും, ഇത് നിങ്ങൾക്ക് വഹിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്ക് തിരിച്ചുപോകുന്നതിനുള്ള അനുവാദം ഉണ്ടെന്നും വഖ്ഫ് കുട്ടികൾക്ക് പറഞ്ഞ് മനസിലാക്കികൊടുക്കേണ്ടതാണ്. ഈ കുട്ടികൾ പ്രായപൂർത്തിയിലെത്തുമ്പോൾ മറ്റൊരു കവാടം കൂടി വരുന്നുണ്ട്. അപ്പോൾ ജമാഅത്ത് നിങ്ങൾ വഖ്ഫിൽ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് ഒരിക്കൽ കൂടി അവരോട് ആരായുന്നതാണ് ....................

ഒരാൾ സകല വിധത്തിലുള്ള പ്രതിസന്ധിഘട്ടങ്ങളിലും, പിന്നോട്ട് തിരിഞ്ഞ് നോക്കാതെ ഇഴഞ്ഞിഴഞ്ഞു കൊണ്ട് അതേ മാർഗത്തിൽ മുന്നേറിക്കൊണ്ട് പരിപൂർണ്ണ കൂറോടും സ്നേഹത്തോടും കൂടി അവസാനശ്വാസംവരെ അതിൽ തന്നെ പിടിച്ചു നിൽക്കുന്നതിനെയാണ് യഥാർത്ഥ വഖ്ഫ് എന്ന് പറയുന്നത്. അങ്ങനെയുള്ള വഖ്ഫിന് വേണ്ടി ഭാവിതലമുറയെ തയ്യാറാക്കിയെടുക്കേണ്ടതാണ്. അല്ലാഹു നിങ്ങളുടെ കൂടെയുണ്ടാകട്ടെ.

### 8) തഖ്‌വ(ദൈവഭയം) ഉള്ളവരാക്കിതീർക്കുക

അടുത്ത 20 വർഷത്തിനുള്ളിൽ വഖ്ഫെ നൗ എന്ന ഈ സന്നദ്ധ സംഘത്തിനുമേൽ അത്യധികം ഭാരിച്ച ഉത്തരവാദിത്തങ്ങൾ വന്ന് പതിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, വഖ്ഫെ നൗവ്വിൽ ഭാഗവാക്കാകാൻ തൗഫീഖ് കിട്ടിയിട്ടുള്ള ജമാഅത്തിലെ ആ വിഭാഗത്തോട്, തഹ്‌രീക്കെ ജദീദിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് തങ്ങളുടെ കുട്ടികളെ തയ്യാറാക്കുന്നതിൽ മുമ്പത്തേക്കാളുപരി ഗൗരവമുള്ളവരായിതീരണമെന്ന് ഞാൻ ഉപദേശിക്കുകയാണ്. അല്ലാഹുവിന്റെ പാതയിൽ മഹത്തായ പ്രവർത്തികൾ ചെയ്യുന്നതിനു വേണ്ടി വളരെയധികം പരിശ്രമത്തോടെ വഖ്ഫെ നൗ കുട്ടികളെ തയ്യാറാക്കേണ്ടതാണ്.

ബലിയർപ്പിക്കുന്ന ആണാടുകളെക്കാൾ വളരെ ഉത്കൃഷ്ടരാണ് ഈ കുട്ടികൾ. ദൈവപാതയിൽ ഒരു ആണാടിനെയോ,

അല്ലെങ്കിൽ ഒരു പെണ്ണാടിനെയോ, ബലിനൽകുന്നവൻ എത്ര സ്നേഹത്തോടെയാണ് അതിന്റെ തയ്യാറെടുപ്പുകൾ നടത്തുന്നത്, അതിനേക്കാൾ അതീവ സ്നേഹത്തോടെയായിരിക്കണം ഇവരെ ഇവരുടെ മാതാപിതാക്കൾ അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പി ക്കേണ്ടത്. അവരുടെ അലങ്കാരം എന്താണ്? അത് തഖ് വയാകുന്നു. തഖ്വ കൊണ്ടാണ് ഇവർ അലങ്കരിക്കപ്പെടേണ്ടത്. അതിനാൽ ഈ വാഖീഫീനെ നൗ കുട്ടികളെ ചെറുപ്പത്തിൽ തന്നെ ദൈവഭക്തി (തഖ്വ)യുള്ളവരാക്കി വളർത്തുകയും അവരുടെ സഹവാസങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യേണ്ടത് മറ്റെല്ലാത്തിനെക്കാളും പ്രധാന്യ മുള്ള കാര്യമാകുന്നു.**അവരുടെ ഹൃദയങ്ങൾ ആത്മീയതയിൽ നിന്ന് ഭൗതീകതയിലേക്ക് ആകൃഷ്ടരായിത്തീരുന്ന തരത്തി ലുള്ള ഒരു പ്രവർത്തിയും അവരുടെ മുമ്പിൽ വെച്ച് ചെയ്യരുത്.**

ഏറ്റവും പ്രിയങ്കരമായ ഒരു വസ്തു അതിമഹത്തായ ഒരു ഉദ്ദേശ്യത്തിനായി തയ്യാറാക്കിക്കൊണ്ടിരിക്കുന്നതുപ്പോലെ ഇവ രുടെ മേൽ സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇപ്രകാരം അവരുടെ ഹൃദയങ്ങളിൽ തഖ്വ(ഭയഭക്തി) നിറക്കുകയാണെ ങ്കിൽ പിന്നെ, ഒരു വസ്തു ഒരാളെ വിശ്വസിച്ച് ഏൽപ്പിക്കുന്നതു പ്പോലെ അവർ നിങ്ങളുടെ കരങ്ങളിൽ കിടന്ന് കളിക്കുന്നതിന് പകരം നേരിട്ട് അല്ലാഹുവിന്റെ കരങ്ങളിൽ കിടന്ന് കളിക്കാൻ തുടങ്ങുന്നതാണ്. തുടക്കത്തിൽ തന്നെ നിങ്ങൾക്ക് ഈ കുട്ടികളെ അല്ലാഹുവിൽ ഏൽപ്പിക്കാൻ കഴിയുന്ന ഒരു മാർഗമാണ് തഖ്വ. പിന്നെ മദ്ധ്യത്തിലുള്ള എല്ലാ ബന്ധങ്ങളും എല്ലാ സങ്കേതങ്ങളും അറ്റ് പോകുന്നു. സാധാരണ രീതിയിലുള്ള ഔപചാരികമായ ഒരു ബന്ധം തഹ്രീക്കെ ജദീദിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും ഇവർക്ക് ഉണ്ടാകുമെന്നത് ശരി തന്നെ, എന്നാൽ യഥാ ർത്ഥത്തിൽ നിങ്ങൾ ഈ കുട്ടികളെ ചെറുപ്പത്തിൽ തന്നെ അല്ലാഹുവിന്റെ മടി യിൽ ഏൽപ്പിക്കുകയാണെങ്കിൽ അല്ലാഹുതന്നെ ഇവരെ സംരക്ഷി ക്കുന്നതാണ്. ഇവരുടെ എല്ലാ ആവശ്യങ്ങളും അവൻ തന്നെ നിറവേറ്റുന്നതും, ഇവരെ പോററി വളർത്തുകയും ചെയ്യുന്നതാണ്.

### 9) മാതാപിതാക്കൾ തങ്ങളുടെ സ്വഭാവത്തിൽ പരിശുദ്ധിയാർജിക്കുക.

തർബിയ്യത്തിന്റെ കാര്യത്തിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേ ണ്ടതുണ്ട്,അതായത് മാതാപിതാക്കൾ വാക്കാൽ എത്ര തർബി

യ്യുത്ത് നൽകിയാലും അവരുടെ പ്രവർത്തികൾ അവരുടെ വാക്കുകൾക്ക് അനുസരിച്ചല്ലെങ്കിൽ കുട്ടികൾ ന്യൂനതയടങ്ങിയ ഭാഗത്തെ സ്വീകരിക്കുകയും ഗുണകരമായ ഭാഗത്തെ വിട്ട് കളയുകയും ചെയ്യുന്നു. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട്, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് ഈ വിഷയത്തെ വ്യക്തമായി മനസ്സിലാക്കിക്കൊണ്ട്, ഓർമ്മവെച്ച്കൊണ്ട് നിങ്ങളിൽ പരിശുദ്ധമായ ഒരു മാററം സംജാതമാക്കുക.നിങ്ങളുടെ പരിശുദ്ധമായ ഈ മാററം വരും തലമുറയുടെ സംസ്കരണത്തിനും അവരുടെ ആത്മീയാഭിവൃദ്ധിക്കുമുള്ള വളമായും ബൃഹത്തായ കെട്ടിടങ്ങൾ പടുത്തുയർത്തുവാൻ കഴിയുന്ന അടിത്തറകളായും പ്രവർത്തിക്കട്ടെ. അല്ലാഹു അതിന് നമ്മുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

(ഖുത്തുബ ജുമുഅ: 8-09-1989)

# വിദ്യാഭ്യാസം

വഖ്ഫെ നൗ കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹുസൂർ തിരുമനസ് പറഞ്ഞു.

**വിശുദ്ധ ഖുർആൻ പഠനം**

തുടക്കത്തിൽ തന്നെ ഈ കുട്ടികൾ ഖുർആന്റെ പഠനത്തിലേക്ക് സവിശേഷമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ കാര്യത്തിൽ ജമാഅത്ത് സംവിധാനവും ചില പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ആ സമയത്ത് മാതാപിതാക്കൾ ജമാഅത്ത് സംവിധാനവുമായി ബന്ധപ്പെടേണ്ടതാണ്. ഈ കുട്ടികൾ വിശുദ്ധ ഖുർആനും,മതപരമായ കാര്യങ്ങളും പഠിക്കാൻ പക്വമായ പ്രായമെത്തി കഴിഞ്ഞാൽ നല്ല നിലവാരത്തിൽ ഖുർആൻ പാരായണം പഠിക്കുന്നതിനെകുറിച്ചും പിന്നെ ഖുർആന്റെ ആന്തരീക ജ്ഞാനം എങ്ങനെ സ്വായത്തമാക്കാമെന്നും തങ്ങളുടെ പ്രാദേശിക സംവിധാനത്തിൽ നിന്നോ അല്ലെങ്കിൽ നേരിട്ട് കേന്ദ്രത്തിൽ നിന്നോ വിവരങ്ങൾ കരസ്ഥമാക്കാവുന്നതാണ്.

ഖുർആന്റെ ആശയം അറിഞ്ഞ് പാരായണം ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഇപ്രകാരം പറഞ്ഞു.

വാഖിഫീൻ കുട്ടികൾ താമസിക്കുന്ന വീടുകളിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് പ്രത്യേകം ശ്രദ്ധ നൽകേണ്ട

താണ്. അത് കുറച്ച് പഠിപ്പിക്കുകയാണെങ്കിലും ശരി അതിന്റെ അർത്ഥവും ആശയത്തോടൊപ്പം പഠിപ്പിക്കേണ്ടതാണ്. പാരായണം ചെയ്യുന്നത്ര ഭാഗം ആശയം അറിഞ്ഞ് പാരായണം ചെയ്യുന്ന ശീലം ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്. ദിനം പ്രതി പ്രഭാതത്തിലുള്ള ഖുർആൻ പാരായണം ഒരു പക്ഷേ അർത്ഥം അറിയാതെ തന്നെ ഒരു നീണ്ട കാലം ചെയ്യേണ്ടതായി വന്നേക്കാം, എന്നാൽ അതിനോടൊപ്പം അർത്ഥവും ആശയവും പഠിപ്പിക്കാനുള്ള ശ്രദ്ധ ചെലുത്തുന്ന പ്രവർത്തനങ്ങൾ നിരന്തരം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

നമസ്കാരത്തിലുള്ള കൃത്യനിഷ്ഠയും അതിലെ അനിവാര്യമായ കാര്യങ്ങളും ചെറുപ്പത്തിൽ തന്നെ പഠിപ്പിക്കേണ്ടതാണ്. അതും ജാമിഅയിൽ വന്നതിനു ശേഷം പഠിക്കേണ്ടകാര്യമല്ല. ഈ കാര്യങ്ങൾ വളരെ മുമ്പു തന്നെ വീടുകളിൽ മാതാപിതാക്കളുടെ തർബിയ്യത്തിൽ നിന്ന് കിട്ടേണ്ടതാണ്.

## വിദ്യാഭ്യാസപരിധി വിപുലീകരിക്കുന്നതിന്റെ ആവശ്യകത.

വിഭ്യാഭ്യാസ പരിധികൾ വിപുലീകരിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് ഇപ്രകാരം പറഞ്ഞു,

മതപരമായ പണ്ഢിതൻമാരിൽ പൊതുവായി കണ്ടുവരുന്ന ഒരു ന്യൂനത, മതപരമായ കാര്യങ്ങളിൽ അവർക്ക് ഗഹനമായ അറിവുണ്ടായിരിക്കും,എന്നാൽ മതപരമായ അറിവിന്റെ വൃത്തത്തിന് പുറത്ത് ഭൗതീകമായ അറിവ് അവർക്ക് തീരെ ഉണ്ടായിരിക്കുകയില്ല. അറിവിന്റെ ഈ കുറവ് കാരണം ഇസ്‌ലാമിന് ഗണ്യമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. മതങ്ങളുടെ അധ:പതനത്തിന് നിദാനമായിട്ടുള്ള കാരണങ്ങളിൽ ഒരു പ്രധാന കാരണം ഇതു തന്നെയാണ്. അതിനാൽ അഹ്മദിയ്യ ജമാഅത്ത് ഇതിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതാണ്. വിശാലമായ അടിത്തറയിൽ നില നിൽക്കുന്ന മതവിദ്യാഭ്യാസത്തിന് വഴിയൊരുക്കേണ്ടതാണ്. അതായത് ആദ്യം ഭൗതീക വിദ്യാഭ്യാസത്തിന്റെ വിശാലമായ അടിത്തറയുണ്ടാകണം. പിന്നെ അതിന്മേൽ മതവിജ്ഞാനം കൂട്ടി ചേർക്കുകയാണെങ്കിൽ അതിമനോഹരവും അനുഗൃഹീതവുമായ ഒരു പരിശുദ്ധ വൃക്ഷം വളർന്നു വരുന്നതാണ്. അതിനാൽ ഈ വഖ്ഫ് കുട്ടികളെ ചെറുപ്പത്തിൽ തന്നെ പൊതു വിജ്ഞാനം

(ജനറൽ നോളേജ്) പഠിപ്പിക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്. നിങ്ങൾ സ്വയം ശ്രദ്ധിക്കുകയാണെങ്കിൽ അവ രുടെ അറിവ് വർദ്ധിച്ചുകൊണ്ട് പോകുന്നതാണ്. അതായത് മാതാപിതാക്കൾ സവിശേഷമായ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് കുട്ടി കൾക്ക്വേണ്ടി മാസികകളും,പത്രങ്ങളും ഏർപ്പാടാക്കി കൊടു ക്കേണ്ടതാണ്. അറിവ് വർദ്ധിക്കുന്ന വിധത്തിലുള്ള പുസ്തകങ്ങൾ വായിക്കുന്ന ശീലവും ഉണ്ടാക്കിയെടുക്കേണ്ടതാണ്. സ്കൂളിൽ പോകാൻ തുടങ്ങിയാൽ സയൻസിനെ കുറിച്ചും അറിവ് കിട്ടുന്ന വിഷയങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്. പൊതുവായിട്ടുള്ള ആർട്ട്സ് വിഷയങ്ങൾ അതായത് സാമ്പത്തികശാസ്ത്രം, സാമു ഹികശാസ്ത്രം, തത്വശാസ്ത്രം, കണക്ക്, ബിസ്നസ്സ് മാനേജ്മെന്റ്, മന:ശാസ്ത്രം, മുതലായ വിഷയങ്ങളെ കുറിച്ചൊക്കെ അറിവ് അനിവാര്യമായും സ്വായത്തമാക്കേണ്ടതാണ്. അതുകൊണ്ട് ഇങ്ങനെയുള്ള കുട്ടികൾക്ക് പാഠ്യപുസ്തകങ്ങൾക്ക് പുറമെ മറ്റു പുസ്ത കങ്ങളും വായിക്കുന്ന ശീലം ഉണ്ടായിരിക്കേണ്ടതാണ്.

(ഖുതുബ ജുമുഅ: 10-2-1989)

## ഭാഷാ പഠനത്തിനുള്ള സംവിധാനം

വിവിധ ഭാഷാ പഠനത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു, ഭാവിയിൽ നമുക്ക് പ്രത്യേകമായി ആവശ്യമായി വരുന്ന ഭാഷകളിൽ അതീവ പ്രാധാന്യമുള്ള രണ്ട് ഭാഷകളാണ് ചൈനീ സും റഷ്യയും. അഹ്മദിയ്യ ജമാഅത്തിൽ സ്പാനിഷ്, ഫ്രഞ്ച് ഭാഷകളുടെ അഭാവമുണ്ട്.........ഇളം പ്രായത്തിൽ തന്നെ ഭാഷ പഠി ക്കാൻ കഴിഞ്ഞാൽ അത് ഏറ്റവും വളരെ ഉത്തമമാകുന്നു. അതി നായി ഒരു നേഴ്സിനെയോ ആയയേയോ കിട്ടുകയാണെങ്കിൽ വള രെ ഗുണകരമായിരിക്കും. ഇങ്ങനെ വെക്കാൻ കഴിയുന്നവർ വെക്കേ ണ്ടതാണ്. ഹുസൂർ പറഞ്ഞു, ഇസ്ലാമിന്റെ സന്ദേശം എത്തിച്ചു കൊടുക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അതിനാൽ എഴുതാനും സംസാരിക്കാനും വിവർത്തനം ചെയ്യാനും കഴിവുള്ള എല്ലാ തരത്തിലുള്ള ഭാഷാ പണ്ഡിതന്മാരെയും നമുക്ക് ആവശ്യമുണ്ട്..

## മൂന്ന് ഭാഷകൾ അനിവാര്യമായും പഠിക്കേണ്ടതാണ്

ഭാഷാ പഠനത്തെകുറിച്ച് ഹുസൂർ തിരുമനസ്സ് വിശദീകരിച്ച് പറഞ്ഞു, ഏത് ഭാഷക്ക് വേണ്ടിയാണോ ഇവരെ തയ്യാറാക്കുന്നത് ആ ഭാഷയിൽ മാത്രം പ്രാവണ്യം നേടിയാൽ പോരാ, മറിച്ച്

ഹദ്റത്ത് മസീഹ് മൗഊദ്(അ)മിന്റെ പുസ്തകങ്ങൾ ഉർദുഭാഷയിൽ തന്നെ വായിക്കുന്നതിന് വേണ്ടി ഉർദു ഭാഷ പഠിക്കേണ്ടത് അനിവാര്യമാണ്. അറബി ഭാഷക്ക്അടിസ്ഥാന പ്രാധാന്യം ഉണ്ട്. കാരണം ഖുർആനും നബി(സ)യുടെ ഹദീസുകളും അറബിയിലാണ്. അതിനാൽ അറബി ഭാഷയും പഠിക്കേണ്ടത് നിർബന്ധമാണ്. മൂന്ന് ഭാഷകൾ ചുരിങ്ങിയത് പഠിക്കേണ്ടവയാണ്. ഇതിനു പുറമെ എത്ര ഭാഷവേണമെങ്കിലും സ്വായത്തമാക്കാവുന്ന താണ്. എന്നാൽ ഈ മൂന്ന് ഭാഷകൾ തികച്ചും അനിവാര്യമാണ്. അതായത് ഉർദു, അറബി ഭാഷകൾ അനിവാര്യമാണ്. ഇതിന് പുറമെ ഏതെങ്കിലും മൂന്നാമതൊരു ഭാഷയും പഠിപ്പിക്കേണ്ടതാണ്. (ഖുതുബ ജുമുഅ: 8-9-1989)

## പെൺകുട്ടികളുടെ വിദ്യാഭ്യാസം

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ച് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

വഖ്ഫെ നൗ വിൽ സമർപ്പിച്ചിട്ടുള്ള ആത്മാർത്ഥരായിട്ടുള്ള മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള പെൺകുട്ടികളെ എന്താണ് പഠിപ്പിക്കേണ്ടത് എന്നതിനെ കുറിച്ച് ഞാൻ ഉപദേശിച്ചു കഴിഞ്ഞിട്ടുണ്ട്. ഇഷ്ടപ്പെടുന്ന ഏതു രംഗത്തും ആൺകുട്ടികളെപ്പോലെ എടുത്ത് ഇടാൻ കഴിയുന്ന സൗകര്യങ്ങൾ പെൺകുട്ടികൾക്ക് ലഭ്യമല്ല. അവരുടേതായ ചില സുരക്ഷിതത്വ കാരണങ്ങൾക്കൊണ്ടും ചില നിർബന്ധിത സാഹചര്യങ്ങളെ കണക്കിലെടുത്തുക്കൊണ്ടും വഖ്ഫ് ചെയ്ത ആൺകുട്ടികളെക്കൊണ്ട് ചെയ്യിക്കാൻ കഴിയുന്ന രീതിയിലുള്ള ജോലികൾ ഇവരെക്കൊണ്ട് നമുക്ക് ചെയ്യിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് അത്തരം പെൺകുട്ടികളെ അദ്ധ്യാപന രംഗത്തേക്ക് കൊണ്ട് വരാൻ ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു.മറ്റുള്ളവർക്ക് വിജ്ഞാനം പകർന്ന് നൽകുന്ന അദ്ധ്യാപന രംഗത്തേക്ക് വരേണ്ടതാണ്. അതായത് ബി എഡ്, എം.എഡ് പോലുള്ള കോഴ്സുകളിൽ ഇവരെ പ്രവേശിപ്പിക്കുക. ഇത് വലുതായിട്ട് ചെയ്യേണ്ടതാണെങ്കിലും ചെറുപ്പത്തിൽ തന്നെ ഇതേ രീതിയിൽ തർബിയ്യത്ത് നൽകേണ്ടതാണ്. പിന്നെ നമുക്ക് ധാരാളം ഡോക്ടർമാരെയും ആവശ്യമുണ്ട്. ഈ വനിത ഡോക്ടർമാർക്ക് അല്ലാഹു അനുഗ്രഹിച്ചാൽ വളരെയധികം സേവനങ്ങൾ ചെയ്യാൻ കഴിയുന്നതാണ്. അതിൽ അവർക്ക് നല്ല

രീതിയിൽ വ്യക്തിമുദ്ര പതിപ്പിക്കാനും കഴിയുന്നതാണ്. സ്ത്രീ കൾ ഡോക്ടറായിക്കൊണ്ട് ജീവിതം വഖ്ഫ് ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ നൗവിൽ ജനിച്ച പെൺകുട്ടികളെയും ഡോക്ടർമാർ ആക്കേണ്ടതാണ്.

ഭാഷാപഠനത്തിന്റെ പ്രാധാന്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് പറഞ്ഞു. ആൺകുട്ടികളെയും പഠിപ്പിക്കുക. എന്നാൽ പെൺകുട്ടികളെ പ്രത്യേകിച്ച് പഠിപ്പിക്കുക. കാരണം വൈജ്ഞാ നിക ജോലിയിൽ നമുക്ക് വഖ്ഫെനൗ പെൺകുട്ടികളെ ഒരുപാട് പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. അവർക്ക് പുറത്ത് പോകേണ്ടതായിട്ടു വരും, എന്നാൽ അവർക്ക് പുറത്ത് പോകാതെ സാഹിത്യപ്രവർത്തനങ്ങളിൽ ഭാഗവാക്കാകാൻ കഴിയുന്നതാണ്. ഭർത്താവിൽ നിന്ന് അകന്ന് നിൽക്കാതെ തന്നെ വീട്ടിലിരുന്ന് ഈ തരത്തിൽ എല്ലാ ജോലികളും ചെയ്യാവുന്നതാണ്. അതിനാൽ ഇങ്ങനെയുള്ള ജോലികൾ പഠിപ്പിക്കേണ്ടത് പ്രത്യേകിച്ചും നിർബന്ധമാണ്. (ഖുതുബ ജുമുഅ: 8-9-1989)

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ചും, വിവാഹത്തെ കുറിച്ചും, അവർ സ്വായത്തമാക്കേണ്ട സ്വഭാവങ്ങളെ കുറിച്ചും ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) പറയുന്നു.

വഖ്ഫെ നൗ പെൺകുട്ടികളെ കുറിച്ച് അവരുടെ മാതാപിതാ ക്കൾ നിരന്തരം, ഞങ്ങൾ അവരെ എന്താണാക്കി തീർക്കേണ്ട തെന്ന് ചോദിക്കാറുണ്ട്.? ആൺകുട്ടികൾക്ക് വേണ്ടി ഞാൻ പറ ഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പെൺകുട്ടികൾക്കും ബാധകമാണ്. എന്നാൽ ഇതിനു പുറമെ ഗാർഹീക കാര്യങ്ങളെ കുറിച്ച് ഉന്നത മായ ശിക്ഷണം നല്കേണ്ടത് വളരെ അനിവാര്യമാണ്. ഗാർഹീക വരവുചിലവ് കണക്കുകളും പഠിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കാരണം വാഖീഫീൻ പെൺകുട്ടികൾ വാഖിഫീൻ ആൺകുട്ടിക ളുമായി സമീപഭാവിയിൽ വിവാഹിതരാകുന്നതാണ്, അതായത് സമീപഭാവിയിൽ എന്ന് ഞാൻ പറയുമ്പോൾ അതിന്റെ വിവക്ഷ വാഖിഫീൻ പെൺകുട്ടികൾ വാഖിഫീൻ ആൺകുട്ടികളുമായി വിവാഹം കഴിക്കണമെന്നതായിരിക്കണം നിങ്ങളുടെ ഹൃദയാഭി ലാഷം എന്നാണ്. അല്ലെങ്കിൽ വഖ്ഫ് ചെയ്യാത്തവരുമായിട്ടുള്ള അവരുടെ ജീവിതം വിഷമകരമായിരിക്കും. ചില സന്ദർഭത്തിൽ സ്വഭാവത്തിലും വലിയ അന്തരം ഉണ്ടായിരിക്കും. വഖ്ഫ് ചെയ്ത

ഒരു പെൺകുട്ടിക്ക്, മതകാര്യങ്ങളിൽ താൽപര്യം കുറവുള്ള വഖ്ഫ് ചെയ്യാത്ത ഭർത്താവിന്റെ കൂടെ ജീവിക്കാൻ വിഷമമുണ്ടാകുന്നു. എന്നാൽ അവൾ സമ്പന്നനായ ഒരാളുടെ മകളാകുകയും, ഓമനിച്ച് അവളെ വളർത്തുകയും ഉയർന്ന നിലവാരമുള്ള ജീവിതമാണ് അവൾ നയിച്ചിട്ടുള്ളതുമെങ്കിൽ, ഏതുവരെ, ലളിതവും കാഠിന്യവുമായ ജീവിതം സഹിക്കാൻ സാധിക്കുന്നതിനും, ചെറിയ വരുമാനത്തിലും തൃപ്തിയോടെ മനുഷ്യന് ജീവിക്കാൻ കഴിയുമെന്ന കാര്യങ്ങളെ കുറിച്ച് തുടക്കത്തിൽ തന്നെ മാനസ്സികമായി തയ്യാറാക്കിയിട്ടുമില്ലെങ്കിൽ, വഖഫ് ചെയ്ത ആൺകുട്ടിയുമായി വിവാഹം കഴിക്കുന്നതിന്റെ ഫലമായും ചില പ്രശ്നങ്ങളും ഉടലെടുക്കാവുന്നതാണ്. ചെറിയ വരുമാനത്തിലും ഉചിതമായ രീതിയിൽ ജീവിക്കാൻ കഴിയുന്നതാണ്. ഇങ്ങനെയുള്ള പെൺകുട്ടികൾക്ക് ചെറുപ്പത്തിൽ തന്നെ ആവശ്യങ്ങൾ ഉന്നയിക്കുന്ന ശീലമുണ്ടാകുന്നതാണ്. അവൾ വഖ്ഫ് ചെയ്തവരുടെ വീട്ടിൽ ചെന്നാൽ അവിടെ അവർക്കും സ്വന്തമായും നരകമാക്കി തീർക്കുന്നതാകുന്നു. .....................

ജീവിതം വഖ്ഫ് ചെയ്തവരുടെ ഭാര്യമാരും, ജീവിതം വഖ്ഫ് ചെയ്തിട്ടുള്ള പെൺകുട്ടികളും, ആരിൽ നിന്നും അവരുടെ കഴിവിനുപരിയായി പ്രതീക്ഷിക്കുകയോ, ആവശ്യപ്പെടുകയോ ചെയ്യാത്ത സ്വഭാവശീലം സ്വായത്തമക്കേണ്ടത് അനിവാര്യമാണ്. ഉള്ളതിൽ തൃപ്തിയോടെ ജീവിക്കാൻ പഠിക്കുക.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ച് പറയുകയാണെങ്കിൽ മറ്റുള്ളവർക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള വിദ്യാഭ്യാസ പരിശീലനം അവർക്ക് നൽകേണ്ടതാണ്. Bachelor Degree in Education, എന്നാണ് അതിന് പറയുന്നത്. അതായത് അദ്ധ്യാപകരാകുന്നതിനുള്ള ട്രൈനിംഗ് നൽകേണ്ടതാണ്. പിന്നീട് അവരെ അദ്ധ്യാപകരാക്കിയാലും ഇല്ലെങ്കിലും ശരി അതവർക്ക് പ്രയോജനകരമാണ്. ഇതു പോലെ ലേഡി ഡോക്ടർമാരെയും സേവനത്തിനായി ജമാഅത്തിന് ആവശ്യമുണ്ട്. പിന്നെ കമ്പ്യൂട്ടർ സ്പെഷ്യലിസ്റ്റിനെ ആവശ്യമുണ്ട്. ടൈപിസ്റ്റിനെയും ആവശ്യമുണ്ട്. ഡോക്ടർ ഒഴികെ മറ്റെല്ലാ ജോലികളും സ്ത്രീ പുരുഷന്മാരുടെ ഇടപെടലുകൾ ഇല്ലാതെ വളരെ നല്ല രീതിയിൽ അവർക്ക് പൂർത്തീകരിക്കാവുന്നതാണ്. കൂടാതെ അവരെ ഭാഷാനൈപുണ്യം

ഉള്ളവരാക്കി തീർക്കേണ്ടതാണ്. ഇവർ ജമാഅത്തിന്റെ സാഹിത്യ രംഗത്ത് സേവനം ചെയ്യുന്നതിന് Literary വീക്ഷണത്തിലും സാഹിത്യവീക്ഷണത്തിലും ഉന്നതനിലയിൽ അറിവുള്ളവരാക്കി തീർക്കേണ്ടതാണ്. ഈ രീതിയിൽ നാം എല്ലാവരും വരുന്ന വാഖിഫീൻ തലമുറയെ പരിപാലിക്കുകയും പരിചരിക്കുകയും, ഇവരെ ഏറ്റവും നല്ല വാഖിഫീങ്ങളാക്കിതീർക്കുന്നതിനുവേണ്ടി നാം ഒന്നായി നിന്നു കൊണ്ട് വ്യക്തിപരമായും ജമാഅത്തിപര മായും പരിശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ, ജമാഅത്തിന്റെ ഈ നൂറ്റാണ്ടിലെ തലമുറ വരുന്ന നൂറ്റാണ്ടിന്റെ മേൽ ചെയ്യുന്ന ഈ ഔദാര്യത്തെ അവർ എന്നെന്നും നന്ദി രേഖപെടുത്തിക്കൊ ണ്ടും പ്രാർത്ഥനയോടും കൂടി സ്മരിക്കുന്നതാണെന്ന് എനിക്ക് ഉറച്ച പ്രതീക്ഷയുണ്ട്.. (ഖുതുബ ജുമുഅ: 17-2-1989)

## തഹ്‌രീക്കെ ജദീദിന്റെ ഉത്തരവാദിത്വങ്ങൾ

### വാഖിഫീൻ കുട്ടികൾക്ക് വേണ്ടി

**1)** വിവിധ ഭാഷകളിൽ പുസ്തകങ്ങൾ തയ്യാറാക്കുക.

**2)** വിശുദ്ധ ഖുർആനും അതിന്റെ അർത്ഥവും പഠിപ്പിക്കാനുള്ള സംവിധാനം.

**3)** വാഖിഫീൻ കുട്ടികളെ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുക. അവ രുടെ മാതാപിതാക്കളുമായി സമ്പർക്കം പുലർത്തുക.

*തഹ്‌രീക്കെ ജദീദ് മാതാപിതാക്കളോട് ചോദിക്കേണ്ടത്*

നിങ്ങൾ അല്ലാഹുവിനുവേണ്ടി അർപ്പിച്ചിരിക്കുന്ന കുട്ടിയുടെ അവസ്ഥ എന്താണ്?

അല്ലാഹുവിന്റെ ഈ അതിഥിയെ എങ്ങനെയാണ് നിങ്ങൾ പരിചരിക്കുന്നത്?

കുട്ടിയുടെ അവസ്ഥയെ കുറിച്ച്, ആരോഗ്യത്തെ കുറിച്ച്, സ്വഭാ വശീലങ്ങളെ കുറിച്ച്, പ്രവർത്തനങ്ങളെ കുറിച്ച് നിങ്ങൾ ചിന്തി ക്കുന്ന കാര്യങ്ങൾ ഞങ്ങളെ അറിയിച്ചു കൊണ്ടിരിക്കുക. ഈ കുട്ടികളെക്കൊണ്ട് ഇന്ന ഇന്ന ജോലികൾ ചെയ്യിക്കാവുന്നതാ ണെന്ന് അവർക്ക് നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

**4)** ഭാഷകൾ : കിഴക്കൻ യുറോപ്പും, പാശ്ചാത്യഭാഷകൾ സംസാ രിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾക്കും വേണ്ടി, ചൈന, കൊറിയ, വടക്കൻ കൊറിയ, വിയറ്റ്നാം മുതലായ രാജ്യങ്ങൾക്ക് വേണ്ടി,

പാശ്ചാത്യ ഭാഷകൾ സംസാരിക്കുന്ന നാടുകൾക്ക് വേണ്ടി ഇപ്പോൾ തന്നെ കുട്ടികളെ നിശ്ചയിക്കേണ്ടതാണ്. അവരുടെ വീക്ഷണത്തിൽ 10 മതിയെങ്കിൽ ഇരുപതോ മുപ്പതോ പേരെ തയ്യാറാക്കേണ്ടതാണ്. ഏതെല്ലാം രാജ്യങ്ങൾക്ക് എത്ര കുട്ടികൾ വീതം വേണമെന്ന് ലഭ്യമായ കണക്ക് വിവരം വെച്ചുകൊണ്ട് തിട്ടപെടുത്താവുന്നതാണ്. ഉദാഹരണമായി, പോളണ്ടിന് വേണ്ടിയാണ് കുറച്ചു കുട്ടികളെ തയ്യാറാക്കേണ്ടതെങ്കിൽ പോളീഷ് ഭാഷ പഠിക്കാൻ സൗകര്യമുള്ള നാടുകളിൽ നിന്ന് ആ വാഖിഫീൻ കുട്ടികളെ എടുക്കേണ്ടതാണ്. ജർമനിയിൽ നിന്നും കുട്ടികളെ എടുക്കാവുന്നതാണ്. ഇംഗ്ലണ്ടിലും പല ഭാഷകൾ പഠിക്കാനുള്ള സൗകര്യമുണ്ട്. അതുപോലെ വടക്കൻ യൂറോപ്പിലെ സ്കാൻഡിനേവിയയിലും ചില പ്രത്യേക ഭാഷകൾ പഠിക്കാനുള്ള സംവിധാനം ഉണ്ട്. ആൺകുട്ടികളെയും പെൺകുട്ടികളെയും നോക്കിക്കൊണ്ട് ഞങ്ങൾക്ക് ഇന്ന ഇന്ന രാജ്യങ്ങളിലേക്ക് വേണ്ടി പത്തോ, ഇരുപതോ, മുപ്പതോ വാഖിഫീനെ നൗ കുട്ടികളെ തയ്യാറാക്കേണ്ടതാണെന്ന് അതിൽ വിജ്ഞാന മേഖലയിൽ വീട്ടിലിരുന്ന് സേവനം ചെയ്യാൻ സാധിക്കുന്ന ഇത്ര പെൺകുട്ടികളെ പ്രത്യേക രീതിയിൽ തയ്യാറാക്കണമെന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത്ര ആൺകുട്ടികളെ ഈ രംഗങ്ങളിലേക്ക് സന്നദ്ധമാക്കി ഇറക്കേണ്ടതാണെന്നും തീരുമാനിക്കേണ്ടതാണ്. ഉർദു,അറബി,പഠിക്കാനുള്ള സംവിധാനം ഇല്ലെങ്കിൽ തഹ്‌രീക്കെ ജദീദ് ഈ രണ്ട് ഭാഷകളും പഠിപ്പിക്കുന്നതിന് വേണ്ടി വീഡിയോ കാസററ് തയ്യാറാക്കേണ്ടതാണ്. ജമാഅത്ത് പുസ്തകങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടും അതിൽ ഇസ്ലാമിക സാങ്കേതിക പദങ്ങൾ ഉപയോഗിച്ചുകൊണ്ടും എളുപ്പത്തിൽ വീഡിയോ കാസറ്റ് തയ്യാർ ചെയ്യാവുന്നതാണ്.

**5)** വാഖിഫീൻ കുട്ടികൾ പ്രായപൂർത്തി എത്തിക്കഴിഞ്ഞാൽ അവർ വഖ്ഫിൽ തന്നെ നിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് ആരായേണ്ടതാണ്.

**6)** അറിവ് വിശാലമാക്കുന്നതിന് വേണ്ടി മാതാപിതാക്കൾക്ക് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുക.

തഹ്‌രീക്ക് വഖ്ഫെ നൗ പദ്ധതി പ്രഖ്യാപിച്ചതിന് ശേഷം ഹുസൂർ തിരുമനസ്സ് സമയാസമയങ്ങളിൽ തന്റെ പ്രസംഗങ്ങളിൽ തഹ്‌രീക്കെ ജദീദിനും മാതാപിതാൾക്കും വഖ്ഫെ നൗ കുട്ടികളുടെ തഅ്

ലീം തർബിയ്യത്തിനും വേണ്ടി നൽകിയ നിർദ്ദേശങ്ങളുടെ ചുരുക്കം താഴെ കൊടുക്കുന്നു. കുട്ടികളുടെ തർബിയ്യത്തിന്റെ കാര്യത്തിൽ ഒരിക്കലും അശ്രദ്ധ കാണിക്കരുതെന്നും, തങ്ങളുടെ ഉള്ളിൽ പരിശുദ്ധിയും സത്യസന്ധതയും ഉണ്ടാക്കിയെടുക്കുന്നതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ വഖ്ഫ് കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കണമെന്നും അപേക്ഷിക്കുന്നു.

**1)** അല്ലാഹുവിനോടുള്ള സ്നേഹം ഉണ്ടാക്കിയെടുക്കുക.

**2)** ഖുർആനിക അദ്ധ്യാപനങ്ങളോട് സ്നേഹനിർഭരമായ താൽപര്യം ഉണ്ടാക്കിയെടുക്കുക.

**3)** നമസ്ക്കാരത്തിൽ അഭിരുചി ഉണ്ടാക്കിയെടുക്കുക.

**4)** എല്ലാ ദിവസവും ഖുർആൻ ഓതുന്ന ശീലം ഉണ്ടാക്കിയെടുക്കുക.

**5)** ദീനി അഭിമാനവും സ്നേഹവും ഉണ്ടാക്കിയെടുക്കുക.

**6)** ഖിലാഫത്തിനോട് സ്നേഹം ഉള്ളവരാക്കിയെടുക്കുക.

**7)** ജമാഅത്ത് വ്യവസ്ഥിതിയോട് അനുസരണത്തിന്റെ ആവേശം ഉള്ളവരാക്കിതീർക്കുക.

**8)** ജമാഅത്ത് വ്യവസ്ഥിതിയോടും ജമാഅത്തി ഭാരവാഹികളോടും ബഹുമാനം കാണിക്കുക.

**9)** പോഷക സംഘടനകളായ അത്ഫാലുൽ അഹ്മദിയ്യായുമായും, നാസിറാത്തുൽ അഹ്മദിയ്യായുമായും, ഖുദ്ദാമുൽ അഹ്മദിയ്യായുമായും ബന്ധം സ്ഥാപിക്കുക.

**10)** സത്യത്തിനോട് സ്നേഹമുള്ളവരാക്കിതീർക്കുക.

**11)** വ്യാജം അനിഷ്ടത്തോടെ വർജിക്കുക.

**12)** കോപത്തെ നിയന്ത്രിക്കുക.

**13)** സഹിഷ്ണുത ഉണ്ടാക്കിയെടുക്കുക.

**14)** ചിന്തിച്ച് മറുപടി പറയുന്ന ശീലം ഉണ്ടാക്കിയെടുക്കുക.

**15)** അറിവിനെ അറിവായിട്ടും നിഗമനങ്ങളെ നിഗമനങ്ങളായിട്ടും പ്രകടിപ്പിക്കുന്ന ശീലം ഉണ്ടാക്കിയെടുക്കുക.

**16)** നിശ്ചയദാർഢ്യവും ധൈര്യവും ഉണ്ടാക്കിയെടുക്കുക.

**17)** കഠിനപ്രയത്നരാക്കുക.

**18)** എല്ലാ വിഷമങ്ങളെയും, പരീക്ഷണങ്ങളെയും സഹനത്തോടെ നേരിടുന്ന ശീലം വളർത്തിക്കൊണ്ട് വരിക.

**19)** ദൈവഭയം (തഖ്വ) ഉണ്ടാക്കിയെടുക്കുക.

**20)** ആത്മസംതൃപ്തി ഉണ്ടാക്കിയെടുക്കുക.

**21)** സ്വയം പര്യാപ്തത ഉണ്ടാക്കിയെടുക്കുക.

**22)** വിശ്വസ്തത നിലനിർത്തുക.

**23)** സത്യസന്ധത നിലനിർത്തുക.

**24)** മുതിർന്നവരെ ബഹുമാനിക്കുക. ചെറിയവരോട് കരുണ കാണിക്കുക.

**25)** അറിവ് കുറഞ്ഞവരെ അവജ്ഞയോടെ കാണാതിരിക്കുക.

**26)** അസഭ്യങ്ങളായ ഫലിതങ്ങൾ വർജിക്കുക. പവിത്രമായ ഫലിതങ്ങൾ സ്വീകരിക്കുക.

**27)** വിജ്ഞാനസമ്പാദനത്തിനുള്ള ആവേശം ഉണ്ടാക്കി യെടുക്കുക.


**28)** അറിവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി നല്ല മാസികകൾ, പുസ്തകങ്ങൾ, പത്രങ്ങൾ വായിക്കുന്ന ശീലം ഉണ്ടാക്കിയെടുക്കുക.

**29)** ഉർദു,അറബി ഭാഷകൾ അനിവാര്യമായും പഠിപ്പിക്കുക.

**30)** ഉർദു,അറബി, ഭാഷകൾക്ക് പുറമെ ചൈനീസ്, റഷ്യൻ, സ്പാനിഷ്, ഫ്രഞ്ച്,ഏതെങ്കിലും ഭാഷകളിൽ ഒന്ന് പഠിപ്പിക്കുക. കാരണം ഭാവിയിൽ ജമാഅത്തിന് ഈ ഭാഷകളിൽ നൈപുണ്യം കരസ്ഥമാക്കിയവരെ ആവശ്യമുണ്ട്.

**31)** അക്കൗണ്ടിംഗ്(കണക്കെഴുത്ത്) ശീലം ഉണ്ടാക്കിയെടുക്കേണ്ടതാണ്. അതിന് പരിശീലനം നൽകേണ്ടതാണ്.

**32)** വാഖിഫീൻ പെൺകുട്ടികൾക്ക് ബി.എഡ്, എം.എഡ് അല്ലെങ്കിൽ മെഡിക്കൽപരമായിട്ടുള്ള വിദ്യാഭ്യാസം നൽകേണ്ടതാണ്.



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ്
ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്
അയ്യദഹുല്ലാഹു തആല ബി നസ്രിഹിൽ അസീസ്

ഹദ്റത്ത് ഖലീഫത്തുൽ അൽ ഖാമിസ് മസീഹ് അയ്യദഹുള്ളാഹു തആല ബിനസ്രിഹിൽ അസീസ് വഖ്ഫെ നൗ കുട്ടികളുടെ തർബിയ്യത്തിനെ കുറിച്ചും, വിദ്യാഭ്യാസത്തെകുറിച്ചും, 18/06/04, 22/10/2010 തീയ്യതികളിലെ ഖുത്വുബ ജുമുഅകളിൽ ഇപ്രകാരം വിശദീകരിക്കുന്നു.

**ഖുത്വുബ ജുമുഅ: 18–ജൂൺ–2004**

ഇതു സംബന്ധമായി വാഖിഫീനെ നൗ കുട്ടികളോടും ഞാൻ ചിലത് പറയാൻ ആഗ്രഹിക്കുന്നു. പ്രായപൂർത്തിയെത്തിയ വാഖിഫീനെ നൗ കുട്ടികൾ, അവർക്ക് ഭാഷകൾ പഠിക്കുന്നതിന് താൽപര്യവും കഴിവുമുണ്ടെങ്കിൽ പ്രത്യേകിച്ച് പെൺകുട്ടികൾ അവർ ഇംഗ്ളീഷ്,അറബി,ഉർദു പ്രാദേശിക ഭാഷകൾ പഠിക്കേണ്ടതാണ്. പഠിക്കുകയാണെങ്കിൽ അതിൽ പ്രാഗത്ഭ്യം നേടേണ്ടതാണ്. പ്രത്യേകിച്ച് ഭാഷ പഠിക്കാൻ പെൺകുട്ടികളിൽ കൂടുതൽ കഴിവുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. അവർ ജമാഅത്തിന്റെ ഗ്രന്ഥങ്ങളും സാഹിത്യങ്ങളും ഭാഷാന്തരം ചെയ്യാൻ കഴിവുള്ളവരായി തീരണം. എങ്കിൽ മാത്രമെ നമുക്ക് എല്ലായിടത്തും പ്രചരിപ്പിക്കാൻ പററുകയുള്ളു. എനിക്കോർമ്മയുണ്ട്, ഘാനയിലെ വടക്കെ അററത്ത് ചെറിയൊരു സ്ഥലത്ത് കത്തോലിക്ക സഭയുടെ ഒരു ചർച്ചുണ്ടായിരുന്നു. ഞാനും അവിടെ താമസിച്ചിരുന്നു. ഇന്ത്യയിലെ ഒരു പാതിരിയായിരുന്നു അപ്പോൾ അവിടെ ഉണ്ടായിരുന്നത്. അദ്ദേഹം ആഴ്ചയിൽ മൂന്നോ നാലു ദിവസം മോട്ടോർ സൈക്കിളിൽ വനത്തിൽ പോകാറുണ്ടായിരുന്നു. താങ്കളെന്തിനാണ് അവിടെ പോകുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: അവിടെ ഒരു ഗോത്രക്കാരുണ്ട്. അവരുടെ ഭാഷ മററുള്ളവരിൽ നിന്ന് വ്യത്യസ്ഥമാണ്. അവരുടെ ജനസംഖ്യ പത്തായിരമോ പതിനയ്യായിരമോ മാത്രമേയുള്ളു. അദ്ദേഹം അവിടെ പോകുന്നത് അവരുടെ ഭാഷ പഠിക്കാനും ബൈബിൾ ആ ഭാഷയിലേക്ക് തർജ്ജമചെയ്യാനും വേണ്ടി മാത്രമായിരുന്നു.

നമ്മുടെ ആളുകൾക്ക്, പ്രത്യേകിച്ച് തയ്യാറായി വരുന്ന വാഖിഫീനെ നൗ കുട്ടികൾ ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ കൈയ്യിൽ എല്ലാ ഭാഷയുടെയും പാണ്ഡ്യത്യമുള്ളവരുടെ ഒരു സംഘം ഉണ്ടായിരിക്കേണ്ടതാണ്. ഒരുപാട് കുട്ടികൾ യൂണിവേഴ്സിററി തലം വരെ എത്തിയിട്ടുണ്ട്. അവർ സ്വയം ഇതിലേക്ക് ശ്രദ്ധ പതിപ്പിക്കണം. വാഖീഫീനെ നൗ വ്വിന്റെ ദേശീയ വിഭാഗം അത്തരം കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഒരോ വർഷവും ഇത് പുതുക്കികൊണ്ടിരിക്കണം.

കാരണം ഒരോ വർഷവും പുതിയ കുട്ടികൾ അതിൽ ഉൾപ്പെട്ടുകൊണ്ടേയിരിക്കും. ഈ ഡിപ്പാർട്ട്മെന്റിൽ(വിഭാഗത്തിൽ) മാത്രമല്ല, എല്ലാ വിഭാഗങ്ങളിലും പൊതുവേ വലിയ വിഭാഗങ്ങളിൽ വാഖിഫീനെ നൗ കുട്ടികളിൽ മുബല്ലിഗുമാരുടെയും ഡോക്ടർമാരുടെയും ടീച്ചർമാരുടെയും കമ്പ്യൂട്ടർ സയൻസിൽ പ്രാവണ്യം നേടിയവരുടെയും വക്കീൽമാരുടെയും എഞ്ചിനീയർമാരുടെയും ഭാഷാപണ്ഡിതൻമാരുടെയും ആവശ്യം നമുക്കുണ്ട്. കൂടാതെ ഞാൻ പറഞ്ഞ വിഭാഗങ്ങൾക്ക് പല ശാഖകളുമുണ്ട്. മുബല്ലിഗ് ആകുന്നവരെ കുറിച്ച് നമുക്കറിയാൻ കഴിയും. അവർ എന്തായാലും ജാമിയയിൽ പോകണം. അവിടെ പഠിക്കണം. അതുകൊണ്ട് അവരെ കുറിച്ച് നമുക്കറിയാൻ കഴിയും. പ്രശ്നമില്ല. എന്നാൽ മററു വിഭാഗങ്ങളിൽ പോകുന്ന അധികം പേരേയും അറിയാൻ കഴിയുകയില്ല. ഈ പര്യടനവേളയിൽ ഞാൻ പലസ്ഥലത്തും ചോദിക്കുകയുണ്ടായി. ഇതുവരെ കുട്ടികളെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കിയിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. കുട്ടികളാണെങ്കിൽ 16,17 വയസ്സുകളിലെത്തുകയും ചെയ്തു. അല്ലെങ്കിൽ ജമാഅത്തിന് ഇപ്പോൾ അത്യാവശ്യമില്ലാത്ത ഡിപ്പാർട്ടുമെന്റിനെ കുറിച്ചായിരിക്കും അവർ പറയുക. ഉദാഹരണത്തിന് പൈലററാകണമെന്ന് ചിലർ പറയുന്നു. ചിലർ പറയുന്നു കായികവിനോദങ്ങളോടാണ് താൽപര്യമെന്ന്. ക്രിക്കററ് കളിക്കാരനാകണം, ഫുട്ബോൾ താരമാകണം എന്നൊക്കെ. ഈ ജോലിയൊന്നും വഖ്ഫെ നൗ കുട്ടികൾക്കു വേണ്ടിയല്ല. ഇതിനു കാരണം ശരിയായ നിലയിൽ കുട്ടികളിൽ കൗൺസിലിംഗ് നടക്കുന്നില്ല, അവർക്ക് മാർഗ്ഗദർശനം കിട്ടുന്നില്ല എന്നതാണ്. ഇക്കാരണത്താൽ അവരുടെ ഭാവി എന്താണെന്ന് അവർക്ക് മനസ്സിലാകുന്നില്ല.

അതുകൊണ്ട് ഉമ്മയും ബാപ്പയും കുട്ടികളെ വഖ്ഫ് ചെയ്തിട്ട് വെറുതെയിരിക്കരുത്. കുട്ടികളെ സ്ഥിരമായി കാര്യങ്ങൾ പറഞ്ഞ് മനസ്സി ലാക്കി അവരെ ബോധവാൻമാരാക്കുക. ഇതാണ് മാതാപിതാക്കളോടും എനിക്ക് പറയാനുള്ളത്. നിങ്ങൾ വഖ്ഫെ നൗ ആണ്, ഞങ്ങൾ നിന്നെ ദീനീപരമായ പ്രവർത്തനങ്ങൾക്കായി വഖ്ഫ് ചെയ്തിരിക്കുന്നു, നിങ്ങൾ ജമാഅത്തിന് ഫലപ്രദമായ ഒരു ഭാഗമായിത്തീരണം, അതുകൊണ്ട് ജമാഅത്തിന് ഗുണപ്രദമുള്ള തൊഴിൽ സ്വീകരിക്കണം എന്നൊക്കെ ഉപദേശിക്കണം.

പ്രായപൂർത്തിയായിട്ടും വഖ്ഫെ നൗ എന്താണെന്നറിയാത്ത കുട്ടികളെയും കാണാൻ കഴിഞ്ഞു. ഉമ്മയും ബാപ്പയും പറയുന്നു വഖ്ഫെനൗവിൽ അംഗമാണെന്ന്. ചിലർ പറയുന്നു, ഉമ്മയും ബാപ്പയും വഖ്ഫ്

ചെയ്തുവെന്നത് ശരിയാണ് എന്നാൽ മറെറാന്നു ചെയ്യാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ ലിസ്ററ് തയ്യാറായി നമ്മുടെ മുമ്പിൽ വരുമ്പോൾ, ഒരോ രാജ്യത്തും തയ്യാറാക്കുമ്പോൾ എത്ര പേരാണ് പ്രായപൂർത്തിയെത്തി ഇടക്കുവെച്ച് കൊഴിഞ്ഞു പോകുന്നതെന്ന് അറിയാൻ കഴിയും. എത്ര മുബല്ലിഗുമാർ ഏതൊക്കെ രാജ്യത്ത് നിന്ന് കിട്ടുമെന്ന് അറിയാൻ കഴിയും. എത്ര ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ തുടങ്ങിയവരെ കിട്ടുമെന്ന് അറിയാൻ കഴിയും. ഡോക്ടർ വിഭാഗത്തിൽ പല വിഷയങ്ങളിലായിരിക്കും പലർക്കും താൽപര്യം. ആ താൽപര്യമനുസരിച്ചും അവർക്ക് മാർഗ്ഗദർശനം നൽകാൻ കഴിയും. ഇതിനുവേണ്ടിയും രാഷ്ട്രങ്ങൾ കേന്ദ്രത്തോട് ചോദിക്കേണ്ടതായി വരും, ആവശ്യത്തിനനുസരിച്ച് അവർക്ക് നിർദ്ദേശം കൊടുക്കാൻ. ചിലപ്പോൾ ഡോക്ടറാകാൻ ആഗ്രഹിക്കുന്ന കുട്ടിക്ക് ഒരു വിഭാഗത്തിൽ മാത്രമല്ല പല വിഭാഗത്തിലും താൽപര്യമുണ്ടാകും. അപ്പോൾ ജമാഅത്തിന്റെ ആവശ്യത്തിനനുസരിച്ച് ഇന്ന വിഷയം പഠിക്കാൻ നിർദ്ദേശം കൊടുക്കാൻ കഴിയും. ഇപ്പോൾ ഈ പ്രായക്കാർ ഒന്നും രണ്ടും കഴിഞ്ഞ് മൂന്നിലോ നാലിലോ എത്തായിട്ടുണ്ടാകും. ഇപ്പോൾ അവരുടെ ഭാവിയെ കുറിച്ച് ചിന്തിക്കാൻ കഴിയും. അതുകൊണ്ട് ഓരോ വർഷവും മുടങ്ങാതെ ലിസ്ററ് തയ്യാറാക്കിയിരിക്കേണ്ടതാണ്. പുതിയതായി വരുന്നവരെ ഉൾപ്പെടുത്തേണ്ടതാണ്. കൊഴിഞ്ഞു പോകുന്നവരെ ഒഴിവാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വഖ്ഫ് ഡിപ്പാർട്ടുമെന്റിന് പ്രവർത്തിക്കേണ്ടതായിവരും.

പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ സംബന്ധിച്ചും അറിവുണ്ടായിരിക്കണം. അവരിൽ മധ്യമനിലയിലുള്ളവരെത്ര, അവർക്ക് എന്തെല്ലാം തൊഴിലുകൾ സ്വീകരിക്കാൻ കഴിയും. ഞാൻ പറഞ്ഞതുപോലെ ഈ പ്രവർത്തനം വളരെ വിശാലമായ രീതിയിൽ ലോകത്ത് എല്ലായിടത്തും നടത്തേണ്ട ആവശ്യമുണ്ട്. വാഖിഫീനെ നൗ ഡിപ്പാർട്ടുമെന്റിനോട് ഞാൻ പറയുകയാണ്. ഈ ലിസ്ററ് അതായത് 15 വയസ്സിനുമുകളിലുള്ള കുട്ടികളുടെ ലിസ്ററ് ചുരുങ്ങിയത് മൂന്ന് നാലു മാസത്തിനുള്ളിൽ തയ്യാറാക്കേണ്ടതാണ്. കാരണം ഞാൻ പരിശോധിച്ചതനുസരിച്ച് യഥാർത്ഥ റിപ്പോർട്ട് അല്പം വിഭിന്നമായിട്ടാണ് കാണുന്നത്. അതുകൊണ്ട് യഥാർത്ഥ സ്ഥിതിയിലേക്ക് നമുക്ക് വരേണ്ടതുണ്ട്.

ചില ഡിപ്പാർട്ടുമെൻറുകളെ കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതു കൂടാതെ ഒരു ഡിപ്പാർട്ടുമെന്റിലും പഠിക്കാൻ പാടില്ല, അതു നമുക്കാവശ്യമില്ല

എന്നു കരുതരുത്. അസാമാന്യ ബുദ്ധിയുള്ള കുട്ടികളുണ്ട്. അവർ റിസ ർച്ച് രംഗത്തിറങ്ങുന്നു. അതിൽ ശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയ ങ്ങളും പെടും. അത്തരം കുട്ടികളെയും നാം മാർഗ്ഗനിർദ്ദേശം നൽകി നയിക്കേണ്ടതായിവരും. അതുകൊണ്ട് കൗൺസിലിംഗ്, മാർഗ്ഗദർശനം തുടങ്ങിയ വിഭാഗക്കാരെ കർമ്മനിരതരാക്കേണ്ടിവരും. ഞാൻ പറഞ്ഞതു പോലെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരോട് അവർ അറിവിലും ജ്ഞാനത്തിലും ഉന്നതി കരസ്ഥമാക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. ഈ ഉന്നതിക്കായി പ്രവർത്തിക്കേണ്ടിയും വരും. ഇൻശാ അല്ലാഹ്, അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹവും ഉണ്ടാകും. എന്തായാ ലും കുട്ടികൾക്ക് വഴികാട്ടേണ്ടത് നിർബന്ധമാണ്. സ്വന്തം ഇഷ്ട പ്രകാ രം, ജമാഅത്തിന് ഗുണം ചെയ്യുന്ന നല്ല വിഷയം തെരഞ്ഞെടു ക്കാൻ കഴിയുന്ന ചില കുട്ടികളുമുണ്ടാകും. പൊതുവെ മാർഗദർശനം നൽകി നയിക്കേണ്ടവരാണ് അധികവും. ഞാൻ പറഞ്ഞതുപോലെ ആഴത്തിലി റങ്ങിച്ചെന്ന് ഇതു പരിശോധിക്കേണ്ടതായിവരും.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു. ആധുനിക വിദ്യാ ഭ്യാസം നൽകുന്നതിന് എതിരു നിൽക്കുന്ന മൗലവിമാർ തെററിലാണ്. എനിക്കറിയാം, അവർ യഥാർത്ഥത്തിൽ തങ്ങളുടെ തെറ്റുകളും ദൗർബല്ല്യ ങ്ങളും മറച്ചുവെക്കാനാണ് അങ്ങനെ ചെയ്യുന്നത്. ആധുനീകമായ അറി വുകളുടെ ഗവേഷണം ഇസ്ലാമിൽ നിന്ന് ജനങ്ങളെ വഴി പിഴപ്പിക്കുമെന്ന തെറ്റായ ധാരണയാണ് അവരുടെ ബുദ്ധിയിൽ കുടികൊള്ളുന്നത്. ബുദ്ധി യും ശാസ്ത്രവും ഇസ്ലാമിന് തികച്ചും വിരുദ്ധമാണെന്ന് അവർ നിശ്ച യിച്ചുറപ്പിച്ചിരിക്കുകയാണ്. കാരണം തത്വശാസ്ത്രത്തിന്റെ ബലഹീനത കൾ വെളിപ്പെടുത്താൻ അവർക്കു കഴിവില്ല. അതുകൊണ്ട് ഈ ദൗർബല്ല്യം മറച്ചുവെക്കുന്നതിനായി ഇക്കാര്യം മെനഞ്ഞെടുത്തിരിക്കുകയാണ്. അതാ യത് ആധുനികശാസ്ത്രം പഠിപ്പിക്കുന്നതുതന്നെ അനുവദനീയമല്ലെന്ന്. തത്വശാസ്ത്രം എന്നു കേൾക്കുമ്പോൾ അവരുടെ ആത്മാവ് പിടയ്ക്കാൻ തുടങ്ങുന്നു. അങ്ങനെ ആധുനികഗവേഷണത്തിന്റെ മുന്നിൽ കുനിയുന്നു.

നമുക്ക് വാഖിഫീനെ നൗ കുട്ടികളെ പഠിപ്പിച്ച് പുതിയ അറിവുകൾ നൽ കി ഭൗതീകവാദികളെ നിശബ്ദരാക്കേണ്ടതുണ്ട്. ഹദ്റത്ത് അഖ്ദസ് മസീ ഹ് മൗഊദ് (അ) ഖുർആന്റെ യഥാർത്ഥ അറിവ് നമുക്ക് നൽകിയിരിക്കുന്നു. ആധുനികശാസ്ത്രം ഉൾക്കൊണ്ട വാഖിഫീനെ നൗ കുട്ടികളുടെ ഈ സൈന്യം, എത്രയും വേഗം തയ്യാറാകാൻ അല്ലാഹു അനുഗ്രഹിക്കുമാ റാകട്ടെ.

വാഖിഫീനെ നൗ കുട്ടികളുടെ തർബിയ്യത്തിന് പ്രത്യേകിച്ചും, മുഴുവൻ അഹ്മദി കുട്ടികൾക്ക് പൊതുവായും നമ്മുടെ സ്ത്രികൾക്കും അവരുടെ അറിവിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമാണ്.

യോഗങ്ങളിലും ഇജ്തിമാകളിലും ജൽസകളിലും വന്നു പഠിക്കുന്ന കാര്യങ്ങൾ അവിടെ ഉപേക്ഷിച്ച് പോകാതിരിക്കുക. പഠിച്ചത് അവിടെ ഉപേക്ഷിച്ച് പോകുക എന്നത് അങ്ങേയററം ജഹാലത്തായിരിക്കും. സ്ത്രീകൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. കുട്ടികളുടെ തർബിയ്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. കാരണം വഖ്ഫെ നൗ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്ന ഉമ്മമാർ സ്വയം തന്നെ അല്പമൊക്കെ മതപരമായ അറിവുള്ളതായിട്ട് എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. അത്തരം ഉമ്മമാരുടെ വഖ്ഫെ നൗ കുട്ടികളുടെ ഉത്തരവും വഖ്ഫെ നൗവിനെ കുറിച്ചുള്ള താൽപര്യവും തികച്ചും വിഭിന്നമായിരിക്കും. അതുകൊണ്ട് ഉമ്മമാർ തങ്ങളുടെ അറിവ് വർദ്ധിപ്പിക്കുക. ആ അറിവ് കുട്ടികൾക്കും പകർന്നുകൊടുക്കുക. ഇതുകൊണ്ട്, പിതാക്കളുടെ ഉത്തരവാദിത്വം തീർന്നുവെന്നല്ല ഉദ്ദേശിക്കുന്നത്. അല്ലെങ്കിൽ പിതാവ് മോചിതനായി എന്നല്ല. ഇതു ഭർത്താക്കൻമാരുടെയും ഭാര്യമാരുടെയും ഉത്തരവാദിത്വമാണ്. ഒന്ന് പ്രവർത്തകമാതൃകയിലൂടെ അറിവിന്റെ അന്തരീക്ഷം സൃഷ്ടിക്കുക. സ്ത്രീകളുടെ മതപരമായ വിദ്യാഭ്യാസത്തിലേക്കും കുട്ടികളുടെ മതപരമായ വിദ്യാഭ്യാസത്തിലേക്കും ശ്രദ്ധിക്കുക. കാരണം പുരുഷൻമാരുടെ നല്ല അന്തരീക്ഷം വീട്ടിലില്ലെങ്കിൽ അത് പരിശുദ്ധമാകുകയില്ല. അങ്ങനെ വരുമ്പോൾ അതിന്റെ സ്വാധീനം സ്ത്രീകളിലും കുട്ടികളിലും ഉണ്ടാകും. പുരുഷൻമാർ ആഗ്രഹിച്ചാൽ,സ്ത്രീകൾ വലിയ പ്രായക്കാരായാലും കുറച്ചു വാക്കുകൾ അവരെ പഠിപ്പിക്കാൻ കഴിയും. താല്പര്യമുണ്ടാക്കാൻ കഴിയും. കുറഞ്ഞ പക്ഷം കുട്ടികളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കാനെങ്കിലും അവരെ പ്രാപ്തരാക്കാൻ കഴിയും. അതുകൊണ്ട് ജമാഅത്തിലെ ഓരോ ഘടകവും ഇതിലേക്ക് ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്, പുരുഷനും സ്ത്രീയും. കാരണം പുരുഷന് താൽപര്യമുണ്ടെങ്കിൽ സ്ത്രീയുടെ താൽപര്യവും വർദ്ധിക്കും. വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾക്ക് താൽപര്യമുണ്ടെങ്കിൽ കുട്ടികളിലും ആ താൽപര്യം വർദ്ധിക്കും. തങ്ങൾ മററുള്ളവരിൽ നിന്ന് കുറച്ചു വിഭിന്നരാണെന്ന ബോധം അവർക്കുണ്ടാകും. നമുക്ക് ഉന്നതമായ ചില ലക്ഷ്യങ്ങൾ ഉണ്ടെന്ന് അവർക്ക് തോന്നും. ഇതെല്ലാം ഉണ്ടെങ്കിൽ മാത്രമേ ദുൻയാവിനെ നന്നാക്കുന്നവരാണെന്ന നമ്മുടെ വാദം സത്യമായി പുല

രുകയുള്ളു. ഇല്ലെങ്കിൽ നാം ദുൻയാവിനെ എന്തു നന്നാക്കാനാണ്. നമ്മൾ ഇക്കാര്യത്തിൽ ശ്രദ്ധിച്ചില്ലായെങ്കിൽ നമ്മുടെ സ്വന്തം കുട്ടികൾ തന്നെ മതപരമായ അറിവുകളില്ലാത്തവരായിത്തീരും. കാരണം ഇതു അനുഭവത്തിലൂടെ മനസ്സിലാക്കിയിട്ടുള്ള കാര്യമാണ്.

അഹ്മദിയ്യത്തിൽ നിന്ന് ചില സന്താനങ്ങൾ അകന്നുപോകാനുണ്ടായ ഒരേ ഒരു കാരണം അവർ മതപരമായ അറിവ് ഒട്ടും ഇല്ലാത്തവരായിരുന്നു എന്നതാണ്. കുടുംബനാഥൻ മരിച്ചുകഴിഞ്ഞാൽ മെല്ലെ മെല്ലെ അയാളുടെ കുടുംബം അല്ലെങ്കിൽ മക്കൾ ജമാഅത്തിൽ നിന്ന് അകന്നു പോകുന്നു. കാരണം കുടുംബനാഥയ്ക്ക് മതപരമായ അറിവുണ്ടായിരിക്കില്ല. അതുകൊണ്ട് തന്നെ ഇക്കാര്യത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കണം. ഭാര്യയും ഭർത്താവും ഒരുമിച്ച് പരിശ്രമിക്കേണ്ടതായി വരും. എങ്കിൽ മാത്രമേ നമ്മുടെ വരും തലമുറയെ നമുക്ക് രക്ഷിക്കാനാകുകയുള്ളു. ശരിയായ നിലയിൽ മതത്തിന്റെ അറിവ് നമുക്ക് ലഭിക്കുന്നതിനും വരും തലമുറകളിൽ അതു നിലനിർത്തുന്നതിനും അല്ലാഹു തൗഫീക്ക് നൽകുമാറാകട്ടെ. ആമീൻ. (ഖുത്ബ -18/06/04)

**ഖുത്വുബ ജുമുഅ: 22-ഒക്ടോബർ-2010.**

وَلْتَكُنْ مِّنْكُمْ اُمَّةٌ يَّدْعُوْنَ اِلَى الْخَيْرِ وَيَاْمُرُوْنَ بِالْمَعْرُوْفِ
وَيَنْهَوْنَ عَنِ الْمُنْكَرِ ۗ وَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿۱۰۵﴾
وَمَا كَانَ الْمُؤْمِنُوْنَ لِيَنْفِرُوْا كَآفَّةً ۗ فَلَوْلَا نَفَرَ مِنْ كُلِّ فِرْقَةٍ
مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوْا فِي الدِّيْنِ وَلِيُنْذِرُوْا قَوْمَهُمْ اِذَا رَجَعُوْٓا
اِلَيْهِمْ لَعَلَّهُمْ يَحْذَرُوْنَ ﴿۱۲۲﴾

ഞാൻ പാരായണം ചെയ്ത സൂക്തങ്ങളിൽ ആദ്യത്തെ സൂക്തം സൂറ ആലുഇംറാനിലുള്ളതാണ്. അതിന്റെ അർത്ഥം ഇപ്രകാരമാണ്.

നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും വെറുക്കപ്പെട്ട കാര്യങ്ങളെ വിരോധിക്കുകയും ചെയ്യുന്ന ഒരു സംഘം ആളുകൾ നിങ്ങളിൽ ഉണ്ടാവേണ്ടതാണ്. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ.

രണ്ടാമത്തെ ആയത്ത് സൂറ തൗബയിലുള്ളതാണ്.

അതിന്റെ അർത്ഥം ഇപ്രകാരമാണ്. എല്ലാവരും ചേർന്നുകൊണ്ട് മതകാര്യങ്ങൾ പഠിപ്പിക്കുവാൻ വേണ്ടി പുറപ്പെടുക എന്നത് സത്യ വിശ്വാസികൾക്ക് സാധ്യമല്ല. എന്നാൽ അവരിൽ ഒരു വിഭാഗത്തിൽ നിന്നും ഓരോ സംഘം ആളുകൾ മതകാര്യത്തിൽ നല്ലവണ്ണം അറിവ് സമ്പാദിക്കുന്നതിനും തങ്ങളുടെ ജനങ്ങളിലേക്ക് തിരിച്ചു വന്നാൽ അവർക്ക് സൂക്ഷ്മത കൈക്കൊള്ളുന്നതിനായി താക്കീത് ചെയ്യുന്നതിന്നും എന്തുകൊണ്ട് പുറപ്പെട്ടുപോകുന്നില്ല.

ദീനിനുവേണ്ടി സ്വയം തങ്ങളുടെ ജീവൻ വഖ്ഫ് ചെയ്തുകൊണ്ട് നന്മ പ്രവർത്തിക്കുകയും തിന്മയെ വിരോധിക്കുകയും ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിക്കുകയും ചെയ്യുന്നവരെക്കുറിച്ചാണ് ഈ ആയത്തിൽ അല്ലാഹു പ്രതിപാദി ച്ചിട്ടുള്ളത്. ദീനിന് വേണ്ടി ജീവൻ വഖ്ഫ് ചെയ്യുന്ന വ്യവസ്ഥിതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലം തൊട്ടുതന്നെ ഏതെങ്കി ലും രീതിയിൽ ജമാഅത്തിൽ നിലവിലുണ്ട്. രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിൽ ഇത് വ്യവസ്ഥാപിതമാകുകയും ജീവിതം വഖ്ഫ് ചെയ്തുകൊണ്ടുള്ള ബോണ്ടോ,ഫോറമോ പൂരിപ്പിക്കുകയും ചെയ്യാൻ തുടങ്ങി. മതപരമായ അറിവ് കരസ്ഥമാക്കുന്നതിനുവേണ്ടി ജാമിഅ അഹ്മദിയ്യ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. വിദേശ രാഷ്ട്രങ്ങളിൽ മുബല്ലിഗുമാരെ അയക്കാനും തുടങ്ങി. അത്തരം മുബല്ലിഗുമാർ തബ്‌ലീഗ് രംഗത്ത് വളരെ നല്ല നിലയിൽ പ്രവർത്തി ക്കുകയുണ്ടായി. അതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ജമാഅത്തിന്റെ തബ്‌ലീഗ് തർബിയ്യത്ത് പ്രവർത്തനങ്ങളിൽ സ്വന്തമായി ഒരു വ്യക്തിത്വം നിലനിർത്തുകയുണ്ടായി. അല്ലാഹു വിന്റെ അനുഗ്രഹത്താൽ ഈ പ്രവർത്തനം ഇന്നും തുടർന്നുകൊ ണ്ടിരിക്കുന്നു. മുബല്ലിഗുമാർ പല നാടുകളിലും ഈ പ്രവർത്തന ത്തിൽ മുഴുകിയിരിക്കുകയാണ്. ഇപ്പോൾ മുബല്ലിഗീങ്ങളിലും മുറ ബ്ബിമാരിലും മുഅല്ലിമീങ്ങളിലും പാക്കിസ്ഥാനും ഇന്ത്യക്കും പുറമെ മറ്റു പല സമൂഹത്തിലെ ആളുകളും ഉൾപ്പെട്ടിരിക്കുന്നു. പ്രത്യേ കിച്ച് ആഫ്രിക്കൻ നാടുകളിലുള്ള മുബല്ലിഗീങ്ങളും മുഅല്ലിമീങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. അതുപോലെ ഇന്ത്യോനേഷ്യയിലേ യും. ഇവർക്കെല്ലാവർക്കും ആത്മാർത്ഥതയോടു കൂടി സേവനം ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ.

ജീവിതം വഖ്ഫ് ചെയ്യുന്നതിന്റെ വ്യവസ്ഥിതിയിൽ മറ്റൊരു വിഭാഗവും കൂടിയുണ്ട്. വെറും മുബല്ലിഗ് മുഅല്ലിമീങ്ങൾ മാത്രമല്ല ഉള്ളത്. ഡോക്ടർമാർ, അദ്ധ്യാപകർ, മുതലായ മറ്റ് വിഭാഗങ്ങളും ഉണ്ട്. അവരും സേവനനിരതരാണ്. ഏതായാലും ജമാഅത്തിന്റെ ആവശ്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം, തബ്ലീഗ് രംഗത്തും മറ്റുള്ള സേവനരംഗങ്ങളിലും വിശാലത കൈവരിക്കുന്നതിനാൽ ജീവിതം വഖ്ഫ് ചെയ്തവരുടേയും മുബല്ലിഗുമാരുടേയും ആവശ്യങ്ങൾ വർദ്ധിച്ചുവരികയാണ്. നമ്മുടെ ജോലി വർദ്ധിച്ചുവരികയും ജമാഅത്ത് മുന്നേറുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ജമാഅത്തിലേക്ക് ജനങ്ങൾ പ്രവേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു വരുന്നു. ഇതു കാരണം തഅ്ലീം തർബിയ്യത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിനായി വഖ്ഫ് ചെയ്തവരുടേയും ദീനീ അറിവ് കരസ്ഥമാക്കിയവരുടേയും ആവശ്യം വർദ്ധിച്ചു വരുകയാണ്.

ജമാഅത്തിലെ എല്ലാവർക്കും എല്ലാസമയവും തബ്ലീഗ്, തർബ്ബിയ്യത്ത് പ്രവർത്തനങ്ങളിൽ മുഴുകുക എന്നത് സാധിക്കുകയില്ലെന്ന് മേൽവിവരിച്ച ആയത്തിൽ അല്ലാഹു പറയുന്നു. അതുകൊണ്ട് ഈ പ്രവൃത്തികൾ ചെയ്യുന്ന ഒരു പ്രത്യേക വിഭാഗം ഉണ്ടായിരിക്കേണ്ടതാണ്. ഇതിനു പുറമെ, മറ്റൊരു സ്ഥലത്ത്, നന്മ പ്രവർത്തിക്കുന്നതും തിന്മയെ വിരോധിക്കുന്നതും തബ്ലീഗിന്റെ കടമകൾ ചെയ്യുന്നതും സമുദായത്തിലെ ഓരോ വ്യക്തിയുടെയും കടമയാക്കിയിട്ടുണ്ട്. എന്നിട്ടും ഇപ്രകാരം പറഞ്ഞിരിക്കുന്നു. കാരണം ഭൗതിക വ്യവഹാരങ്ങളിൽ ഏർപ്പെടേണ്ടതും നിർബന്ധമാണ്. അതുകൊണ്ട് അത്തരം ഭൗതീക കാര്യങ്ങളിൽ മുഴുകിയിട്ടുള്ളവർക്ക് ഒരേ സമയം തബ്ലീഗ് തർബ്ബിയ്യത്ത് പ്രവർത്തനങ്ങൾക്ക് സമയം നൽകാൻ സാധിച്ചെന്നു വരില്ല. കൂടാതെ എല്ലാവരുടേയും സ്വഭാവ പ്രകൃതം തബ്ലീഗ് തർബിയ്യത്ത് പ്രവർത്തികൾ നല്ല രീതിയിൽ നടത്തിക്കൊണ്ട് പോകുവാൻ കഴിയുന്ന തരത്തിലുള്ളതായിരിക്കുകയുമില്ല. അപ്രകാരം തന്നെ മുബല്ലിഗും മുറബ്ബിയും കരസ്ഥമാക്കുന്ന മതപരമായ അറിവ് സമൂഹത്തിലെ എല്ലാവർക്കും കരസ്ഥമാക്കാനും സാധിക്കുന്നതല്ല. മാത്രമല്ല, എല്ലാവർക്കും ഒരേ രീതിയിൽ പ്രത്യേക ശ്രദ്ധയോടെ പരിശീലനം നൽകാനും സാധ്യമല്ല. അതുകൊണ്ട് നല്ല ശ്രദ്ധയോടുകൂടി ദീൻ പഠിക്കുകയും അല്ലാഹുവിന്റെ കൽപ്പനകളേയും, അനുവദിക്കപ്പെട്ടതും നിക്ഷിദ്ധമായ കാര്യങ്ങളെ

കുറിച്ച് ശരിയായ രീതിയിൽ അറിവ് നേടുകയും, അതിൽ അടങ്ങി യിരിക്കുന്ന തത്വങ്ങൾ പഠിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു വിഭാഗം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ സ്വന്തം താൽപര്യപ്രകാരം ഭൗതികവിദ്യാഭ്യാസത്തോ ടൊപ്പം മതപരമായ അറിവും സമ്പാദിച്ചിട്ടുള്ള ധാരാളം ആളുകൾ ജമാഅത്തിലുണ്ട്. എന്നാൽ അവരുടെ അധികസമയവും മറ്റു തിര ക്കുകൾ കാരണം ജമാഅത്തിന് സമയം നൽകുന്നതിന് തടസ്സ മായി വരുന്നു.

ചുരുക്കത്തിൽ, ജീവിതം വഖ്ഫ് ചെയ്ത ഒരു വിഭാഗം ആളു കൾ മതപരമായ പ്രവർത്തികൾ ചെയ്യുന്നതിനായി ഉണ്ടായിരിക്കേ ണ്ടതാണ് എന്നാണ് അല്ലാഹു പറയുന്നത്. ഇസ്ലാം ഒരു അന്താ രാഷ്ട്രമതമായതിനാൽ എല്ലാ ജനവിഭാഗങ്ങളിൽ നിന്നും, വിവിധ തരത്തിലുള്ള ഒരു സംഘം ആളുകൾ ഇതിൽ ഉണ്ടാകേണ്ടതാണ്. അതിൽ വർദ്ധനവും ഉണ്ടാകേണ്ടതാണ്. അതായത് എല്ലാ ജന വിഭാഗത്തിൽ നിന്നും മതപരമായ അറിവ് കരസ്ഥമാക്കി മറ്റുള്ളവ ർക്ക് പഠിപ്പിച്ചുകൊടുക്കുന്ന ജനങ്ങൾ ഉണ്ടാകണം എന്നാണ് പറ ഞ്ഞത്. ഒരോ സമുദായത്തിന്റെയും വിഭാഗത്തിന്റെയും സ്വഭാവ പ്രകൃതവും മാനസീക അവസ്ഥയും വ്യത്യസ്ഥമാണ്. അതനുസ രിച്ച് തബ്ലീഗിന്റെ രീതിയും അവലംബിക്കേണ്ടതാണ്. ഇത്തര ത്തിൽ തബ്ലീഗും തർബിയ്യത്തും എളുപ്പമായിത്തീരുന്നു. ചുരു ക്കത്തിൽ വിശ്വാസികളിൽ നിന്ന് എല്ലാ വിഭാഗത്തിലും പെട്ട ഒരു വിഭാഗം ആളുകൾ തബ്ലീഗ് തർബിയ്യത്ത് സേവനങ്ങൾക്ക് നേതൃ ത്വം നൽകിക്കൊണ്ട് അത് എളുപ്പമാക്കുന്നതിനായി ഉണ്ടായിരിക്കേ ണ്ടതാണ് എന്ന് മാർഗ്ഗദർശനം അല്ലാഹു നൽകിയിട്ടുണ്ട്.

ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ ദീനിനുവേണ്ടി ജീവൻ വഖ്ഫ് ചെയ്യാനുള്ള വ്യവസ്ഥിതി നിലവി ലുണ്ട്. ഞാൻ പറഞ്ഞതുപോലെ എല്ലാ വിഭാഗത്തിൽ പെട്ടിട്ടുള്ള ആളുകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ ഭാഗമായി ത്തീർന്നിട്ടുണ്ട്, തീർന്നുക്കൊണ്ടിരിക്കുന്നുമുണ്ട്. ജമാഅത്തിന്റെ ആവ ശ്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം ഇതിന്റെ അംഗസംഖ്യയിലും വർദ്ധനവ് ഉണ്ടാവേണ്ടതാണ്. ഈ ആവശ്യകത ഭാവിയിലും വർദ്ധി ച്ചുകൊണ്ടിരിക്കും. വർത്തമാനകാലഘട്ടത്തിൽ ഇതിന്റെ ആവശ്യം ഇല്ലെങ്കിലും, ഭാവിയിൽ ഇതിന്റെ ആവശ്യം വർദ്ധിക്കുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) ഈ ആവശ്യകതയെ മനസ്സിലാക്കികൊണ്ടാണ് അല്ലാഹുവിൽ നിന്ന് മാർഗ്ഗനിർദ്ദേശം തേടിക്കൊണ്ട് വഖ്ഫ് നൗ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഹുസൂർ തിരുമനസ്സ്(റഹ്)ഇതിന്റെ അടിസ്ഥാന ശില തഖ്വയിലധിഷ്ഠിതമായിരിക്കണമെന്ന് ഉപദേശിച്ചുകൊണ്ട് മാതാപിതാക്കളോട് ഇപ്രകാരം പറഞ്ഞു, അതായത്,കുട്ടികൾ വലുതായതിന് ശേഷം ജീവിതം വഖ്ഫ് ചെയ്തുക്കൊണ്ട് തങ്ങളെ സമർപ്പിക്കുന്നതിനു പകരം കുട്ടികൾ ജനിക്കുന്നതിനു മുമ്പെ മാതാപിതാക്കൾ മതത്തിനോടുള്ള വേദനയോടുകൂടി, തഖ്വയിൽ പദമൂന്നിക്കൊണ്ട് തങ്ങളുടെ കുട്ടികളെ ദീനിന് വേണ്ടി സമർപ്പിക്കേണ്ടതാണ്. എല്ലാ മാതാപിതാക്കളും മറിയംബീവിയുടെ മാതാവ് വിളംബരം ചെയ്തതു പോലെ ഇപ്രകാരം വിളംബരം ചെയ്യേണ്ടതാണ്.

അതായത്,അല്ലാഹുവേ എന്റെ വയറ്റിലുള്ളതിനെ നേർച്ചയാക്കിക്കൊണ്ട് ദീനിനുവേണ്ടി ഞാൻ സമർപ്പിക്കുകയാണ്. ഭൗതീക വ്യവഹാരങ്ങളിൽ നിന്ന് ഈ കുട്ടിയെ സ്വതന്ത്രമാക്കിയിരിക്കുന്നു. അതിനാൽ എന്നിൽ നിന്ന് നീ ഇത് സ്വീകരിക്കേണമേ.

മാതാക്കൾ പ്രത്യേകമായിട്ട് ഈ ദുആയോടുകൂടി തങ്ങളുടെ കുട്ടികളെ ജമാഅത്തിനായി ഖലീഫയുടെ മുമ്പാകെ സമർപ്പിക്കുമ്പോൾ അവരുടെ ഉത്തരവാദിതവും വർദ്ധിക്കുന്നു. വഖ്ഫിന്റെ എല്ലാ കടമകളും യഥാവിധി പൂർത്തീകരിച്ചുക്കൊണ്ട് തങ്ങളുടെ ജീവിതം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കാൻ കഴിയുന്ന തരത്തിൽ ഈ കുട്ടികൾക്ക് തർബിയ്യത്ത് നൽകേണ്ടതാണ്. അല്ലാഹുവേ ഈ കുട്ടിയെ ദീനിന്റെ സേവകനാക്കി മാറ്റേണമേ എന്നും, ഭൗതീകമായ എല്ലാ അശുദ്ധികളിൽ നിന്നും പരിശുദ്ധമാക്കേണമേ എന്നും, ഭൗതീകതയോട് താൽപര്യം ഉണ്ടാകരുതെന്നും, ഇവർ ദീനിനുവേണ്ടി ശുദ്ധമാക്കപ്പെടണമേ എന്നുമുള്ള ദുആ പ്രസവിക്കുന്നതു വരെ ഉണ്ടായിക്കൊണ്ടിരിക്കേണ്ടതാണ്. പിന്നീട് പ്രസവത്തിന് ശേഷം താൻ വഖ്ഫ് ചെയ്തവനാണെന്നും, ഭൗതീകമായ വ്യവഹാരങ്ങളിൽ വ്യാപൃതനാകുന്നതിനു പകരം അല്ലാഹുവിന്റെ ദീനിന് സേവനം ചെയ്തുക്കൊണ്ട് ജീവിതം കഴിച്ചുകൂട്ടേണ്ടതാണ് എന്ന ചിന്ത എപ്പോഴും അവന് ഉണ്ടാകുന്ന തരത്തിൽ കുട്ടിക്ക് തഅ്ലീമും, തർബ്ബിയ്യത്തും (വിജ്ഞാനവും, പരിചരണവും) കൊടുക്കേണ്ടതുമാണ്. ഈ രീതിയിൽ ആരംഭത്തിൽ തന്നെ തർബ്ബിയ്യത്ത്

കൊടുക്കുകയാണെങ്കിൽ കുട്ടി യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുമ്പോൾ അവൻ ദീനിന് വേണ്ടി ആത്മാർത്ഥമായി സ്വയം വഖ്ഫ് ചെയ്യാൻ ശ്രമിക്കുന്നതാണ്. ചുരുക്കത്തിൽ, കുട്ടികളെ വഖ്ഫിനു വേണ്ടിയാണ് തയ്യാറാക്കുന്നത് എന്ന കാര്യം മാതാപിതാക്കൾ എപ്പോഴും ഓർക്കേണ്ടതാണ്. മനോഹരവും, ഫലദായകവുമായ ഒരു വൃക്ഷമാക്കിക്കൊണ്ട് ജമാഅത്തിന്നും കാലത്തിന്റെ ഖലീഫക്കും അല്ലാഹുവിന്റെ ദീനിന് സേവനം ചെയ്യുന്നതിനായി സമർപ്പിക്കപ്പെടേണ്ടതിനായതിനാൽ ഇവരുടെ തഅ്ലീം തർബ്ബിയ്യത്ത് കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടത് മാതാപിതാക്കളുടെ ജോലിയാണ്. നമ്മുടെ കുട്ടികൾ വഖ്ഫെ നൗവ്വിൽ ഉൾപ്പെട്ടവരായതുകൊണ്ട് തുടക്കത്തിൽ തന്നെ അവരെ ജമാഅത്ത് സംരക്ഷിച്ചുക്കൊള്ളും, എന്ന ചില ആളുകളുടെ ചിന്ത തികച്ചും തെറ്റാണ്. തഅ്ലീം തർബിയ്യത്ത് കാര്യങ്ങളിൽ ജമാഅത്ത് മാർഗ്ഗദർശനം നൽകുന്നുണ്ട്, നൽകേണ്ടതുമാണ്. അതിനുവേണ്ടി പാക്കിസ്ഥാനിലെ റബ്വയിൽ വക്കാലത്ത് വഖ്ഫെ നൗ എന്ന വകുപ്പും നിലവിലുണ്ട്. ഖാദിയാനിൽ തഅ്ലിം വകുപ്പിന്റെ കീഴിൽ വഖ്ഫെ നൗ ന്റെ പ്രവൃത്തനങ്ങൾ നടന്നുവരുന്നു. ഇവിടെ ലണ്ടനിൽ കേന്ദ്രാടിസ്ഥാനത്തിൽ കാലത്തിന്റെ ഖലീഫയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഈ വകുപ്പിന്റെ പ്രവർത്തനം നടന്നുവരുന്നു. വഖ്ഫ് ചെയ്ത കുട്ടികളുടെ തഅ്ലീം തർബ്ബിയ്യത്ത്, കൗൺസിലിംങ്ങ്, ഗൈഡൻസ് മുതലായവ നൽകുക,അവരെ ജമാഅത്തിന്റെ കർമ്മനിരതരായ ഒരു വിഭാഗമായി മാറ്റുകയും ചെയ്യുക എന്നത് ജമാഅത്തിന്റെ വഖ്ഫെ നൗ സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. സ്വയം നിങ്ങളും ഇതിൽ ഊർജ്ജസ്വലതയോടെ കർമ്മനിരതരാവേണ്ടതാണ്. എന്നാൽ ഇതൊക്കെ ഉണ്ടായാലും മാതാപിതാക്കളുടെ ഉത്തരവാദിത്വം വളരെ ഭാരിച്ചതാണ്. ഞാൻ പറഞ്ഞതുപോലെ, ജമാഅത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ടാണ് വഖ്ഫെ നൗ പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുള്ളത്. ഇത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നതും ഭാവിയിൽ ജമാഅത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതുമായ ഒരു പദ്ധതിയാണ്. ഇതിൽ മുബല്ലിഗുമാർക്കും മുറബ്ബിമാർക്കും പുറമെ ജീവിതത്തിന്റെ പല മേഖലകളിലും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവിതം വഖ്ഫ് ചെയ്തവരെ ആവശ്യമുണ്ടാകും. ആയതിനാൽ മാതാപിതാക്കളും വഖ്ഫെ നൗ വകു

പ്പും തങ്ങളുടെ പ്രവർത്തനങ്ങൾ നിറവേറ്റാൻ അങ്ങേയറ്റം ശ്രമിക്കേണ്ടതാണ്.

വഖ്ഫെ നൗ സെക്രട്ടറിമാർ അധികസ്ഥലത്തും വേണ്ട രീതിയിൽ കർമ്മനിരതരല്ലെന്ന് കാണാൻ കഴിയുന്നതാണ്. ചുരുക്കത്തിൽ, അവർ കർമ്മനിരതരാകുമ്പോൾ കുട്ടികൾ പ്രവർത്തന രംഗത്ത് വന്നുകൊണ്ട് സമുദായത്തെ നാശഗർത്തത്തിലേക്ക് വഴുതിപ്പോകുന്നതിൽ നിന്ന് രക്ഷപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുവാൻ സാധിക്കുന്നതാണ്. വിജയം പ്രാപിക്കുന്നവരുടെ കൂട്ടത്തിൽ സ്വയം ഉൾപ്പെട്ടവരായി മാറുന്നതോടൊപ്പം ലോകരെ വിജയിപ്പിക്കുന്നതിലും നിലനിർത്തുന്നതിന്നും കാരണക്കാരായി തീരുന്നതുമാണ്. കുട്ടികൾക്ക് തർബ്ബിയ്യത്ത് കൊടുക്കുക എന്നത് ഓരോ മാതാപിതാക്കളുടേയും ഉത്തരവാദിത്തമാണ്. ഒരു അഹ്മദി കുട്ടിയും പാഴായിപ്പോകുന്നത് ജമാഅത്തിന്ന് സഹിക്കാവുന്നതല്ല. ഇവരെല്ലാവരും ജമാഅത്തിന്റെയും സമൂഹത്തിന്റെയും അമാനത്തുകളാണ്. എന്നാൽ വഖ്ഫെ നൗ വിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ മനസ്സിൽ, നിന്നെ ഞങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഖ്ഫ് ചെയ്തതാണ്, വഖ്ഫെ നൗ എന്ന ടൈറ്റിൽ ലഭിച്ചതു ക്കൊണ്ട് മാത്രമാവുകയില്ല, മറിച്ച്, നിങ്ങളുടെ തർബ്ബിയ്യത്തിലും, തഅ്ലീമിലും നിങ്ങളുടെ അനക്കമടക്കങ്ങളിലും, സംസാരത്തിലും, മറ്റുള്ളവരുമായിട്ടുള്ള നിങ്ങളുടെ പെരുമാറ്റത്തിലുമൊക്കെ നിങ്ങൾ മറ്റുള്ളവരിൽ നിന്ന് വേറിട്ട് നിൽക്കേണ്ടതാണ് എന്ന കാര്യം വളരെ ചെറുപ്പത്തിൽ തന്നെ അവരുടെ ചിന്തയിൽ ഇട്ടുക്കൊടുക്കേണ്ടതാണ്. ഈ സ്വഭാവശീലങ്ങളിൽ വലുതാവുന്നതിനനുസരിച്ച് ദൃഢത കൈവരിക്കുകയും ചെയ്യേണ്ടതാണ്.

പിന്നെ വഖ്ഫെ നൗ കുട്ടികൾക്ക് വേണ്ടി, ജമാഅത്ത് അല്ലെങ്കിൽ കേന്ദ്രം തയ്യാറാക്കിയ സിലബസ്സ് ഉണ്ട്. ചെറുപ്പത്തിൽ തന്നെ മതകാര്യങ്ങളിൽ നല്ലവണ്ണം അറിവ് സമ്പാദിയ്ക്കാനുള്ള താൽപര്യവും ഉണ്ടാവുന്നതിനും വരുന്ന ഓരോ ദിവസവും അതിൽ പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നതിനും വേണ്ടി അത് പഠിപ്പിക്കേണ്ടത് മാതാപിതാക്കളുടേയും ജമാഅത്ത് സംവിധാനത്തിന്റെയും ജോലിയാണ്. തന്മൂലം അപ്പോൾ മാത്രമേ വരാനിരിക്കുന്ന വെല്ലുവിളികളെ നമുക്ക് നേരിടാനും, ജനങ്ങളുടെ ദീൻ മനസ്സിലാക്കുകയെന്ന ആവശ്യകതയെ യഥാസമയം പൂർത്തിയാക്കാനും സാധി

ക്കുകയുള്ളൂ. കൂടാതെ കുട്ടികളിൽ സ്വയം മതപരമായ അറിവ് കരസ്ഥമാക്കുന്നതിനുള്ള അഭിനിവേശവും ഉണ്ടായിരിക്കേണ്ടതാണെന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്. ഇതുണ്ടെങ്കിൽ മാത്രമേ ശരിയായ അറിവും മതപരമായ ഗ്രാഹ്യവും സമ്പാദിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാവുകയുള്ളൂ.അല്ലെങ്കിൽ നിർബന്ധിത സാഹചര്യത്തിൽ പഠിക്കുക എന്നതും നിർബന്ധമായി വഖ്ഫ് ചെയ്യുക എന്നതും ഫലപ്രദമായ ഒരു പ്രവൃത്തിയായിത്തീരുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ദീനിനെക്കുറിച്ച് അഗാധമായ അറിവ് കരസ്ഥമാക്കിയ ആളുകൾ ഉണ്ടായിരിക്കേണ്ടതാണ്. അതായത് തിരുനബി (സ) പഠിപ്പിച്ചു തന്നിട്ടുള്ള ദീനിനെക്കുറിച്ച് അഗാധമായി ചിന്തിക്കാൻ കഴിയണം. ചുരുക്കത്തിൽ പ്രത്യേകിച്ച് മതപരമായ അറിവ് കരസ്ഥമാക്കി തങ്ങളുടെ ജീവിതം വഖ്ഫ് ചെയ്യാൻ ആഗ്രഹിക്കുന്നവർ, അല്ലെങ്കിൽ ലോകത്തുള്ള ജാമിഅ്ആകളിൽ പഠിച്ചുക്കൊണ്ടിരിക്കുന്ന വഖ്ഫെ നൗ വിദ്യാർത്ഥികൾ എപ്പോഴും ഓർത്തിരിക്കേണ്ടത് ഹദ്റത്ത് നബി കരീം(സ) പഠിപ്പിച്ചുതന്നിട്ടുള്ള ദീനാണ് പഠിക്കേണ്ടതാണെന്നാണ്. അദ്ദേഹം ഏത് ദീനാണ് പഠിപ്പിച്ചുതന്നിട്ടുള്ളത്? അദ്ദേഹം നമ്മുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളമതത്തെയും, മാതൃകയെയുംക്കുറിച്ച്, ഹദ്റത്ത് ആയിശ(റ) യുടെ ഈ വിശദീകരണം നമുക്ക് മാർഗ്ഗദീപമാണ്. അത് ഇപ്രകാരമാണ്. **കാന ഖുലുക്കുഹുൽ ഖുർആൻ** അതായത്, ഹദ്റത്ത് നബി കരീം (സ)ന്റെ സ്വഭാവം ഖുർആനായിരുന്നു. ഹദ്റത്ത് നബി കരീം (സ) യുടെ മതം വിശുദ്ധഖുർആനിലെ ഓരോ കൽപനയും മനസ്സിലാക്കിക്കൊണ്ട് അത് പ്രാവർത്തികമാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. ചുരുക്കത്തിൽ ഹദ്റത്ത് നബി കരീം(സ)യുടെ മാതൃകയെ പിൻപറ്റാനാണ് ഓരോ വിശ്വാസിയോടും കൽപ്പിച്ചിട്ടുള്ളത്. എന്നാൽ മതപരമായ അറിവ് കരസ്ഥമാക്കുന്നവർ, മതം മനസ്സിലാക്കുകയും, അത് പഠിക്കുകയും ചെയ്യുന്നുവെന്ന് വാദിക്കുന്നവർ, സാധാരണ വിശ്വാസികളേക്കാൾ കൂടുതലായി നന്മയിലേക്ക് ക്ഷണിക്കുന്നവർ, മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലായി നന്മയെക്കുറിച്ച് ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്നവരാണെന്ന് ആരിൽ നിന്നാണോ പ്രതീ ക്ഷിക്കുന്നത്, അവർ എത്രമാത്രം ഈ മാതൃകയെ പിൻപറ്റേണ്ടത് നിർബന്ധമാണ്? ചുരുക്കത്തിൽ ജീവിതം വഖ്ഫ് ചെയ്തിട്ടുള്ളവർ ഓരോ

രുത്തരം ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്. വിശുദ്ധഖുർആൻ പരിപൂർണ്ണമായ ഒരു ശരീഅത്ത് ഗ്രന്ഥമാണെന്നാണ് നമ്മുടെ വാദമെങ്കിൽ തങ്ങളുടെ ഉത്തരവാദിത്വം ശരിയായ രീതിയിൽ നിറവേറ്റുന്നതിനുവേണ്ടി തങ്ങളുടെ ജീവിതം അതിന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് ആക്കി തീർക്കാൻ വേണ്ടി ശ്രമിക്കേണ്ട് മതപരമായ അറിവ് സമ്പാദിക്കുന്നവരുടെ ഉത്തരവാദിത്തമാണ്. തങ്ങളുടെ മാതൃകകൾ നിലനിർത്തിക്കൊണ്ട് അല്ലാഹുവിലേക്ക് വിളിക്കുന്നവരായി,ഏറ്റവും നല്ല രീതിയിൽ തർബിയ്യത്ത് തബ്‌ലീഗിന്റെ കടമകൾ നിർവഹിക്കുന്നവരായി തീരേണ്ടതാണ്. വഖ്ഫ് ചെയ്തവർ എപ്രകാരമുള്ളവരായിരിക്കണമെന്നാണ് ഹ: മസീഹ് മൗഊദ് (അ)ന്റെ ആഗ്രഹിക്കുന്നതെന്ന് ഇനി ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്.

അദ്ദേഹം പറയുന്നു: വെറും സംസാരത്തിൽ മാത്രമല്ല മറിച്ച് പ്രവൃത്തിയിലൂടെയും കാണിക്കുന്ന ആളുകളേയാണ് നമുക്ക് ആവശ്യം. വായ കൊണ്ടുള്ള വിജ്ഞാനവാദം ഒരു പ്രയോജനവും ചെയ്യുകയില്ല.

ചുരുക്കത്തിൽ എല്ലാ മുബല്ലിഗ്മാരോടും, ലോകത്തുള്ള വിവിധ നാടുകളിലെ ജാമിഅകളിൽ പഠിക്കുന്നവരോടും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശത്തെ എപ്പോഴും മുന്നിൽ കാണേണ്ടതാണെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ അറിവിലും പ്രവൃത്തിയിലും സാമ്യതയുണ്ടോ ഇല്ലയോ എന്ന് എപ്പോഴും പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നമസ്ക്കാരത്തിൽ അശ്രദ്ധ കാണിക്കുന്നത് പാപമാണെന്ന് നാം ഉപദേശിക്കൊണ്ടിരിക്കുകയും സ്വയം നമസ്ക്കാരത്തിൽ അശ്രദ്ധരുമാണെങ്കിൽ, പ്രത്യേകിച്ച് ജാമിഅ അഹ്മദിയ്യയിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഓർത്തിരിക്കേണ്ട കാര്യമാണിത്. ചില ആളുകൾ പ്രവർത്തനരംഗത്ത് വന്നതിനു ശേഷവും അലസത കാണിക്കാറുണ്ട് അവരും ഈ കാര്യം ഓർക്കേണ്ടതാണ്. അതുപോലെ വിവാഹസന്ദർഭങ്ങളിൽ നടന്നുവരുന്ന അനാചാരങ്ങൾ ബിദ്അത്തുകളാണ്, കാലത്തിന്റെ ഖലീഫയും ജമാഅത്തും അതിനനുവാദം തരുന്നില്ല, മതവും അതിനു അനുവാദം തരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ശക്തമായി നിരോധിച്ചിട്ടുമുണ്ട്, അതുപോലെ അല്ലാഹുവും അവന്റെ റസൂലും ഇക്കാര്യം നിരാകരിക്കുകയും ചെയ്യുന്നു എന്ന് മറ്റുള്ളവരോട് പറയുകയും എന്നിട്ട് തങ്ങളുടെ കുട്ടികളുടേയോ, ബന്ധുമിത്രാദികളു

ടേയോ കല്യാണത്തിൽ ആ ചിന്ത വരാതിരിക്കുകയും ചെയ്യുക, അല്ലെങ്കിൽ ഇത്തരം അനാചാരങ്ങൾ നടക്കുന്ന കല്യാണത്തിൽ പങ്കെടുക്കുകയും,അവിടെ ഇരിക്കുകയും, അവരെ ഉപദേശിക്കാതിരിക്കുകയും അതുമല്ലെങ്കിൽ അവിടുന്ന് എഴുന്നേറ്റ് പോകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതെല്ലാം തെറ്റാണ്. ചുരുക്കത്തിൽ മതപരമായ അറിവ് സമ്പാദിച്ചിട്ടുണ്ടെങ്കിൽ അത് പ്രാവർത്തികമാക്കാനും ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ജീവിതം വഖ്ഫ് ചെയ്തവർ അഹങ്കാരത്തിൽ നിന്നും വെറുപ്പിൽ നിന്നും പരിശുദ്ധരാവേണ്ടതാണ്.

വിവിധ നാടുകളിൽ ഫീൽഡിൽ പ്രവർത്തിക്കുന്ന ജീവിതം വഖ്ഫ് ചെയ്തവരും, ജാമിഅകളിൽ പഠിക്കുന്നവരും ഒരു ആത്മ പരിശോധന നടത്തേണ്ടതാണ്. ഈ രീതിയിൽ ആത്മപരിശോധന നടത്തുന്ന ശീലമുണ്ടായിത്തീരുമ്പോൾ ഒരു മാറ്റവും ഉണ്ടാകുന്നതാണ്. ഇൻശാ അല്ലാഹ്. ഈ വർഷം കാനഡയിലെ ജാമിഅയിൽ നിന്ന് വഖ്ഫെ നൗവിൽ പ്പെട്ട മുറബ്ബിമാരുടെ ആദ്യത്തെ ബാച്ച് പഠനം പൂർത്തിയാക്കി പുറത്തു വരികയാണ്. ഇൻശാ അല്ലാഹ്. മറ്റുള്ള സ്ഥലങ്ങളിൽ നിന്നും വഖ്ഫെ നൗവ്വിൽ പ്പെട്ട കുട്ടികൾ പുറത്ത് വരാൻ തുടങ്ങികഴിഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല, പാക്കിസ്ഥാനിൽ വഖ്ഫെ നൗവ്വിൽപ്പെട്ട ചിലർ മുറബ്ബികളായിത്തീരുകയും ചെയ്തിട്ടുണ്ട്. വിനയം എന്നുള്ളത് ഒരു മുബല്ലിഗിന്റെ പ്രത്യേകതയാണെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. എന്നാൽ തന്റെ അഭിമാനവും നിലനിർത്തേണ്ട ആവശ്യമുണ്ട്.

വഖ്ഫ് ചെയ്തവരെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് ഇപ്രകാരം പറയുന്നു: നമ്മുടെ ഗ്രന്ഥങ്ങൾ ധാരാളമായി വായിക്കുന്നതുകൊണ്ട് അവരുടെ അറിവ് പരിപൂർണ്ണമായ തലം വരെ എത്തുന്നു. എത്തിക്കുകയെന്നല്ല പറഞ്ഞത്. അറിവ് പരിപൂർണ്ണ തലം വരെ എത്തുന്ന വിധത്തിൽ വായിക്കണമെന്നാണ്.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥം വായിക്കുക എന്നത് ജാമിഅയിൽ പഠിക്കുന്ന അവസരത്തിലും പ്രവർത്തനരംഗത്തും വളരെ അനിവാര്യമാണ്. കാരണം ഇവയാണ് ഈ കാലഘട്ടത്തിൽ യഥാർത്ഥ ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലേക്ക് മാർഗ്ഗദർശനം നൽകുന്നത്.

അപ്രകാരം തന്നെ ഉള്ളതിൽ തൃപ്തിപ്പെടുക എന്നത് ഒരു മുബല്ലിഗിനെ സംബന്ധിച്ചിടത്തോളം വളരെ നിർബന്ധമായ കാര്യമാണ്. ഈ അവസ്ഥ കൈവരിക്കാനുള്ള മാർഗ്ഗം അദ്ദേഹം സ്വയം നിശ്ചയിച്ചിരിക്കുന്നു.

അദ്ദേഹം പറയുകയാണ്, നമ്മുടെ ഉദ്ദേശരീതിക്കനുസരിച്ച് ഉള്ളതിൽ തൃപ്തിപ്പെടുക എന്ന ശീലം ഏതുവരെ ഉണ്ടാക്കിത്തീർക്കുന്നില്ലയോ അതുവരെ പരിപൂർണ്ണമായ നിലയിൽ ഉത്തരവാദിത്തം നല്കാൻ സാധിക്കുകയില്ല. അതായത്, ഉള്ളതിൽ തൃപ്തിപ്പെടുക എന്ന ശീലം ഉള്ളവർക്ക് മാത്രമെ ഈ തബ്‌ലീഗിന്റെ, വഖ്ഫെ സിന്ദഗിയുടെ ജോലിയുടെ ഉത്തരവാദിത്തം നൽകാൻ സാധിക്കുകയുള്ളൂ.

ഉദ്ദേശ്യം എന്താണ്? ഹുസൂർ (അ) വീണ്ടും പറയുന്നു. നബി (സ) യുടെ സഹാബാക്കൾ ഉള്ളതിൽ തൃപ്തിപ്പെടുന്നവരും, അദ്ധ്വാനശീലരും, ചില സമയങ്ങളിൽ വൃക്ഷത്തിന്റെ ഇലകൾ മാത്രം കഴിച്ച് ജീവിതം നയിക്കുന്നവരുമായിരുന്നു. (മൽഫൂസാത്ത് അഞ്ചാം ഭാഗം, പേജ്658, പുതിയ എഡിഷൻ)

ഹ: മസീഹ് മൗഊദ്(അ)ന്റെ ദുആയും ആഗ്രഹവും പൂർത്തിയാക്കിക്കൊണ്ട് അത്തരത്തിലുള്ള ഭക്തരായിട്ടുള്ള മുബല്ലിഗുമാരെ അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് നൽകുകയുണ്ടായി. ഉള്ളതിൽ തൃപ്തിപ്പെടുക എന്ന അവരുടെ അവസ്ഥ അസൂയാർഹമായ കാര്യമായിരുന്നു. ഇന്ന് മുബല്ലിഗീങ്ങൾക്ക് പല സൗകര്യങ്ങളുമുണ്ട്. എന്നാൽ ഒരു സൗകര്യവുമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ ജമാഅത്തിന്റെ സാമ്പത്തികപരമായ അവസ്ഥ വളരെ നല്ലതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാധ്യമാകുന്ന രീതിയിൽ ശ്രദ്ധിക്കാനും പരിശ്രമിക്കുന്നുണ്ട്. എന്നിരുന്നാലും ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും അഭിമുഖീകരിക്കേണ്ടതായിവരുന്നു. എന്നാൽ ദീനിനുവേണ്ടി എല്ലാവിധ ത്യാഗങ്ങൾക്കായും സ്വയം സമർപ്പിച്ചതിനാൽ പിന്നെ ഈ ബുദ്ധിമുട്ടുകൾക്കും ക്ലേശങ്ങൾക്കും ഒരു പ്രാധാന്യവും ഉണ്ടാവരുത്. ഉണ്ടാവാൻ പാടുള്ളതുമല്ല. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ റബ്‌വയിലും ഖാദിയാനിലും മാത്രമല്ല ലോകത്തുള്ള മറ്റ് സ്ഥലങ്ങളിലും ഉദാഹരണത്തിന് യു.കെ.യിലും, കാനഡയിലും, ജർമനിയിലും ജാമിഅകൾ നിലവിലുണ്ട്. ഞാൻ പറഞ്ഞതുപോലെ ഈ വർഷം കാന

ഡയിലെ ജാമിഅയിൽ നിന്ന് മുബല്ലിഗിന്റെ ആദ്യത്തെ ബാച്ച് പുറത്ത് വരികയാണ്, പ്രവർത്തന രംഗത്തേക്ക് കടന്നുവരികയാണ്. ഇൻശാ അല്ലാഹ്. ഇതുപ്പോലെ തന്നെ ഇന്തോനേഷ്യയിലും, ആഫ്രിക്കയിലെ ചില നാടുകളിലും ജാമിഅകൾ നിലവിലുണ്ട്. ഇന്തോനേഷ്യയിലേയും ആഫ്രിക്കൻ നാടുകളിലേയും ജാമിഅക ളിൽ അവിടെ തന്നെയുള്ള വിദ്യാർത്ഥികളാണ് പഠിക്കുന്നത്. അവരുടെ രാജ്യങ്ങളുടെ അവസ്ഥക്കനുസരിച്ചുകൊണ്ട് കഴിഞ്ഞു കൂടുന്നവരാണവർ. എന്നാൽ പാശ്ച്യാത്യരാഷ്ട്രങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ പ്രത്യേകം ഓർക്കേണ്ട ഒരു കാര്യം ജീവി തം വഖ്ഫ് ചെയ്തവർ എന്ന നിലയിൽ അവരെ എവിടെ അയ ച്ചാലും അത് പ്രാവർത്തികമാക്കിക്കൊണ്ട് അവിടേക്ക് പോകേണ്ട താണ്. ഇതാണ് വഖ്ഫിന്റെ ആത്മാവ്. അവരെ യൂറോപ്പിൽ തന്നെ നിയമിക്കുമെന്നതിൽ ഒരു നിർബന്ധവുമില്ല. ഒരുപക്ഷേ ഇവിടെ താമസിക്കുന്നവരെ ആഫ്രിക്കയിലേക്ക് അയക്കാനും സാധ്യത യുണ്ട് . അപ്പോൾ അവിടുത്തെ കാഠിന്യമേറിയ കാലാവസ്ഥയിൽ വിഷമങ്ങൾ സഹിക്കേണ്ടതായി വരും. എന്നാൽ അല്ലാഹുവിനു വേണ്ടി വഖ്ഫ് ചെയ്തതിനാൽ പിന്നെ കാഠിന്യം സഹിക്കേണ്ട തിനും തയ്യാറാവേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, ഇപ്പോൾ പല സൗകര്യങ്ങളുമുണ്ട്. എന്നാൽ ആരംഭത്തിൽ പ്രവർത്തനത്തി നായി പുറത്ത് പോയിട്ടുള്ള മുബല്ലിഗീങ്ങൾക്ക് വളരെ ബുദ്ധി മുട്ടുകൾ അഭിമുഖീകരിക്കേണ്ടതായിവന്നിട്ടുണ്ട്. ആ മുബല്ലിഗീങ്ങൾ എപ്രകാരമാണ് ത്യാഗങ്ങൾ ചെയ്തതെന്നും,ഏതെല്ലാം അവസ്ഥ യിലാണ് അവർ കഴിച്ചു കൂട്ടിയതെന്നും നിങ്ങൾക്ക് മനസ്സിലാക്കു ന്നതിനു വേണ്ടി ചില സംഭവങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കു കയാണ്.

നമ്മുടെ ഒരു മുബല്ലിഗ് ശാഹ് മുഹമ്മദ് സയ്യിദ് സാഹിബ്, അദ്ദേ ഹം തന്റെ ഒരു സംഭവം ഇപ്രകാരം പറയുന്നു. ഞാൻ തുടർച്ചയാ യി 18 വർഷം ഇന്തോനേഷ്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ആരുടെ മുമ്പി ലും ഒരിക്കലും കൈനീട്ടിയിട്ടില്ല. എന്റെ സ്വന്തം അഭിമാനം എപ്പോ ഴും നിലനിറുത്തിപ്പോന്നു. തുച്ഛമായ അലവൻസ് കൊണ്ടായി രുന്നു ചിലവ് കഴിഞ്ഞിരുന്നത്. ഒരു പക്ഷേ രണ്ട് നേരത്തെ ഭക്ഷ ണം തന്നെ വളരെ വിഷമിച്ചുകൊണ്ടായിരുന്നു കഴിച്ചത്. തന്റെ

എല്ലാ ആവശ്യങ്ങൾക്ക് വേണ്ടിയും റബ്ബിന്റെ വാതിൽ മുട്ടിക്കൊണ്ടിരുന്നു. അപ്പോൾ അവൻ എന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു. 18 വർഷത്തിനു ശേഷം തിരിച്ചുവരാനുള്ള സമയം വന്നപ്പോൾ എനിക്ക് വളരെയധികം സന്തോഷമുണ്ടായി. കപ്പലിലായിരുന്നു ഞാൻ പാക്കിസ്ഥാനിലേക്ക് യാത്രതിരിച്ചത്. അദ്ദേഹം പറയുകയാണ്. എന്റെ പക്കൽ ഒരു തലപ്പാവും രണ്ട് ജോഡി കഴുകി വൃത്തിയാക്കിയ സൽവാർ കമ്മീസും മാത്രമാണ് ഉണ്ടായിരുന്നത്. ഇതല്ലാതെ വേറെയൊന്നും തന്നെ ഉണ്ടായിരുന്നില്ല. പറയുന്നു, കപ്പലിലാണ് യാത്ര ചെയ്തിരുന്നത്. അക്കാലത്ത് വിമാനത്തെക്കുറിച്ച് ഊഹിക്കാൻ പോലും സാധിക്കുമായിരുന്നില്ല. ഞാൻ ഇത്ര ദീർഘമായ കാലത്തിനുശേഷം നാട്ടിൽ തിരിച്ചുവരികയാണ്. റബ്‌വ റയിൽവേ സ്റ്റേഷനിൽ എത്തിയാൽ ധരിക്കാനുള്ള പുതിയ വസ്ത്രം എന്റെ പക്കലില്ലല്ലോ എന്ന് യാത്രാമധ്യേ ഞാൻ മനസ്സിൽ ചിന്തിച്ചു. അക്കാലത്ത് മുബല്ലിഗുമാർ ആദ്യം കറാച്ചിയിലാണ് എത്താറുള്ളത്. പിന്നെ അവിടന്ന് തീവണ്ടി മാർഗമാണ് റബ്‌വയിലേക്ക് വരാറുള്ളത്. പറയുന്നു ഞാൻ ഈ ചിന്തയിൽ ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഇത്തരത്തിലുള്ള ആഗ്രഹങ്ങൾ ഒരിക്കലും എന്റെ ഹൃദയത്തിൽ പ്പോലും ഉണ്ടാവാൻ പാടുള്ളതല്ല ഇത് വഖ്ഫിന്റെ ആത്മാർത്ഥതയ്ക്ക് വിരുദ്ധമാണ് എന്ന തോന്നൽ ഹൃദയത്തിൽ പെട്ടെന്നുണ്ടായി. അപ്പോൾ തന്നെ ഞാൻ വളരെയധികം ഇസ്തിഗ്ഫാറും തൗബയും ചെയ്തു. കുറച്ചു ദിവസങ്ങൾക്ക് ശേഷം സിങ്കപ്പൂർ തുറമുഖത്ത് കപ്പലടുത്തു. ഞാൻ കപ്പലിന്റെ പിൻവശത്ത് ഡെക്കിൽ നിന്ന് കാഴ്ചകൾ കാണുകയായിരുന്നു. ഒരു വ്യക്തി തുണിയുടെ വലിയൊരു കെട്ട് എടുത്ത് കൊണ്ട് കപ്പലിൽ കയറുന്നതായി കണ്ടു. അദ്ദേഹം നേരെ കപ്പിത്താന്റെ അടുത്ത് പോകുകയും എന്തോ ചോദിക്കുകയും ചെയ്തു. കപ്പിത്താൻ അദ്ദേഹത്തെ എന്റെ അടുത്തേക്ക് പറഞ്ഞയച്ചു. അദ്ദേഹം എന്റെ അടുത്ത് വന്ന് ആലിംഗനം ചെയ്തു. എന്നിട്ട് പറഞ്ഞു. ഞാനൊരഹ്മദിയാണ്. തയ്യൽക്കാരനാണ്. താങ്കൾ വരുന്നുണ്ടെന്നും യാത്രമധ്യേ സിങ്കപ്പൂരിൽ തങ്ങുന്നതാണെന്നുമുള്ള വിവരം അൽഫസ്ലിലൂടെ അറിയാൻ സാധിച്ചു. അപ്പോൾ താങ്കൾക്ക് എന്തെങ്കിലും ഉപഹാരം നൽകണമെന്ന ഒരാഗ്രഹം എന്റെ മനസ്സിലുണ്ടായി. ഇതിനുമുമ്പ് താങ്കളുടെ

ഫോട്ടോ ഞാൻ കണ്ടിരുന്നു. അത്കൊണ്ട് താങ്കളുടെ പൊക്കം എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അതിനനുസരിച്ച് താങ്കൾക്ക് രണ്ട് ജോഡി പുതിയ ഡ്രസ്സും തലപ്പാവും തയ്യാറാക്കി കൊണ്ട് വന്നിരിക്കുന്നു. താങ്കൾ ഇത് സ്വീകരിച്ചാലും ശാഹ് സാഹിബ് പറയുന്നു, അല്ലാഹു എങ്ങിനെയാണ് എന്റെ ആഗ്രഹത്തെ പൂർത്തിയാക്കിത്തരുന്നതിനായി ഞാൻ അറിയാത്ത എന്നെ അറിയാത്ത ഒരു അഹ്മദിയുടെ മനസ്സിൽ ചിന്ത ഇട്ട് കൊടുത്തത് എന്നോർത്ത് എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരികയുണ്ടായി. അദ്ദേഹം മുബല്ലിഗീങ്ങളെ ഉപദേശിച്ചുകൊണ്ട് പറയുന്നു:

മുബല്ലിഗീങ്ങൾ വെറും അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിടുകയും മറ്റാരുടെ മുമ്പാകെ കൈനീട്ടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അദൃശ്യമായ നിലയിൽ അവർക്ക് വേണ്ടി സാധനസാമഗ്രികൾ ഒരുക്കിക്കൊടുക്കുന്നു.

മുബല്ലിഗുമാരോട് മാത്രമല്ല മറിച്ച് ജീവിതം വഖ്ഫ് ചെയ്ത എല്ലാവരോടും അല്ലാഹു ഈ രീതിയിൽ പെരുമാറുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനരംഗത്ത് ഇത്തരത്തിലുള്ള ദൃശ്യങ്ങൾ നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നു.

മൗലാനാ ഗുലാം അഹ്മദ് ഫറഖ് സാഹിബിനെക്കുറിച്ച് അദ്ദേഹത്തിന്റെ മകൻ എഴുതുന്നു. അദ്ദേഹവും ദീർഘകാലം വിദേശത്ത് മുബല്ലിഗായിരുന്നു. തിരിച്ചുവന്നപ്പോൾ ഹൈദരബാദിൽ അദ്ദേഹത്തെ നിയമിച്ചു. അവിടെ ജമാഅത്തിന്റെ വകയായി ഒരു ചെറിയ വീട് ലഭിച്ചു. അതും പഴകിയ വീടായിരുന്നു. അദ്ദേഹം ദീർഘകാലം വിദേശത്തായിരുന്നു താമസിച്ചിരുന്നത്, അതുകൊണ്ട്, ഇനി പിതാവ് നമ്മുടെ കൂടെ ഉണ്ടാകുമല്ലൊ എന്നോർത്ത് ഞങ്ങൾ സന്തോഷിച്ചു. എന്നാൽ വീടിന്റെ അവസ്ഥ കണ്ട് അദ്ദേഹത്തിന്റെ ഇളയ സഹോദരൻ അവന്റേതായ വിവേകം വെച്ചുകൊണ്ട് പിതാവിനോട് പറഞ്ഞു, വീട് പുതുക്കിപ്പണിയാൻ ജമാഅത്തിനോട് അപേക്ഷിക്കുക എന്ന്. എന്നാൽ മൗലാനാ സാഹിബിന് തന്റെ വഖ്ഫിനെക്കുറിച്ചുള്ള ചിന്തയായിരുന്നു എപ്പോഴും ഉണ്ടായിരുന്നത്. അദ്ദേഹത്തിന് ഇതിലൊന്നിലും ഒരു താൽപര്യമുണ്ടായിരുന്നില്ല. അദ്ദേഹം വളരെ സ്നേഹത്തോടുകൂടി മക്കളെ വിളിച്ച് അടുത്തിരുത്തി എന്നിട്ട് വളരെ ഹിക്മത്തോട് കൂടി വഖ്ഫ് ചെയ്തവരുടെ ജീവിതത്തിലെ വിനയത്തെക്കുറിച്ചും ലാളിത്യത്തെക്കുറിച്ചും പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു.

എല്ലാ ആഗ്രഹങ്ങളേയും നിയന്ത്രിക്കുകയും എല്ലാ ആവശ്യങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുക എന്നത് വഖ്ഫ് ചെയ്തവരുടെ ലക്ഷ്യമാണ്. നിങ്ങളെല്ലാവരും എന്നെ സഹായിക്കുന്നവരായി മാറണം എന്നതാണ് എന്റെ ഹൃദയാഭിലാഷം. ഓരോ കാലടികളും എടുത്ത് വെക്കുമ്പോഴും ജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സഹിച്ചു കൊണ്ട് അല്ലാഹുവിനെ സന്തുഷ്ടനാക്കുക. കുട്ടികൾക്ക് നൽകിയ ഉപദേശമാണ് ഇത്.

മൗലാനാ ഗുലാം അഹ്മദ് ഫറഖ് സാഹിബിന്റെ ഈ മകൻ പറയുന്നു. ഇദ്ദേഹം ഒരിക്കൽ ഞങ്ങളുടെ അടുത്ത് വന്നു. ആ സമയത്ത് റിട്ടയർ ചെയ്യുമ്പോൾ ഇദ്ദേഹം പട്ടാളത്തിൽ മേജർ ആയിരുന്നു. കുട്ടികൾ എല്ലാവരും നല്ല ജോലിയിലായിരുന്നു. അതുകൊണ്ട് ഇദ്ദേഹത്തിന് എന്തെങ്കിലും സേവനം ചെയ്യണം അതിനാൽ പിതാവ് റിട്ടയർമെന്റ് വാങ്ങട്ടെ എന്ന് ഞങ്ങളുടെ കുട്ടികൾ ആഗ്രഹിച്ചു. ഈ ആഗ്രഹം പിതാവിനോട് പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു. ഞാൻ ഇതിനുള്ള മറുപടി നാളെ നൽകുന്നതാണ്. ഈ മറുപടിയിൽ ഞങ്ങളെല്ലാവരും സന്തോഷിച്ചു. ഒരു പക്ഷേ ഞങ്ങളുടെ അഭിപ്രായം അംഗീകരിച്ചുക്കൊണ്ട് ഞാൻ നിങ്ങളുടെ അടുത്ത് വരികയാണെന്ന് പറയുമെന്ന് ഞങ്ങൾ ധരിച്ചു. പിറ്റേന്ന് ഞങ്ങളെല്ലാവരേയും അടുത്ത് ഒരുമിച്ചിരുത്തിക്കൊണ്ട് പറഞ്ഞു. ഞാൻ അങ്ങേയറ്റം നിസ്സാരനായ ഒരാളാണ്. നിങ്ങളിന്നലെ എന്നോട് പറഞ്ഞിട്ടുള്ള കാര്യം എന്റെ മനസ്സിനെ വല്ലാതെ പിടിച്ചു കുലുക്കുകയുണ്ടായി. അല്ലാഹുവിനു വേണ്ടി ഇക്കാര്യം രണ്ടാമതും എന്നോട് പറയരുത്. അല്ലാഹു എന്നെ ഈ ലോകത്ത് നിന്ന് തിരിച്ചു വിളിക്കുന്നതുവരെ ജീവിതം വഖ്ഫ് ചെയ്ത അതേ അവസ്ഥയിൽ ഓരോ ശ്വാസച്ഛ്വാസം ജീവിക്കുന്നതാണെന്ന് അല്ലാഹുവിനോട് സത്യം ചെയ്തുക്കൊണ്ട് വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പറഞ്ഞ ഈ കാര്യം എന്റെ വാഗ്ദാനത്തിൽ നിന്ന് എന്നെ തെറ്റിച്ചുകളയുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ട് വീണ്ടും നിങ്ങളോട് ഞാൻ പറയുന്നത് ഇനി ഒരിക്കലും എന്നോട് ഈ രീതിയിൽ സംസാരിക്കരുത് എന്നാണ്. പിന്നെ അദ്ദേഹം എഴുന്നേറ്റ് നിന്നുക്കൊണ്ട് പറഞ്ഞു. അല്ലാഹുവിനോട് ചെയ്ത എന്റെ ഈ പ്രതിജ്ഞ പൂർത്തിയാക്കുന്നതിനുവേണ്ടി നിങ്ങൾ എപ്പോഴും ദുആ ചെയ്യേണ്ടതാണ്. ഇവരാണ്

ജീവിതം വഖ്ഫ് ചെയ്തതിന്റെയും ഉള്ളതിൽ തൃപ്തിപ്പെടുകയും ചെയ്യുക എന്നതിന്റെയും കടമകൾ നിറവേറ്റിയവർ.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ജീവിതം വഖ്ഫ് ചെയ്തവർ യാത്രയുടെ ക്ലേശങ്ങൾ സഹിക്കുന്നവരായിരിക്കണം. (മൽഫൂസാത്ത് വാല്യം -5 പേജ്-684 പുതിയ എഡിഷൻ)

അതായത് യാത്രയിലെ ബുദ്ധിമുട്ടുകളും, ക്ലേശങ്ങളും സഹിക്കുക. ഗ്രാമങ്ങൾ തോറും ചുറ്റിക്കറങ്ങി നമ്മുടെ വരവിനെക്കുറിച്ചുള്ള അറിയിപ്പ് ജനങ്ങൾക്ക് നൽകുക. ആരംഭത്തിൽ ആഫ്രിക്കയിൽ പോയിട്ടുള്ള നമ്മുടെ മുബല്ലിഗീങ്ങളും ഇന്ത്യയിലുള്ള മുബല്ലിഗീങ്ങളും അവർ യാത്രയിലുണ്ടാകുന്ന ക്ലേശങ്ങൾ സഹിച്ചിട്ടുണ്ടായിരുന്നു. യാത്രാസൗകര്യങ്ങൾ ഉണ്ടായിരുന്നില്ല, എന്നു മാത്രമല്ല അവർക്ക് ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിക്കാനുള്ള വഴിച്ചെലവും ഉണ്ടായിരുന്നില്ല. അത്ര പൈസയും ഉണ്ടായിരുന്നില്ല. യാത്രയിലുണ്ടാകുന്ന ക്ലേശങ്ങൾ സഹിക്കുക മാത്രമല്ല ചെയ്തിരുന്നത്. മറിച്ച് ഇന്ത്യയിലും, പുറത്തും, ആഫ്രിക്കയിലും ശത്രുക്കളെ നേരിടേണ്ടതായും വന്നിട്ടുണ്ട്. മൗലാനാ നദീർ അഹ്മദ് അലി സാഹിബിന്റെ ഇത്തരത്തിലുള്ള ധാരാളം സംഭവങ്ങളുണ്ട്. ഗ്രാമവാസികൾ അദ്ദേഹത്തെ ആട്ടി ഓടിച്ചപ്പോൾ അദ്ദേഹം പുറത്ത് കാടുകളിൽ രാത്രി കഴിച്ചുകൂട്ടി. രാത്രി മുഴുവനും കൊതുകുകളുടെ നടുവിലായിരുന്നു. ആഫ്രിക്കയിലെ കൊതുകുകളും വലിയ അപകടകാരികളാണ്. ഇന്ന് ആഫ്രിക്കയിൽ ജമാഅത്തിന് ലഭിച്ചിട്ടുള്ള സൽപ്പേരും പുരോഗതിയും ഈ ഭക്തരായിട്ടുള്ള വ്യക്തികളുടെ ത്യാഗത്തിന്റെ ഫലമാണ്. ഇദ്ദേഹത്തിന്റെ ഒരു സംഭവം ഞാൻ പറയാം.

മൗലാനാ സിദ്ദീഖ് സാഹിബ് അമൃത്സരി ഇദ്ദേഹം മൗലവി നദീർ അഹ്മദ് അലി സാഹിബിന്റെ കൂടെയാണ് ഉണ്ടായിരുന്നത്, വിവരിക്കുന്നു, രണ്ടാംലോക മഹായുദ്ധത്തിന് ശേഷം 1940 ൽ ഞാനും (മൗലവി സിദ്ദീഖ് സാഹിബ്) മൗലവി മുഹമ്മദ് നദീർ അഹ്മദ് അലി സാഹിബും സിറാലിയോണിലെ വ്യാപാരകേന്ദ്രമായ ഖാസിരി എന്നു പേരുള്ള ഒരു ഗ്രാമത്തിൽ തബ്ലീഗ് പരിപാടി ആവിഷ്കരിച്ചു. അത് ഫ്രീ ടൗണിൽ നിന്ന് 40 കിലോമീറ്റർ ദൂരെ നദിയുടെ മറുകരയിലാണ് സ്ഥിതി ചെയ്തിരുന്നത്. തോണിയിലാണ് അവിടേക്ക് പൊയ്ക്കൊണ്ടിരുന്നത്. മൗലവി നദീർ അഹ്മദ്

അലി സാഹിബ് ആദ്യമെ തന്നെ അവിടെ ഇസ്ലാമിന്റെ സന്ദേശം എത്തിച്ചിട്ടുണ്ടായിരുന്നു. അതുകാരണം എതിർപ്പു വർദ്ധിച്ചിട്ടുണ്ടായിരുന്നു. പറയുന്നു, ഇത് ഞങ്ങളുടെ രണ്ടാമത്തെ യാത്രയായിരുന്നു. അവിടെയുള്ള അധികമാളുകളും ഫൗലാനി ഗോത്രത്തിൽ പെട്ടവരാണ്. തങ്ങളാണ് യഥാർത്ഥ മുസ്ലീംകളെന്നു അവർ അഭിമാനിക്കാറുണ്ട്. അവരുടെ തലമുറ അറബികളുമായിട്ടാണ് കൂടുതൽ ബന്ധപ്പെട്ടു കിടക്കുന്നതെന്ന കാര്യം പ്രകടിപ്പിക്കാറുണ്ട്. ഏതായിരുന്നാലും അവർ അവിടെ പോയി. ഫൗലാനികളും, മുസ്ലീംകളും വ്യാജവും സാങ്കൽപ്പികവുമായ കാര്യങ്ങളും പൊതുജനങ്ങൾക്കിടയിൽ ഇടയിൽ പ്രചരിപ്പിച്ചിട്ടുണ്ടായിരുന്നതിനാൽ ഞങ്ങൾ രണ്ടാമതും വരികയാണെങ്കിൽ ഞങ്ങൾക്ക് തങ്ങാനുള്ള സ്ഥലം നൽകുകയില്ലെന്ന് അവർ പ്രതിജ്ഞയെടുത്തിരുന്നു. ഇവർ പറയുന്നു, ഞങ്ങളുടെ ഉദ്ദേശ്യം, ഇസ്ലാമിന്റെ പ്രചരണം മാത്രമായിരുന്നു. അഹ്മദിയ്യത്തിന്റെയും ഇസ്ലാമിന്റെയും സന്ദേശം എത്തിക്കുക എന്നതായിരുന്നു. ഇതിന്റെ യഥാർത്ഥ ആത്മാവിനെ കുറിച്ച് ബോധവാൻമാരാക്കുകയെന്നതായിരുന്നു. അമുസ്ലീംകളെയും ക്രിസ്ത്യാനികളെയും കൃത്യമായി തബ്ലീഗ് ചെയ്യുക എന്നതായിരുന്നു. അത്കൊണ്ട് കുറച്ച് ദിവസം അവിടെ താമസിച്ചുക്കൊണ്ട് ഞങ്ങളെ കുറിച്ച് ഉണ്ടാക്കിയിട്ടുള്ള തെറ്റിദ്ധാരണകൾ നീക്കാൻ പരിശ്രമിക്കാമെന്ന് ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ ആ സ്ഥലത്തേക്ക് തോണിയിൽ യാത്ര ചെയ്ത് മഗ്രിബ് സമയത്ത് ഖാസിരി ഗ്രാമത്തിൽ എത്തി. കുറച്ച് ദിവസം താമസിച്ചുക്കൊണ്ട് പ്രസംഗപരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരുന്നു. അതുകൊണ്ട് തോണിയിൽ നിന്ന് ഇറങ്ങി ഞങ്ങൾ നേരെ ചീഫിന്റെ കൊട്ടാരത്തിലേക്കാണ് പോയത്. എന്തുകൊണ്ടെന്നാൽ ആ സമയത്ത് ചീഫിന് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് അതിഥികളെ സൽക്കരിക്കുന്നതിനുവേണ്ടി ഗ്രാന്റ് ലഭിക്കാറുണ്ടായിരുന്നു. ഞങ്ങളോട് തെറ്റായിട്ടാണ് പറഞ്ഞിരുന്നത്. ചീഫ് തന്റെ ഫാമിൽ പോയതായിരുന്നു. അവിടെ നിന്നും മടങ്ങി വന്നിട്ടുണ്ടായിരുന്നില്ല. ബാക്കിയുള്ള ഉത്തരവാദിത്വപ്പെട്ട ആളുകൾ അങ്ങേയറ്റം അതൃപ്തിയും, എതിർപ്പും പ്രകടിപ്പിച്ചുക്കൊണ്ടിരുന്നു. അവരോട് അനുഭാവമുള്ള ചില ആളുകൾ മറ്റുള്ളവരുടെ എതിർപ്പിൽ വശംവദരാവുകയും ചെയ്തു. ഞങ്ങളെക്കുറിച്ച് ചോദിക്കാനും ആരുമുണ്ടാ

യിരുന്നില്ല. ഞങ്ങളുടെ കൂടെ ആഫ്രിക്കൻ അഹ്മദികളായ കുറച്ചു വിദ്യാർത്ഥികൾ മാത്രമാണ് ഉണ്ടായിരുന്നത്.അവർ ആഫ്രിക്കൻ നിവാസികളായതുകൊണ്ട് രാത്രി തങ്ങാനുള്ള സ്ഥലം കിട്ടി. അതു കൊണ്ട് അവർ ഞങ്ങളുടെ സാധനങ്ങളും കൂടെക്കൊണ്ടുപോയി. ഞങ്ങൾ ഗ്രാമത്തിന് പുറത്ത് കാട്ടിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. അവിടെ നദിയുടെ തീരത്ത് കടകളുള്ള ചില ലബ്നാനികളായ കച്ചവടക്കാരുമായി പരിചയപ്പെട്ടു. അതിൽ ഒരു ലബ്നാനിയോട് ഞങ്ങൾ അറബിയിൽ സംസാരിച്ചു. ഞങ്ങളുടെ അറബിസംസാരം കേട്ട് അദ്ദേഹം പ്രഭാവിതനാവുകയും അദ്ദേഹം ഞങ്ങളെ കൂടെ കൊണ്ടുപോകുകയും ചെയ്തു. അവിടെ തബ്ലീഗ് ആരംഭിക്കുക യും ചെയ്തു. പിന്നെ നിർബന്ധപൂർവ്വം രാത്രിയിലെ ഭക്ഷണം ഞങ്ങൾക്ക് തരികയും ചെയ്തു. എന്നാൽ പുസ്തകങ്ങളെല്ലാം വാഗ് ദാനം ചെയ്തു. 10 മണിക്ക് ഞങ്ങൾ അവിടുന്ന് എഴുന്നേറ്റ് തിരി ച്ചു പോന്നു. രാത്രിയിൽ തങ്ങാനുള്ള ഒരു സ്ഥലവും ഞങ്ങൾ ക്കി ല്ലെന്ന് ഞങ്ങളും അദ്ദേഹത്തോട് പറഞ്ഞതുമില്ല, അദ്ദേഹം ചോദി ച്ചതുമില്ല. വീണ്ടും ഞങ്ങൾ നദിയുടെ തീരത്തുതന്നെ വന്നിരുന്നു. ആ പ്രദേശം മുഴുവനും വിഷമുള്ള പാമ്പുകൾ കൊണ്ടും വന്യമൃഗ ങ്ങൾ കൊണ്ടും നിറഞ്ഞതുമായിരുന്നു. നദിതീരത്ത് മുതലയും അക്രമിച്ചുകൊണ്ടിരിക്കാറുമുണ്ട്. എന്നാൽ അല്ലാഹു അനുഗ്രഹി ച്ചു. അവിടെ പല അനിഷ്ഠ സംഭവങ്ങളും ഉണ്ടാകാറുണ്ട്. അല്ലാഹു എല്ലാ മൃഗങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിച്ചു. ഇത്തരം അവ സ്ഥയിൽ ഉറക്കം വരുക സാധ്യമല്ലായിരുന്നു. അതുകൊണ്ട് ഇവർ ഗ്രാമത്തിന്റെ ഒരു ഭാഗത്ത് നിന്ന് മറുഭാഗത്തേക്ക് നടന്നുകൊണ്ടി രുന്നു. അർദ്ധരാത്രിയായപ്പോൾ ഞങ്ങൾ നദിയുടെ തീരത്ത് മണ്ണിൽ വന്നിരുന്നു. ഞങ്ങൾക്ക് മനഃപാഠമായി അറിയുന്ന ഖുർആൻ സൂക്ത ങ്ങൾ അന്യോന്യം ഓതിക്കേൾപ്പിക്കാൻ തുടങ്ങി. പിന്നീട് സൂക്ത ങ്ങളുടെ വ്യഖ്യാനത്തെക്കുറിച്ച് സംസാരിച്ചു. ചുരുക്കത്തിൽ ഇങ്ങ നെ മതപരമായ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. കുറച്ചുക ഴിഞ്ഞപ്പോൾ മൗലാനാ നദീർ അഹ്മദ് സാഹിബ് അല്ലാഹു ഈ ഗ്രാമവാസികൾക്ക് ഹിദായത്ത് നൽകണമേ എന്നും, ഇസ്ലാമിനും, അഹ്മദിയ്യത്തിനും പുരോഗതിയുണ്ടാകാനും, തങ്ങളുടെ നല്ല ഉദ്ദേ ശ്യങ്ങൾക്കും വേണ്ടിയും വേദനാനിർഭരമായി സുദീർഘമായൊരു ദുആ ചെയ്യുകയുണ്ടായി. പിന്നീട് വീണ്ടും നടക്കാൻ തുടങ്ങി.

അങ്ങിനെ സമയം 3 മണി ആയപ്പോൾ തഹജ്ജുദ് നമസ്ക്കരിക്കാനായി ഗ്രാമത്തിലെ പള്ളിയിൽ പോയി. പള്ളിയിൽ പ്രവേശിച്ചപ്പോൾ ശക്തമായ കൂരിരിട്ടിൽ ഭയാനകമായ ശബ്ദം കേട്ടു. അല്പം കഴിഞ്ഞ് പള്ളിയിൽ നിന്ന് ആടുകളുടെ ഒരു കൂട്ടം പുറത്തേക്ക് വന്നു. പള്ളിയിൽ അഴുക്കും ഇട്ടിട്ടുണ്ടായിരുന്നു. മുസ്ലിംകളെന്ന് വാദിക്കുന്നവരുടെ പള്ളിയുടെ അവസ്ഥയാണ് ഇത്. പിന്നീട് ഞങ്ങൾ പള്ളി വൃത്തിയാക്കി, മുസല്ല വിരിച്ചുകൊണ്ട് തഹജ്ജുദ് നമസ്ക്കരിച്ചു. സുബ്ഹിയുടെ സമയമായപ്പോൾ ഞങ്ങൾ ഓരോരുത്തരുമായി ബാങ്ക് കൊടുത്തു. ബാങ്ക് കേട്ടപ്പോൾ ആളുകൾ ഞങ്ങളുടെ അടുത്തേക്ക് വരാൻ തുടങ്ങി. അമുസ്ലിംകളും വരാൻ തുടങ്ങി. മുസ്ലിംകളുടെ വലിയൊരു ലീഡറും(നേതാവും) ഉണ്ടായിരുന്നു. രാത്രിയിൽ ആരെങ്കിലും തങ്ങാനുള്ള സ്ഥലം നൽകുകയും നമ്മുടെ പള്ളി അധീനപ്പെടുത്തുകയും ചെയ്തുവോ എന്ന് അറിയാനാണ് അദ്ദേഹം വന്നത്. ഏതായിരുന്നാലും ഞങ്ങൾ നമസ്ക്കരിച്ചു. നമസ്കരിക്കുമ്പോൾ ഇവർ ഞങ്ങളെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഇവർ പറഞ്ഞു, ആരാധനയിൽ ഒരു വ്യത്യാസവുമില്ലല്ലൊ, ഇവരുടെ ബാങ്ക് വേറെയാണ് നമസ്ക്കാരം വേറെയാണ് എന്ന് തെറ്റായി പ്രചരിച്ചതാണ്. അഹ്മദികൾ കൈ കെട്ടിയാണ് നമസ്ക്കരിക്കുന്നതെന്ന ഒരു വിത്യാസമേ ഉള്ളൂ. അവിടെയുള്ളവർ അധികപേരും ഹദ്റത്ത് ഇമാം മാലിക്കിൽ വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് കൈ കെട്ടാതെയാണ് നമസ്ക്കരിക്കാറുള്ളത്. ഈയൊരു വ്യത്യാസം മാത്രമേയുള്ളൂ. ചുരുക്കത്തിൽ ഈ രീതിയിലുള്ള ഒരു പരിചയമാണ് അവർക്കുണ്ടായത്. പക്ഷെ എന്നിട്ടും എതിർപ്പിൽ കുറവൊന്നും വന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവരെ നമസ്ക്കരിക്കുന്നതിൽ നിന്നും അവർ തടഞ്ഞതുമില്ല. നമസ്ക്കാരത്തിനുശേഷം ഇവർ തിരിച്ചുപോന്നു. ഇങ്ങനെയുള്ള അവസ്ഥയിലും കഴിഞ്ഞിട്ടുണ്ട്. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ജമാഅത്തിന് അടിത്തറയുണ്ടവുകയും അവിടെ ജമാഅത്ത് വ്യാപിക്കുകയുണ്ടായി.നമ്മുടെ മുബല്ലിഗുമാർ ചെയ്ത **തഫക്കഹു ഫിദ്ദീനി**ന്റെ യാഥാർത്ഥവും കർമ്മപരവുമായ പ്രകടനമായിരുന്നു ഇത്.

ചുരുക്കത്തിൽ,വഖ്ഫ് ചെയ്ത ഒരു വ്യക്തിക്ക് തന്റെ ആഗ്രഹങ്ങളെ ത്യാഗം ചെയ്യേണ്ടതായും കഷ്ടപ്പാടുകളെയും, ബുദ്ധിമുട്ടു

കളെയും അഭിമുഖീകരിക്കേണ്ടതായും വരുന്നു. ഞാൻ പറഞ്ഞതു പോലെ ഇന്നും ഈ മാതൃക നമുക്ക് ദർശിക്കാൻ സാധിക്കുന്നുണ്ട്. കാണുന്നുണ്ട്. എന്നാൽ നമ്മുടെ പുതുതായി വരുന്ന മുറബ്ബിമാരും മുബല്ലിഗീങ്ങളും വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ളവരും ഈ കാര്യങ്ങളെ മുൻനിറുത്തിക്കൊണ്ട് തങ്ങളുടെ പ്രവർത്തനരംഗത്തും, പഠനസമയത്തും ഈ രീതിയിൽ പ്രവർത്തിക്കേണ്ടതാണ്. പ്രവർത്തന രംഗത്ത് ഞങ്ങൾ കൊണ്ട് പോകേണ്ടത് ഈ വികാരത്തെയാണ് എന്ന ചിന്തയിൽ തങ്ങളെ തയ്യാറാക്കേണ്ടതാണ്. ജാമിഅയിലുള്ള ധാരാളം കുട്ടികൾ എന്റെ മുന്നിലിരിക്കുന്നുണ്ട്. ഇതില്ലാതെ കണ്ട് നമുക്ക് ദീനിനെ പ്രചരിപ്പിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇപ്പോൾ തന്നെ ഇതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങേണ്ടതാണ്. ഇതില്ലെങ്കിൽ പ്രവർത്തനരംഗത്ത് ഭയപ്പെട്ടുപോകയെന്നല്ലാതെ മറ്റൊന്നും തന്നെ പ്രവർത്തിക്കാൻ സാധിക്കുകയില്ല. ചില ഭാഗ്യദോഷികൾ അവരെ സ്ഥലമാറ്റിയിരിക്കുന്നുവെന്ന് കേൾക്കുമ്പോൾ തന്നെ, വഖ്ഫ് റദ്ദാക്കുകയോ,അല്ലെങ്കിൽ വഖ്ഫിൽ നിന്ന് പിന്നിലേക്ക് പോവുകയോ ചെയ്യുന്നു. അതുകൊണ്ട് ഈ ബുദ്ധിമുട്ടുകൾ സഹിക്കുന്നതിനുവേണ്ടി തങ്ങളെ ഇപ്പോൾ തന്നെ സജ്ജരാക്കുക. ഇപ്പോൾ തന്നെ തങ്ങളുടെ ബുദ്ധിമുട്ടുളെ കുറിച്ച് ചിന്തിക്കാൻ ജാമിഅയിൽ പഠിക്കുന്നവരോടാണ് ഞാൻ പ്രത്യേകമായി പറയുകയാണ്. ഇപ്പോൾ വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള അധികം കുട്ടികളും (എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നല്ലൊരു സംഖ്യയാണ്, എന്നാൽ വാഖിഫാനെ നൗ വ്വിന്റെ അടിസ്ഥാനത്തിൽ അല്ല.) ലോകത്തുള്ള പല സ്ഥലങ്ങളിൽ ഉള്ള ജാമിഅകളിൽ പഠിക്കുന്നവരാണ്. അവർ ആദ്യം തങ്ങളുടെ മാതാപിതാക്കളുടെ പ്രതിജ്ഞയേയും പിന്നീട് തങ്ങളുടെ പ്രതിജ്ഞയേയും, ജമാഅത്തിലെ മഹൽവ്യക്തികളുടെ ത്യാഗങ്ങളെയും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷകളെയും മുന്നിൽ വെക്കേണ്ടതാണ്. ഈ കാര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അല്ലാഹുവിനോട് ചെയ്തിട്ടുള്ള പ്രതിജ്ഞ പൂർത്തിയാക്കാൻ അങ്ങേയറ്റം പരിശ്രമിക്കേണ്ടതാണ്. ജീവിതം വഖ്ഫ് ചെയ്തിട്ടുള്ള ഓരോരുത്തരും മുന്നിൽ വെക്കേണ്ട ആത്മാർത്ഥതയുടെ പ്രത്യക്ഷമായ മാതൃക യാണിത്.

ഞാൻ മുമ്പ് പറഞ്ഞതുപോലെ, മുബല്ലിഗിനും, മുറബ്ബിക്കും ഒരു അഭിമാനമുണ്ടെന്നത് ഓർക്കുക. അതുകൊണ്ട് വിനയം കാണി

ക്കേണ്ടതാണ്. നിസംശയം വിനയം ഒരു മുബല്ലിഗിന് വളരെ ആവശ്യമാണ്. പക്ഷെ അഭിമാനത്തെയും പരിഗണിക്കേണ്ടതാണ്. മൗലവി സാഹിബ് ഉപദേശിച്ചതുപോലെ തങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ആരുടെ മുന്നിലും പറയാൻ പാടുള്ളതല്ല. തങ്ങളുടെ ആവശ്യങ്ങൾ എപ്പോഴും അല്ലാഹുവിന്റെ മുന്നിൽ വെക്കുക. അല്ലാഹു പൂർത്തിയാക്കിത്തിരുന്നതാണ് എന്നതിൽ എനിക്കും വ്യക്തിപരമായി അനുഭവമുണ്ട്. ഞാൻ ഘാനയിൽ മൈതാനിൽ താമസിച്ചുക്കൊണ്ടിരുന്നപ്പോൾ വളരെ ബുദ്ധിമുട്ടുള്ള അവസ്തയിലായിരുന്നു. ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക. ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിക്കുക, എന്നാൽ തന്റെ അഭിമാനത്തെ ഒരിക്കലും വിട്ടുകളഞ്ഞില്ല. ഇക്കാര്യം പുതുതായി വരുന്നവരോട് മാത്രമല്ല പറയുന്നത്, പ്രവർത്തനരംഗത്തുള്ള പഴയ ആളുകളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ മറന്നുപോകുന്നു, അല്ലെങ്കിൽ ഭൗതികരായ ആളുകളെ കണ്ടുകൊണ്ട് ആഗ്രഹങ്ങൾ വർദ്ധിക്കുന്നു. ജമാഅത്തിന്റെ ദൃഷ്ടിയിലും കേന്ദ്രത്തിന്റെ ദൃഷ്ടിയിലും ജമാഅത്തംഗങ്ങളുടെ ദൃഷ്ടിയിലും ഓരോ മുബല്ലിഗും ഖലീഫയുടെ പ്രതിനിധികളാണ്. അതുകൊണ്ട് ഈ പ്രാതിനിധ്യത്തിന് കോട്ടം തട്ടുന്ന വിധത്തിലുള്ള ഒരു ചലനവും ഉണ്ടാവാൻ പാടുള്ളതല്ല. ചിലപ്പോൾ നിർബന്ധിതസാഹചര്യത്തിൽ ഭാര്യാമക്കൾ കാരണമായി ചില ബുദ്ധിമുട്ടുകൾ പ്രകടമാകുന്നു. ജമാഅത്ത് കഴിവിന്റെ പരമാവധി മുബല്ലിഗീങ്ങൾക്ക് സൗകര്യം ചെയ്തുകൊടുക്കാൻ ശ്രമിക്കുന്നുണ്ട്, ശ്രമിക്കേണ്ടതുമാണ്. എന്നാൽ ഇക്കാലത്ത് സാമ്പത്തികപരമായ ദുരവസ്ഥ വർദ്ധിക്കുകയാണ്. പ്രത്യേകിച്ച് ദരിദ്രരാജ്യങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. വളരെ ശ്രമിച്ചിട്ടും വിലവർദ്ധവിനെ നേരിടുകയെന്നത് ബുദ്ധിമുട്ടായിത്തീരുന്നു. എന്നാൽ തങ്ങളുടെ ബുദ്ധിമുട്ടുകൾ ആരുടെ മുന്നിലും പ്രകടിപ്പിക്കാൻ പാടുള്ളതല്ലെന്നതിലാണ് ഓരോ മുബല്ലിഗിന്റെയും മുറബ്ബിയുടേയും അഭിമാനം നിലകൊള്ളുന്നത്. കരയണമെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ കരയുക. അവനോട് ചോദിക്കുക. ഞാൻ മുമ്പ് മഹത്‌വ്യക്തികളുടെ ഉദാഹരണം പറഞ്ഞുവല്ലൊ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നും ഈ വിധത്തിലുള്ള ത്യാഗങ്ങൾ നിലവിലുണ്ട്. എന്നാൽ ചിലർ അക്ഷമരാവുന്നു. ഞാൻ പറഞ്ഞതുപോലെ വഖ്ഫിൽ നിന്നും പിന്തിരിയു

ന്നു. മറ്റുള്ളവരെ കണ്ടുകൊണ്ട് തങ്ങളുടെ ആഗ്രഹങ്ങളും വർദ്ധിപ്പിക്കുകയാണെങ്കിൽ ഈ അവസ്ഥയാണ് ഉണ്ടായിത്തീരുക. ഇതു മൂലം വിഷമങ്ങൾ വർദ്ധിക്കുന്നു. നിങ്ങൾ നിങ്ങളുടെ കരങ്ങളെ, മറ്റുള്ളവരെ കണ്ടുകൊണ്ട് ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതിനായി നീട്ടുകയാണെങ്കിൽ ഒന്നുകിൽ വഖ്ഫ് റദ്ദാക്കുന്നു, അല്ലെങ്കിൽ കടക്കെണിയിലകപ്പെടുന്നു. തങ്ങളുടെ വരുമാനത്തിൽ നിന്നുകൊണ്ട് ജീവിക്കുകയെന്നത് ജീവിതം വഖ്ഫ് ചെയ്തവരുടെ ജോലിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, ഉള്ളതിൽ തൃപ്തിപ്പെട്ടുകൊണ്ട് ജീവിക്കുന്ന ശീലം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണെന്ന് വഖ്ഫ് ചെയ്തവരുടെ ഭാര്യമാരോടും ഞാൻ ഉപദേശിക്കുകയാണ്. കൂടാതെ തങ്ങളുടെ ഭർത്താക്കൻമാർക്ക് പൂർത്തിയാക്കാൻ സാധിക്കാത്തതും, അവരെ പരീക്ഷണത്തിൽ അകപ്പെടുത്തുന്നതുമായ ആവശ്യങ്ങൾ ഉന്നയിക്കുകയുമരുത്.

വഖ്ഫ് ചെയ്തിട്ടുള്ളവർ, പ്രത്യേകിച്ച് മുബല്ലിഗീങ്ങളും, മുറബ്ബിമാരും, ഏത് മഹത്തായ ജോലിക്ക് വേണ്ടിയാണോ, ഏത് മഹത്തായ യത്നത്തിനു വേണ്ടിയാണോ തങ്ങളെ സമർപ്പിച്ചിരിക്കുന്നത്, ആ കാര്യത്തിൽ, ആ തീവ്യമായ യത്നത്തിൽ അവരുടെ സഹായികളായി മാറുക എന്നതും അവരുടെ ഭാര്യമാരുടെ ഉത്തരവാദിത്വമാണ്. ഓരോ മുബല്ലിഗും മുറബ്ബിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശത്തെ എപ്പോഴും മുന്നിൽ കാണേണ്ടതാണ്, മദ്രസാ അഹ്മദിയ്യക്ക് തുടക്കം കുറിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി.

ഈ മദ്രസ ഇസ്‌ലാം പ്രചരിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി തീരട്ടെ. ഭൗതികമായ ജോലിയും, ഉദ്ദേശ്യലക്ഷ്യവും ഉപേക്ഷിച്ചു കൊണ്ട് ദീനീസേവനം ഏറ്റെടുത്തു അറബി ഭാഷയിലും മതപരമായ അറിവിലും നൈപുണ്യം നേടി ജീവിതം വഖ്ഫ് ചെയ്ത പണ്ഢിതരായിട്ടുള്ള കുട്ടികൾ പുറത്ത് വരട്ടെ. (മൽഫൂസാത്ത് വാള്യം -4, പേജ്-618,പുതിയ എഡിഷൻ)

അതായത് അറിവ് കരസ്ഥമാക്കാനും, മനസ്സിലാക്കാനുമുള്ള ഒരു ആവേശം അവരിൽ ഉണ്ടാകേണ്ടതാണ്. അല്ലാഹു നമ്മുടെ മുബല്ലിഗീങ്ങൾക്കും മുറബ്ബികൾക്കും ഈ കാര്യങ്ങൾ മുന്നിൽ വെച്ച് കൊണ്ട് പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

വഖ്ഫെ നൗവുമായി ബന്ധപ്പെട്ട ചില സംവിധാനപരമായ കാര്യ

ങ്ങൾ പറയാനാഗ്രഹിക്കുകയാണ്. വഖ്ഫെ നൗവിൽപ്പെട്ട ധാരാളം ആൺകുട്ടികളും പെൺകുട്ടികളും മതപരമായ അറിവ് കരസ്ഥമാക്കുന്നതിനായി ജാമിഅയിൽ പോകുന്നില്ല. മറിച്ച് മറ്റു പല മേഖലകളിലേക്കും പോകുന്നു. ജമാഅത്തിന് അത്തരം പലതരത്തിലുള്ള ഫീൽഡിൽ പോയി ജമാഅത്തിനു സേവനം ചെയ്യുന്ന വഖ്ഫ് ചെയ്തവരെയും ആവശ്യമുണ്ട്. അതുകൊണ്ട് പഠനത്തിന്റെ ഓരോ സ്റ്റേജിലും, വഖ്ഫെ നൗവിൽ പെട്ട കുട്ടികൾ കേന്ദ്രത്തിൽ നിന്ന് അഭിപ്രായം ആരായേണ്ടതാണ്. അതായത് ഞങ്ങൾ ഇന്നതാണ് പഠിച്ചത്, ഇതുവരെ എത്തിയിട്ടുണ്ട്, ഞങ്ങൾ ഇനി മുന്നോട്ട് എന്താണ് ചെയ്യേണ്ടത്. ഇനി ഞങ്ങൾ ഉദ്ദേശിക്കുന്നത് ഇവയൊക്കെയാണ്. എന്താണ് ചെയ്യേണ്ടത്? ഇതെല്ലാം ആരായേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ 15 വയസ്സിന് മുകളിലുള്ള 14500 വഖ്ഫെ നൗ ആൺകുട്ടികളും പെൺകുട്ടികളും ഉണ്ട്. മൊത്തത്തിലുള്ള അംഗസംഖ്യ 40000 ആണ്. ഒന്നാമത്തെ കാര്യം ഈ പ്രായത്തിൽ അവർ സ്വയം വഖ്ഫ് നിലനിർത്തുന്നുണ്ടോ ഇല്ലയോ എന്നുള്ള ഫോറം പൂരിപ്പിക്കേണ്ടതാണ്. കാരണം ഈ കാലം നല്ല രീതിയിൽ പക്വത കൈവന്നിട്ടുള്ള കാലമാണ്. ഈ വയസ്സിൽ വഖ്ഫിനെ നിലനിർത്തണമോ, വേണ്ടയോയെന്ന് ചിന്തിച്ച് തീരുമാനമെടുക്കേണ്ടതാണ്. ആദ്യം മാതാപിതാക്കളാണ് കുട്ടികളെ വഖ്ഫ് ചെയ്യുന്നത്. എന്നാൽ ഇപ്പോൾ ജീവിതം വഖ്ഫ് ചെയ്ത കുട്ടികൾ, സ്വയം ചെയ്യേണ്ടതാണ്. വഖ്ഫ് നിലനിർത്താനാണെങ്കിൽ കേന്ദ്രം അത് അറിയേണ്ടതാണ്. പിന്നെ ഞങ്ങൾ ഇനി എന്താണ് ചെയ്യേണ്ടതെന്നുമുള്ള മാർഗ്ഗനിർദ്ദേശവും ആവശ്യപ്പെടേണ്ടതാണ്. ഞങ്ങൾ ജാമിഅയിൽ പോകുന്നില്ല. പക്ഷെ ഇന്നിന്ന താൽപര്യങ്ങളാണുള്ളത്. ഞങ്ങൾക്ക് പഠനത്തിൽ ഇന്ന ആഗ്രഹമാണുള്ളത്. അതുകൊണ്ട് ഞങ്ങൾ എന്താണ് പഠിക്കേണ്ടതെന്നുള്ള മാർഗദർശനം നൽകിയാലും. ഞാൻ പറഞ്ഞതുപോലെ നിങ്ങളുടെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കാം. പക്ഷെ അത് (കേന്ദ്രത്തെ) അറിയിക്കേണ്ടതാണ്. അപ്പോൾ മർക്കസിൽ നിന്ന് അവർക്ക് വിവിധ സന്ദർഭങ്ങളിൽ മാർഗദർശനം ലഭിച്ചുകൊണ്ടിരിക്കുന്നതാണ്.

ഞാൻ പറഞ്ഞതുപോലെ, ഇക്കാര്യത്തിൽ വഖ്ഫെ നൗ സെക്രട്ടറിയും ഊർജ്ജ്വസലതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇവർ ഊർജ്ജ്വസലതയോടെ കർമ്മനിരതരാവുകയാണെങ്കിൽ

ബന്ധപ്പെട്ട ജമാഅത്തിലുള്ള വഖ്ഫെ നൗ കുട്ടികളുടെ വിവരങ്ങൾ കേന്ദ്രത്തിന് അറിയിച്ചുകൊണ്ടിരിക്കേണ്ടതാണ്. പിന്നെ എന്താണ് ചെയ്യേണ്ടത്, എന്താണ് ചെയ്യാൻ പാടില്ലാത്തത്, അല്ലെങ്കിൽ ഇന്നി എന്താണ് പഠിക്കേണ്ടത്, അതല്ല പഠനം പൂർത്തിയാക്കിയതിനു ശേഷം കേന്ദ്രത്തിൽ വന്നുകൊണ്ട് സേവനം ചെയ്യണമോ എന്ന കാര്യങ്ങൾ കേന്ദ്രം പറഞ്ഞുതരുന്നതാണ്. സ്വയം തീരുമാനമെടുക്കുക എന്നത് വഖ്ഫെ നൗ കുട്ടികളുടേയും മാതാപിതാക്കളുടേയും ജോലിയല്ല. ഇനി സ്വയം തീരുമാനിക്കുകയാണെങ്കിൽ, ഞാൻ വഖ്ഫെ നൗവിൽ നിൽക്കാൻ ആഗ്രഹിക്കുന്നില്ലയെന്ന് തീരുമാനിച്ചിരിക്കുന്നു എന്ന കാര്യവും അറിയിക്കേണ്ടതാണ്. തന്മൂലം അവനെ വഖ്ഫെ നൗ ലിസ്റ്റിൽ നിന്നും ഒഴിവാക്കാവുന്നതാണ്. 15 വയസ്സുള്ള കുട്ടികൾ തങ്ങളുടെ ഫോറം പൂരിപ്പിച്ചു കഴിഞ്ഞാൽ പിന്നെ തിരിച്ചുപോകാൻ പാടില്ല എന്നുള്ളതായിരുന്നു ഇതുവരെയുള്ള നിർദ്ദേശം. എന്നാൽ ഞാൻ ഈ വാതിലും തുറന്നുതരുകയാണ്. അതായത് ഞങ്ങൾ പഠനം പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു, ഞങ്ങൾ വഖ്ഫിൽ നിലനിൽക്കാൻ ആഗ്രഹിക്കുന്നുണ്ട്, അല്ലെങ്കിൽ ആഗ്രഹിക്കുന്നില്ലയെന്ന കാര്യം, പഠനം പൂർത്തിയാക്കി കഴിഞ്ഞാൽ വീണ്ടും എഴുതി കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. ഇത് എഴുതിപ്പിക്കുക എന്നത് സെക്രട്ടറിമാരുടെ ജോലിയാണ്. 15 വയസ്സിന് മുകളിലുള്ള വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള 10 ശതമാനം കുട്ടികൾ, ഏകദേശം 1426 കുട്ടികൾ ലോകത്തുള്ള പല ജാമിഅകളിലും മതപരമായ പഠനം നടത്തുന്നവരാണ്. 90 ശതമാനം കുട്ടികളും ഇതര വിദ്യാഭ്യാസം കരസ്ഥമാക്കുന്നവരാണ്. അവർ കോളേജുകളിലോ യൂനിവേർസിറ്റികളിലോ പഠിക്കുന്നവരോ, പഠനം ഉപേക്ഷിച്ചവരോ, അല്ലെങ്കിൽ തൊഴിലധിഷ്ഠിതമായ പഠനം നടത്തുന്നവരോ ആണ്. ഇതിനെ സംബന്ധിച്ചും വളരെ കൃത്യമായ റിപ്പോർട്ട് തയ്യാറാകേണ്ടതാണ്. ഈ 90 ശതമാനം വഖ്ഫെ നൗ കുട്ടികൾ എന്താണ് ചെയ്യുന്നതെന്ന് കേന്ദ്രത്തെ കൃത്യമായി അറിയിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഈ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിലേക്ക് അയക്കാൻ എല്ലാ വഖ്ഫെ നൗ സെക്രട്ടറിമാരോടും ഞാൻ പറയുകയാണ്.

അപ്രകാരം തന്നെ വഖ്ഫെ നൗവിൽ ഉൾപെട്ടിട്ടുള്ള കുട്ടികൾ അവർ ജാമിഅയിൽ പഠിക്കുന്നവരാണെങ്കിലും, ഭൗതീകമായ

വിദ്യാഭ്യാസം കരസ്ഥമാക്കുന്നവരാണെങ്കിലും മതപരമായ അറിവ് കരസ്ഥമാക്കുക എന്നത് നിർബന്ധമാണ്. അവർക്ക് വേണ്ടി സിലബസ്സും തയ്യാറാക്കിയിട്ടുണ്ട്. അത് 15 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള സിലബസ്സായിരുന്നു. എന്നാൽ ഇപ്പോൾ 19 വയസ്സുവരെയുള്ള കുട്ടികൾക്കായുള്ള സിലബസ്സും തയ്യാറാക്കിയിട്ടുണ്ട്. അത് പഠിക്കുകയും അതിന്റെ പരീക്ഷ നടത്തുകയും ചെയ്യുക എന്നത് നിർബന്ധമായ കാര്യമാണ്. 19 വയസ്സ് വരെയുള്ള സിലബസ്സ് 20 വയസ്സ് വരെ നീട്ടാവുന്നതാണ്. ഇതിൽ 100 ശതമാനം വഖ്ഫെ നൗ കുട്ടികളും പങ്കെടുക്കുന്നുണ്ടോ എന്ന് നോക്കേണ്ടത് സെക്രട്ടറി വഖ്ഫെ നൗവിന്റെ ഉത്തരവാദിത്തമാണ്. അവരുടെ പരീക്ഷ നടത്തി അതിന്റെ ഫലം കേന്ദ്രത്തിലേക്ക് അയച്ചുതരേണ്ടതാണ്.

പല സന്ദർഭങ്ങളിലും ഇവിടെ കേന്ദ്രത്തിൽ നിന്ന് വഖ്ഫെ നൗവുമായി ബന്ധപ്പെട്ടിട്ടുള്ള നിർദേശങ്ങൾ അയക്കാറുണ്ട്. എന്നാൽ ചില ജമാഅത്തുകൾ എന്നല്ല അധിക ജമാഅത്തുകളും അതിന് മറുപടി അയക്കുന്നില്ല. അതുകൊണ്ട് മുമ്പും പല കാര്യങ്ങൾ സർക്കുലർ മുഖേന ജമാഅത്തിനെ അറിയിച്ചതാണെങ്കിലും ഓർമ്മപ്പെടുത്തുന്നതിനു വേണ്ടി ആ നിർദേശങ്ങൾ വീണ്ടും പറയുകയാണ്. അതിലൊന്ന് വഖ്ഫെ നൗവിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിർബന്ധമായ കാര്യം, ഒന്ന് കുട്ടി ജനിക്കുന്നതിനു മുമ്പ് മാതാപിതാക്കൾ എഴുത്ത് മുഖേന ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സമക്ഷത്തിൽ അപേക്ഷ സമർപ്പിക്കുകയെന്നതാണ്. ചിലപ്പോൾ കുട്ടികൾ ജനിച്ചതിനുശേഷമാണ് മാതാപിതാക്കൾ, ഞങ്ങൾ മറന്നുപോയി, ചില തടസ്സങ്ങൾ നേരിട്ടു എന്നും പറഞ്ഞ് അപേക്ഷ നൽകുന്നത്. ഇതൊരിക്കലും ശരിയല്ല. തുടക്കത്തിൽ തന്നെ നൽകേണ്ടതാണ്. തുടക്കത്തിൽ തന്നെ അപേക്ഷ നൽകിയവരുടെ അപേക്ഷകളാണ് സ്വീകരിക്കുന്നത്. ഈയൊരു രീതിയാണ് വഖ്ഫെ നൗ ഡിപ്പാർട്ട്മെന്റ് ആദ്യദിനം തൊട്ട് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഒരു കാര്യം കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്, അതായത് വഖ്ഫ് ചെയ്തുകൊണ്ടുള്ള അപേക്ഷ അയക്കുമ്പോൾ അതിൽ അവരുടെ മറ്റുള്ള പ്രശ്നങ്ങളും എഴുതുന്നു. അതുമായി ബന്ധപ്പെട്ടിട്ടുള്ള വകുപ്പുകൾ വേറെയാണ്. അവരാണ് അതിന് മറുപടി നൽകേണ്ടത്. വഖ്ഫെ നൗവുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾക്ക് വഖ്ഫെ നൗ ഡിപ്പാർട്ടുമെന്റ് മറുപടി നൽകുന്നതാണ്.

അതുകൊണ്ട് കുട്ടികളെ വഖ്ഫ് ചെയ്തുകൊണ്ട് കത്തയക്കുന്ന സ്ത്രീകളും പുരുഷൻമാരും അവർക്ക് മറ്റ് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് വേറെ കത്തിൽ എഴുതേണ്ടതാണ്.

അതുപോലെ വഖ്ഫ് ചെയ്യുന്ന കുട്ടികളുടെ മാതാപിതാക്കളാണ് അപേക്ഷ നൽകേണ്ടത്. അല്ലാതെ അവരുടെ ബന്ധുക്കളുടെ അപേക്ഷ സ്വീകരിക്കുന്നതല്ല. കുട്ടികളെ വഖ്ഫ് ചെയ്ത്കൊണ്ട് ദുആ ചെയ്യേണ്ടത് നിങ്ങളാണ്. അതുകൊണ്ട് മാതാപിതാക്കളാണ് അപേക്ഷ നൽകേണ്ടത്. അവർക്ക് തർബിയത്തും തഅ്ലീമും (ശിക്ഷണവും, വിദ്യാഭ്യാസവും) നൽകുക എന്നത് നിങ്ങളുടെ ഉത്തരവാദിത്ത്വമാണ്.

ആഫ്രിക്കയെപ്പോലുള്ള ചില രാജ്യങ്ങൾ നിർദേശങ്ങൾക്കനുസൃതമായി പൂർണ്ണമായും പ്രവർത്തിക്കുന്നില്ല. അവരുടെ രജിസ്റ്ററിൽ കുട്ടി ജനിച്ചതിനുശേഷം വഖ്ഫെ നൗവിൽ ഉൾപ്പെടുത്താൻ പറയുന്നു. അങ്ങനെ കുട്ടിയുടെ പേര് അതിൽ എഴുതുന്നു. എന്നിട്ട് പറയുന്നു, കുട്ടി വഖ്ഫെ നൗവിൽ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ ഏതുവരെ കേന്ദ്രത്തിൽ നിന്ന് വഖ്ഫെ നൗവിൽ ഉൾപ്പെട്ടതായി ക്ലിയറൻസ് ലഭിക്കുന്നില്ലയോ അതുവരെ ഒരു കുട്ടിയും വഖ്ഫെ നൗവിൽ ഉൾപ്പെടുന്നതല്ല. ജനിച്ചതിനുശേഷമുള്ള കാര്യത്തെക്കുറിച്ചു ചോദ്യം തന്നെ ഉദിക്കുന്നില്ല. അപ്രകാരം തന്നെ തങ്ങളുടെ ഏതെങ്കിലും ബന്ധുവിന്റെയോ, സഹോദരന്റെയോ, കുട്ടികളെ ദത്തെടുക്കുകയാണെങ്കിൽ ആ കുട്ടികളെ കുറിച്ചും ജനിക്കുന്നതിനു മുമ്പെ വഖ്ഫെ നൗവിൽ ഉൾപ്പെടുത്തേണ്ടതാണെന്ന കാര്യം കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. നിങ്ങൾ ദത്തെടുത്തതായിരിക്കാം എന്നിരുന്നാലും ആ കുട്ടി യഥാർത്ഥത്തിൽ ആരുടെ കുട്ടിയാണോ അയാളുടെ പേരായിരിക്കും കുട്ടിയുടെ പിതാവിന്റെ പേരായി എഴുതേണ്ടത്.

അതുപോലെ തന്നെ കുട്ടി ജനിച്ചതിനുശേഷം കേന്ദ്രത്തിലെ റെക്കോർഡിൽ കുട്ടിയുടെ പേരും നമ്പറും മാതാപിതാക്കൾ രേഖപ്പെടുത്തേണ്ടത് നിർബന്ധമാണ്. ചിലപ്പോൾ മാതാപിതാക്കൾ വളരെ കാലം കഴിഞ്ഞാലും രേഖപ്പെടുത്താറില്ല. ഓർമ്മപ്പെടുത്തിയാലും രേഖപ്പെടുത്താറില്ല. പിന്നീട് കുറെ വർഷങ്ങൾക്ക് ശേഷം തങ്ങളുടെ റിക്കാർഡ് പൂർത്തിയല്ല എന്ന പരാതിയുമായി വരുന്നു. ഈ ഉത്തരവാദിത്ത്വം മാതാപിതാക്കളുടേതാണ്.

അതുപോലെ കുട്ടിക്ക് 15 വയസ്സ് പൂർത്തിയായാൽ ദേശീയവും തദ്ദേശിയവുമായ വഖ്ഫെ നൗ സെക്രട്ടറി സാഹിബ് കുട്ടിയുടെ വഖ്ഫ് പുതുക്കേണ്ടതാണ്. ഈ കാര്യം ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതാണ്. കോളേജിലും യൂണിവേഴ്സിറ്റിയിലും പഠനം പൂർത്തിയാക്കിയതിനു ശേഷവും പുതുക്കേണ്ടതാണ് എന്നാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. എന്തുകൊണ്ടെന്നാൽ ഈ റിക്കാർഡ് അപ്റ്റുഡേറ്റ് ചെയ്യേണ്ടതും അത് കൃത്യമായി വെക്കേണ്ടുന്ന ആവശ്യവുമുണ്ട്. ഇതില്ലാതെ കണ്ട് നമുക്ക് നമ്മുടെ പദ്ധതികളെ കുറിച്ചും ജമാ അത്തിന്റെ ആവശ്യങ്ങളെക്കുറിച്ചും ഏകദേശം ഊഹിക്കാൻ സാധിക്കുകയില്ല. ഏതൊക്കെ വിഭാഗത്തിൽ എത്രപേരെ ആവശ്യമുണ്ടെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. ചിലപ്പോൾ കുട്ടികൾ വികലാംഗരായി ജനിക്കുന്നു. അതുകാരണം മാതാപിതാക്കൾക്ക് വളരെയധികം വിഷമം അനുഭവിക്കേണ്ടതായി വരുന്നു. അത്തരം അവസ്ഥകളിലും കുട്ടി വഖ്ഫെ നൗവിൽ ഉൾപ്പെടുകയില്ല. ഇത് മാതാപിതാക്കളെ സംബന്ധിച്ച് രണ്ട് തരത്തിലുള്ള ദുഃഖത്തിന് കാരണമായിത്തീരുന്നു. അത്തരം മാതാപിതാക്കൾക്ക് അല്ലാഹു പകരം മക്കളെ നൽകി അനുഗ്രഹിക്കുമാറാകട്ടെ.

അതുപോലെ തന്നെ എന്തെങ്കിലും കാരണമായി മാതാപിതാക്കൾ ശിക്ഷാ നടപടിക്ക് വിധേയമായിട്ടുണ്ടെങ്കിൽ - പൊതുവായി കാണാറുള്ളത്, ജമാഅത്തിന്റെ കാര്യം അംഗീകരിച്ചില്ല, അല്ലെങ്കിൽ ജമാഅത്തിന്റെ തീരുമാനത്തെ, ജമാഅത്തിന്റെ സംസ്കാരത്തെ പ്രാവർത്തികമാക്കിയില്ല - അത്തരം മാതാപിതാക്കളുടെ കുട്ടികളെ വഖ്ഫെ നൗ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കാരണം ഏതൊരു മാതാപിതാക്കളാണോ ജമാഅത്തിനെ പരിപൂർണ്ണമായി അനുസരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന കാര്യത്തിൽ പൂർണ്ണമായും ആ മാനദണ്ഡത്തിൽ എത്താത്തത് അത്തരം മാതാപിതാക്കൾക്ക് തങ്ങളുടെ മക്കൾക്ക് എങ്ങനെ തർബ്ബിയ്യത്ത് നൽകാൻ കഴിയും. അതുകൊണ്ട് എവിടെയെങ്കിലും ഇത്തരത്തിലുള്ള കാര്യം ഉണ്ടെങ്കിൽ, ആർക്കെങ്കിലും ശിക്ഷാനടപടി ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ഉടനെ തന്നെ കേന്ദ്രത്തിന് വിവരം നൽകേണ്ടത് വഖ്ഫെ നൗ സെക്രട്ടറിമാരുടെ ചുമതലയാണ്.

യൂനിവേഴ്സിറ്റിയിൽ പഠിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ആദ്യം അനുവാദം വാങ്ങണമെന്ന് ഞാൻ മുമ്പ് പറഞ്ഞുവല്ലൊ. യൂനി

വേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയിട്ടുള്ളവർ വഖ്ഫിൽ നില നിൽക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ യഥാസമയം അവർ ജമാ അത്തുമായി ബന്ധപ്പെട്ടുക്കൊണ്ടിരിക്കേണ്ടതാണ്. ഇത്ര വർഷമായി ജോലി ചെയ്യുന്നുവെന്നും കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. അധികം ആളുകൾക്കും ജോലി തുടർന്നും ചെയ്തുക്കൊണ്ടിരിക്കാനുള്ള അനുവാദം നൽകാറുണ്ട്. ജമാഅത്തിന് ആവശ്യം നേരിടുമ്പോൾ വിളിക്കുന്നതാണ്. പക്ഷെ അവരെ സംബന്ധിച്ച് എല്ലാ വർഷവും അറിയിച്ചുകൊണ്ടിരിക്കേണ്ടത് അവരുടെ കടമയാണ്. ഉയർന്ന വിദ്യാഭ്യാസം കരസ്ഥമാക്കാൻ കഴിയാത്തവരും, എന്നാൽ മറ്റു പല തൊഴിൽ മേഖലകളിൽ ഉള്ളവരും, വിവിധ തരത്തിലുള്ള സ്കിൽസിൽ പ്രഫഷണലായിട്ടുള്ളവരും അവരുടെ വിദ്യാഭ്യാസം കഴിഞ്ഞതിനു ശേഷം അവരുടെ ഡിപ്ലോമായെയും ട്രെനിംങ്ങിനെയും കുറിച്ച് കേന്ദ്രത്തെ അറിയിക്കേണ്ടതാണ്.

അല്ലാഹു വഖ്ഫ് ചെയ്ത എല്ലാ ആൺകുട്ടികളെയും, പെൺകുട്ടികളെയും, ജമാഅത്തിന് പ്രയോജനപ്രദമായ വ്യക്തിത്വങ്ങളാക്കി തീർക്കട്ടെ. ജമാഅത്തിന്റെയും സമൂഹത്തിന്റെയും അമാനത്തുകളായിട്ടുള്ള ഇവർക്ക് ശരിയായ രീതിയിൽ തർബ്ബിയ്യത്ത് കൊടുക്കുവാൻ സാധിക്കുന്നതിനും, പ്രയോജനപ്രദമായ വ്യക്തിത്വങ്ങളാക്കിത്തീർക്കുന്നതിനും നാം സഹായികളായിമാറുകയും ചെയ്യുമാറാകട്ടെ.

( ഖുത്വുബ വിവർത്തനം എം.സഫർ അഹ്മദ് )

# വഖ്ഫെ നൗ പദ്ധതിക്ക് വേണ്ടി ഹുസൂർ തിരുമനസ്സിന്റെ പുതിയ നിർദ്ദേശങ്ങൾ

1. വഖ്ഫെ നൗ കുട്ടികളെ കുറിച്ച് ഹുസൂർ തിരുമനസ് പറഞ്ഞു:

വഖ്ഫെ നൗ ഒരു അലങ്കാര ചിഹ്നമല്ല. വഖ്ഫെ നൗ കുട്ടികളെ തയ്യാറാക്കിയെടുക്കുക. വഖ്ഫെ നൗ കുട്ടികളും തയ്യാറാവുക. എന്നിട്ട് സ്വയം ജമാഅത്തിനു വേണ്ടി സമർപ്പിക്കുക. ഏതോ ഒരു വഖ്ഫെ നൗ ബാങ്കിൽ ജോലി ചെയ്യുന്നു. മറ്റൊരാൾ സ്വന്തമായി ജോലിചെയ്യുന്നു. പിന്നെ വഖ്ഫിന്റെ ഉദ്ദേശ്യമെന്താണ്. തഅ്ലീം വകുപ്പും, ഇസ്‌ലാഹ് വ ഇർഷാദും, കീഴ്ഘടകങ്ങളും ചേർന്ന് ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. വഖ്ഫെ നൗവിനെയും, യുവതലമുറയെയും സംരക്ഷിച്ചു കൊണ്ട് തയ്യാറാക്കിയെടുക്കുക.

(QND -7858/10-08-11)

2. എല്ലാ വഖ്ഫെ നൗ കുട്ടികൾക്കും നല്ലരീതിയിൽ തർബിയ്യത്ത് നൽകാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. അതോടൊപ്പം തന്നെ, ഓരോ വഖ്ഫെ നൗ കുട്ടിയും പഠിച്ചുകൊണ്ടിരിക്കുന്ന സമയത്ത് വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലും ജമാഅത്തിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണെന്നും, ജമാഅത്തിനു ഗുണകരമാകുന്ന ഏതു വിദ്യാഭ്യാസമാണ് അവർക്ക് നൽകേണ്ടതെന്ന് തീരുമാനിക്കേണ്ടത് ജമാഅത്തു തന്നെയാണെന്നും, അവർക്ക് സ്വയം വിദ്യാഭ്യാസം നേടാനോ, അല്ലെങ്കിൽ ഏതെങ്കിലും ജോലിക്ക് പോകാനുള്ള തീരുമാനം എടുക്കാനോ ഉള്ള അവകാശം വഖ്ഫെ നൗ കുട്ടിക്കോ, അവരുടെ മാതാപിതാക്കൾക്കോ ഇല്ല. അതിനുള്ള അനുവാദവുമില്ലയെന്ന കാര്യം അവർക്ക് പൂർണ്ണമായും വ്യക്തമാക്കികൊടുക്കേണ്ടതാണ്. (QDN-7764/4-8-11)

**3**. ഒരു വഖ്ഫെ നൗ കുട്ടിയുടെ പ്രശ്നം ഹുസൂർ തിരുമനസ്സിന്റെ മുന്നിൽ വന്നപ്പോൾ ഹുസൂർ പറഞ്ഞു:

ഇദ്ദേഹത്തിന്റെ മകനെ വഖ്ഫെ നൗവിൽ നിന്ന് ഒഴിവാക്കുക. അവർ ചെയ്യാൻ ആഗ്രഹിക്കുന്നത് ചെയ്തു കൊള്ളട്ടെ. ജമാഅത്ത് ഒരു സഹായവും ചെയ്യുന്നതല്ല. (QDN-8879/25-10-11)

**4. 22-10-10** ഹുസൂർ ചെയ്ത ഖുത്ബ എല്ലാ വഖ്ഫെ നൗ മാതാപിതാക്കൾക്കും എത്തിച്ചുകൊടുക്കുക. ജമാഅത്തിൽ ഇടക്കിടക്ക് വായിക്കുകയും ചെയ്യുക. നമുക്കെല്ലാവർക്കും ഇതിൽ ഒരു പ്രവർത്തന രൂപരേഖയുണ്ട്.

**5.** അൽഫസൽ ഇന്റർനാഷണലിൽ വഖ്ഫെ നൗ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹുസൂർ തിരുമനസുമായിട്ടുള്ള റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട് നിങ്ങളുടെ ജമാഅത്തിലെ മുബല്ലിഗ്/മുഅല്ലിമീങ്ങൾ ആ റിപ്പോർട്ട് വായിക്കുകയും, അത് സ്വന്തം ഭാഷയിലേക്ക് തർജുമ ചെയ്യുകയും ചെയ്യട്ടെ. ഇതിലൂടെ ഓരോ വഖ്ഫെ നൗ കുട്ടിയുടെയും മാതാപിതാക്കൾക്ക് ഹുസൂറിന്റെ നിർദ്ദേശങ്ങൾ മനസ്സിലാക്കാവുന്നതാണ്.

6. നിസാബ് വഖ്ഫെ നൗ ഉറുദുവിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വഖ്ഫെ നൗ കുട്ടികളും അവരുടെ മാതാപിതാക്കളും അത് വായിക്കേണ്ടതാണ്. ജമാഅത്തുകളിൽ നടക്കുന്ന വഖ്ഫെ നൗ ക്ലാസുകളിൽ എല്ലാ വഖ്ഫെ നൗ കുട്ടികളും പങ്കെടുക്കേണ്ടതാണ്.

7. എം.ടി.എ യിൽ എല്ലാ ശനിയാഴ്ച്ചയും, ഞായറാഴ്ചയും വരുന്ന ഹുസൂർ തിരുമനസിന്റെ വഖ്ഫെ നൗ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ക്ലാസുകൾ അനിവാര്യമായും കണേണ്ടതാണ്.

8. ഓരോ മേഖലയിലും ക്യാരിംഗ് പ്ലാനിംഗ് കമ്മിറ്റിക്ക് രൂപം നല്കിയിട്ടുണ്ട്. 10-ാംക്ലാസ്സിലും, പന്ത്രണ്ടാം ക്ലാസ്സിലും, അതുപോലെ തന്നെ ബിരുദത്തിന്റെ അവസാന വർഷം പഠിക്കുന്ന കുട്ടികളും ഈ കമ്മിറ്റിയുമായി ബന്ധപ്പെടേണ്ടതാണ്. ക്യാരിംഗ് പ്ലാനിംഗ് കമ്മിറ്റി നിരീക്ഷണം നടത്തി ആ റിപ്പോർട്ട് തഅ്ലീം വകുപ്പിലേക്ക് അയക്കേണ്ടതാണ്. കേന്ദ്രത്തിന്റെ നിർദ്ദേശാനുസരണമായിരിക്കണം ഒരു വഖ്ഫെ നൗ കുട്ടി മുന്നോട്ടുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടത്.

**9.** 2003ൽ ഹുസൂർ തിരുമനസിന്റെ ഖുതുബയുടെ അടിസ്ഥാനത്തിൽ 10 ൽ കൂടുതൽ വഖ്ഫെ നൗ കുട്ടികളുള്ള ഇന്ത്യയിലെ ജമാത്തുകളിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(1. സദർ കമ്മറ്റി- പ്രസിണ്ടന്റ്/സദർ, 2. സെക്രട്ടറി വഖ്ഫെ നൗ, 3. സെക്രട്ടറി തഅ്ലീം, 4. ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യ, 5. സദർ

ലജ്ന ഇമായില്ല, 6.ജമാഅത്തിലെ മുറബ്ബി.) ഈ കമ്മിറ്റിയെ പ്രവർത്തന സജ്ജമാക്കേണ്ടതാണ്. കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഉടനെ തന്നെ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്.

10.ജാമിഅ അഹ്മദിയ്യയിലും, ജാമിഅത്തുൽ മുബശ്ശിരീനിലും വഖ്ഫ് ചെയ്ത കുട്ടികൾക്കും, വഖ്ഫ് ചെയ്യാത്ത കുട്ടികൾക്കും പ്രവേശനത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ട ഉത്തരവാദിത്തം ജമാഅത്തിന്റെതാണ്. കേന്ദ്രത്തിന്റേതല്ല.

നിസാറത്ത് തഅ്ലീം അഡ്മീഷനു വേണ്ടി തയ്യാറെടുപ്പുകൾ നടത്തുന്നതിനായി വേനലവധിയിൽ ഒരു കോച്ചിംഗ് ക്ലാസ് സംഘടിപ്പിക്കുന്നതുവേണ്ടി മാർഗ്ഗനിർദ്ദേശം ആവശ്യപ്പെട്ടുകൊണ്ട് ഹുസൂർ തിരുമനസ്സിന് അപേക്ഷിച്ചപ്പോൾ ഹുസൂർ താഴെ പറയും പ്രകാരം മറുപടി നൽകി.

കോച്ചിംഗ് ക്ലാസിന്റെ ആവശ്യമില്ല. അഡ്മിഷനു മുമ്പായി അഡ്മിഷന്റെ മിനിമം മാനദണ്ഢത്തെ കുറിച്ചും, അത് പൂർത്തീകരിച്ചാൽ മാത്രമെ അഡ്മിഷൻ കിട്ടുകയുള്ളുവെന്ന കാര്യവും സ്ഥിരമായി ജമാഅത്തുകളിൽ ജുമുഅയിലും, മറ്റു പ്രസിദ്ധീകരണങ്ങളിലും നൽകേണ്ടതാണ്. മുറബ്ബികളുടെയും, മുഅല്ലിമീങ്ങളുടെയും സെക്രട്ടറിമാരുടെയും സ്ഥിരമായ ജോലി ഇവരെ ജമാഅത്തുകളിൽ തയ്യാർ ചെയ്യുകയെന്നതാണ്. ഓരോ കാര്യത്തിനും കേന്ദ്രം എന്തിനാണ് ഉത്തരവാദിത്തം ഏറ്റെടുക്കുന്നത്. അഡ്മിഷന്റെ മാനദണ്ഢങ്ങൾ കട്ടിയുള്ളതാക്കുക. ഈ മാനദണ്ഢമനുസരിച്ച് ഒരാൾ പോലും എത്തിച്ചേരുന്നില്ലായെങ്കിൽ തീർച്ചയായും അഡ്മിഷൻ വേണ്ട. അടുത്ത വർഷം നല്ല കുട്ടികളെ കിട്ടുക തന്നെ ചെയ്യും. ഇൻശാ അല്ലാഹ് . (Qnd-8102/23-8-11)

വഖ്ഫെ നൗ പെൺകുട്ടികളെ സംബന്ധിച്ചുള്ള ഹുസൂർ തിരുമനസ്സിന്റെ പുതിയ നിർദ്ദേശങ്ങൾ :

ഇന്ത്യയിലെ ജമാഅത്തുകളിൽ നിന്ന്, വഖ്ഫെ നൗ പെൺകുട്ടികളുടെ മാതാപിതാക്കൾ അവരുടെ പഠനത്തെകുറിച്ചും, വിവാഹത്തെ കുറിച്ചും പല സന്ദർഭങ്ങളിലായി നിർദ്ദേശങ്ങൾ ഞങ്ങളോട് (ഓഫീസിൽ നിന്ന്) ആരാഞ്ഞു കൊണ്ടിരിക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് നസാറത്ത് തഅ്ലീം(വിദ്യാഭ്യാസ വകുപ്പ്) ഹുസൂർ തിരുമനസ്സിന്റെ ഉദ്ദേശ്യം എന്താണോ മനസ്സിലാക്കിയിട്ടുള്ളത്

അതിന്റെ വെളിച്ചത്തിൽ മതാപിതാക്കൾക്ക് ഇപ്രകാരം നിർദ്ദേശങ്ങൾ നല്കിവരുന്നു. അതായത്, ഒരു വഖ്ഫെ നൗ പെൺകുട്ടിക്ക് ഏതുവരെ പഠിക്കാൻ കഴിയുമോ, അതുവരെ മാതാപിതാക്കൾ പഠിപ്പിക്കേണ്ടതാണ്. പഠിച്ചുക്കൊണ്ടിരിക്കുമ്പോൾ തന്നെ നല്ല വിവാഹം വന്നാൽ (അത് വഖ്ഫെ നൗ ആണെങ്കിലും, അല്ലെങ്കിലും) വിവാഹത്തിന് അനുവാദം ഉണ്ട്. വിവാഹത്തിനു ശേഷവും പഠനം തുടരാവുന്നതാണ്. വിവാഹത്തിനു ശേഷം ഏതു ജമാഅത്തിലാണോ, ഏത് നാട്ടിലാണോ പോകുന്നത് അവിടെ ചെന്നതിനു ശേഷം ഹുസൂർ തിരുമനസ്സിന്റെ മാർഗ്ഗദർശനവും, നിർദ്ദേശവുമനുസരിച്ച് ആ ജമാഅത്തിൽ ആവശ്യാനുസരണം സേവനം ചെയ്യാവുന്നതാണ്. അവരിൽ വഖ്ഫിന്റെ ആത്മാവ് ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ അവരുടെ ഗാർഹീകപരമായ ഉത്തരവാദിതത്തോടൊപ്പം ഏത് നാട്ടിലാണോ ജമാഅത്തിലാണോ അവർ താമസിക്കുന്നത് അവിടെ വാഖിഫാത്ത് നൗ ആയിട്ട് സേവനം ചെയ്യാൻ സാധിക്കുന്നതാണ്.

പ്രിയപ്പെട്ട ഹുസൂർ നസാറത്ത് തഅ്ലീം (വിദ്യാഭ്യാസ വകുപ്പ്) എടുത്തിരിക്കുന്ന ഈ സ്റ്റാൻഡ് ശരിയാണോ? വാഖിഫാത്തെ നൗവുമായി ബന്ധപ്പെട്ട് യഥാർത്ഥ മാർഗ്ഗദർശനം നൽകിയനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ഹുസൂർ: പറഞ്ഞു ശരിയാണ്.

(QND-1995/11-06-10)